VII റിപ്പോർട്ട് പരിഗണന

കാര്യോപദേശകസമിതിയുടെ പതിനഞ്ചാമതു റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): കാര്യോപദേശകസമിതിയുടെ 15-ാമതു റിപ്പോർട്ട് പരിഗണിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): ഞാൻ ഇതിനെ പിൻതാങ്ങുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

VIII നിയമനിർമ്മാണം

1985-ലെ കേരള അവശ്യസാധന നിയന്ത്രണബിൽ ബന്ധപ്പെട്ട സബ്ജറ്റ് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം—(ചർച്ച) (തുടർച്ച).

ശ്രീ. വി. കെ. രാജൻ: സർ, ഞാൻ ഇന്നലെ ഇടയ്ക്കുവച്ച് എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ് ഉണ്ടായത്. അതിനു ശേഷം ശ്രീ.അഹമ്മദ് സാഹിബിന്റെ ഈ ബിൽ ഇന്നലെ രാത്രി ഞാൻ വായിച്ചു നോക്കിയപ്പോൾ അതിന്റെ പൊള്ളത്തരം കൂടുതൽ എനിക്കു ബോദ്ധ്യപ്പെട്ടു. അതുകൊണ്ട് ഇന്നലെ സംസാരിച്ചതിനേക്കാൾ കൂടുതൽ സംസാരിക്കാൻ ഞാൻ നിർബന്ധിതനാണ്.

ഞാൻ ഇന്നലെ സംസാരിച്ച് അവസാനിപ്പിച്ചത് തൊണ്ടിനെക്കുറിച്ചാണ്. തൊണ്ട് നിയന്ത്രണഉത്തരവ് ഇന്നു പൂർണ്ണമായും ലംഘിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്തിനാവശ്യമായിട്ടുള്ള തൊണ്ട് ലഭ്യമാകാതെ ഇവിടെനിന്നും തൊണ്ട് കർണ്ണാടക-തമിഴ്നാട് തുടങ്ങിയ പ്രദേശങ്ങളിലേക്ക് പോകുന്നതിന്റെ ഫലമായി കയർവ്യവസായ മേഖല ഇന്ന് സ്തംഭിച്ചിരിക്കുകയാണ്. കയർ വ്യവസായമേഖലയെ രക്ഷിക്കാൻ അതിൽ പണിയെടുക്കുന്ന ഒരു ലക്ഷത്തോളം വരുന്ന തൊഴിലാളികൾക്ക് ജോലി ലഭിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാകണം. ബഹുമാനപ്പെട്ട ലേബർ മന്ത്രിയുടെ പ്രസ്താവന അതിന് കടകവിരുദ്ധമാണ്. തൊണ്ടു നിയന്ത്രണമാണ് കയർ വ്യവസായത്തിന്റെ സ്തംഭനേത്തിനു കാരണമെന്നാണ് അദ്ദേഹത്തിന്റെ വിവക്ഷ. അതിനെതിരായി ശക്തമായ നടപടി സ്വീകരിക്കുവാൻ കേരളത്തിലെ സംഘടിത തൊഴിലാളി സംഘടനകളെല്ലാം യോജിച്ച നിലപാടു സ്വീകരിക്കും. ഭരണകക്ഷിയിലെ പ്രധാനപ്പെട്ട ഘടകകക്ഷിയായ കോൺഗ്രസും അതിൽ ഉൾപ്പെടും. അതുകൊണ്ട് തൊണ്ടുസഹകരണമേഖലയ്ക്ക് ലഭ്യമാകാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

നമ്മുടെ സംസ്ഥാനം ഒരു കൺസ്യൂമർ സ്റ്റേറ്റാണ്. ഇവിടെ എല്ലാ സാധനങ്ങളും പുറത്തുനിന്ന് കൊണ്ടുവരേണ്ടതാണ്. അങ്ങനെയുള്ള ഒരു സംസ്ഥാനത്തിനാവശ്യമായിട്ടുള്ള സാധനങ്ങൾ ഏതാണെന്നു പ്രഖ്യാപിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഈ ഗവൺമെന്റ് അതിനു തയ്യാറാകുന്നുണ്ടോ? എല്ലാ സാധനങ്ങൾക്കും വില വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ എം. എൽ. എ. മാരുടെ വില

LIBRARY ARCHIVES Kerala Legislative Assembly

പോലും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ സൂചിപ്പിക്കാനാ ഗ്രഹിക്കുന്നത് നമ്മുടെ നാട്ടിൽ അവശ്യസാധനങ്ങളും എത്തിച്ചുകൊടുത്തുകൊണ്ട് അതിന്റെ വില നിയന്ത്രിക്കുക എന്ന ഒരു നടപടിയല്ല ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. നേരേമറിച്ച് ഭരണകക്ഷിക്കകത്തുള്ള ഘടകകക്ഷികളിൽപെട്ട ഓരോരുത്തരേയും എങ്ങനെയാണ്, എസൻഷ്യൽ എന്നുള്ളതിൽ ഉൾപ്പെടുത്തേണ്ടത് എന്നാണ് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. കെ. ശങ്കരനാരായണപിള്ള: ഈ സഭയിലെ ഒരു അംഗമായ ശ്രീ. ജോസ് കുറ്റ്യാനിയെ ഇന്നലെ എസൻഷ്യൽ ആർട്ടിക്കിളായി പ്രഖ്യാപിച്ചു എന്ന കാര്യം അറിയാമോ?

ശ്രീ. വി. കെ. രാജൻ: ഇവിടെനിന്നും ശ്രീ. കുറ്റ്യാനി എന്തിനാണ് അവിടേയ്ക്ക് പോയതെന്ന് അറിയില്ല. അവിടെയിരിക്കുന്ന ആളുകളുടെ സ്ഥിതി അദ്ദേഹത്തിന് അറിയാം. ശ്രീ കരുണാകരനെപ്പറ്റിയും അദ്ദേഹത്തിന് നല്ലപോലെ അറിയാം. എന്നിട്ടും അവിടെ ചെന്നിരിക്കുകയാണ്.

ശ്രീ. കെ. ശങ്കരനാരായണപിള്ള: എസൻഷ്യൽ ആർട്ടിക്കിൾസ് ബിൽ അനുസരിച്ച് എസൻഷ്യൽ ആർട്ടിക്കിൾ എന്ന് സർക്കാർ പ്രഖ്യാപിച്ചാൽ കൺട്രോൾ വിലയോ മാർക്കറ്റ് വിലയോ അതിന് നൽകണം എന്നുണ്ട്. ഇതിൽ ഏതു വിലയാണ് ഇന്നലെ പ്രഖ്യാപിച്ച എസ്സൻഷ്യൽ ആർട്ടിക്കിളിന് ഉള്ളത് എന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. വി. കെ. രാജൻ: ഈ ബില്ലിനകത്തുള്ള രണ്ടു വിലയും ശ്രീ. കുറ്റ്യാനിക്കില്ല. ശ്രീ. കുറ്റ്യാനിയുടെ ആഗ്രഹം അദ്ദേഹത്തിന് അതിനേക്കാൾ കൂടുതൽ ലഭ്യമാകണമെന്നുള്ളതാണ്. പക്ഷേ പാവം ശ്രീ. രാമചന്ദ്രൻനായർ ഉൾപ്പെടെയുള്ളവരുടെ ശോചനീയാവസ്ഥ, ദയനീയാവസ്ഥ കണ്ടിട്ട് ശ്രീ. കുറ്റ്യാനിയുടെ സ്ഥിതി എന്താകുമെന്നറിയില്ല. ഇവിടെ വേറൊരു പ്രത്യേകത ഞാൻ കാണുന്നു. ഇന്നലത്തേതിൽനിന്നും ചെറിയ ഒരു വ്യത്യാസം. ലീഗിന്റെ മന്ത്രിമാർ ഇടപ്പെട്ട് അന്ത്യശാസനത്തിന്റെ ദിവസം നീട്ടിയിരിക്കുകയാണ്. അതിന്റെ ആശ്വാസം എല്ലാവരുടേയും മുഖങ്ങളിൽ കാണാം. ശ്രീ. ബാലകൃഷ്ണപിള്ള ഉൾപ്പെടെയുള്ളവരിൽ അതിന്റെ മാറ്റം കാണുന്നുണ്ട്. എന്തായാലും ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും മോശമായ ഒരു അവസ്ഥയിലാണ് ഇപ്പോൾ എത്തിയിരിക്കുന്നത്. ഇത്തരം സംഭവങ്ങൾ ഗവൺമെന്റിനെ അവിടെയാണ് എത്തിച്ചിരിക്കുന്നത്?

ഇവിടെ ശ്രീ. ബാലകൃഷ്ണപിള്ളയെ മന്ത്രിസഭയിൽ തിരിച്ചെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള മുദ്രാവാക്യങ്ങൾ കേരളാ കോൺഗ്രസുകാർ മുഴക്കിക്കൊണ്ടിരിക്കുകയാണ്. എന്താണ് ഇപ്പോൾ നടക്കുന്നത്? ഞാൻ ഇനി ബില്ലിലേയ്ക്ക് കടന്നു സംസാരിക്കാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഈ ബിൽ പാസാകുമ്പോൾ ജനങ്ങൾക്ക് ആശ്വാസം കിട്ടും എന്ന പ്രതീക്ഷ എനിക്കില്ല. അതാണ് ഈ ഗവൺമെന്റിന്റെ എല്ലാ നടപടികളിൽനിന്നും ദൃശ്യമാകുന്നത്. നഗരവികസനത്തിന് ഭൂമിയെടുക്കുന്നത് പലപ്പോഴും മരവിപ്പിക്കാറുണ്ട്. എന്തിനാണ് മരവിപ്പിക്കുന്നത്? അതിന് ഓരോരുത്തരിൽനിന്നും അപേക്ഷ വാങ്ങിയിട്ട് അവരിൽനിന്നും കൈക്കൂലി വാങ്ങിയിട്ട് ഈ നടപടി അവസാനിപ്പിക്കുന്ന രീതിയുണ്ട്. ഇവിടെ പാസ്സാക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ ചില പ്രഖ്യാപനങ്ങൾ ഉണ്ടാകണം. ഇന്നയിന്ന സാധനങ്ങൾക്ക് വില ഞങ്ങൾ നിശ്ചയിക്കും എന്നു പറഞ്ഞതിനുശേഷം അതുമായി ബന്ധപ്പെട്ട ആളുകളെ സമീപിച്ച് അവരിൽനിന്നും ആവശ്യമായ സംഖ്യ ഈടാക്കുന്ന നടപടിയുണ്ട്. ഈ ബിൽ കൊണ്ടുവന്ന വ്യവസായവകുപ്പുമന്ത്രിയുടെ കാര്യമായിട്ടല്ല ഞാൻ ഇതു പറയുന്നത്. പൊതുവെ ഈ ഗവൺമെൻറിന്റെ ഓരോ മന്ത്രിമാരും എടുത്തിട്ടുള്ള നടപടികളെക്കുറിച്ച് പരിശോധിച്ചാൽ അതു മനസ്സിലാക്കാവുന്നതാണ്. അതാണ് ഈ ഗവൺമെൻറിന്റെ പ്രഖ്യാപിതനയം എന്നു ഞാൻ പറയുന്നില്ല. എങ്കിലും സമ്മർദ്ദ രാഷ്ട്രീയത്തിനു വിധേയമായി ഉള്ള ഒരു നിലവാരത്തിലേക്കാണ് സംസ്ഥാനം നീങ്ങുന്നത്. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ കേരളം ഒരു കൺസ്യൂമർ സ്റ്റേറ്റാണ്. ഇൻഡ്യയുടെ മറ്റു പല ഭാഗങ്ങളിൽനിന്നും സാധനങ്ങൾ കൊണ്ടുവന്നാൽ മാത്രമേ നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾക്ക് നിത്യോപയോഗസാധനങ്ങൾ വാങ്ങാൻ കഴിയൂ. കേന്ദ്രഗവൺമെൻറിന്റെ നയത്തിനനുസരിച്ചു പോകുന്ന ഒരു ഗവൺമെൻറിന്റെ ഒരു നയമാണ് സർ ഇത്. ശ്രീ. പി. സി. ജോർജ് ഒരു സബ്മിഷനിലൂടെ പഞ്ചസാരവില വർദ്ധിച്ചതിനെപ്പറ്റി പറഞ്ഞു എന്താണ് ഇപ്പോൾ പഞ്ചസാരയുടെ വില? ലോകത്തിൽ എല്ലായിടത്തും പഞ്ചസാരവില കുറഞ്ഞിരിക്കുന്നു. പഞ്ചസാരവില കുറഞ്ഞിരിക്കുന്ന ഈ ഘട്ടത്തിൽ ഇൻഡ്യയിൽമാത്രം പഞ്ചസാരവില വർദ്ധിച്ചു. അങ്ങനെ വില വർദ്ധിക്കുന്നതിനു മൂന്നുവർഷം മുൻപ് ഇൻഡ്യാരാജ്യം പഞ്ചസാര കയറ്റി അയയ്ക്കുന്ന ഒരു രാജ്യമായിരുന്നു. കയറ്റി അയച്ചിരുന്നു എന്നുമാത്രമല്ല കയറ്റി അയയ്ക്കുന്ന ആളുകൾക്ക് സബ്സിഡി കൊടുത്തിരുന്ന ഒരു രാജ്യമാണ് ഇൻഡ്യ. എന്നാൽ ഈ മൂന്നു വർഷക്കാലത്തിനിടയിൽ ഇൻഡ്യാരാജ്യത്തെ കുത്തകമുതലാളിമാരായ ആളുകളും 300-ഓളം പഞ്ചസാര മിൽ ഉടമകളും ഒന്നടങ്കം ഉൽപ്പാദനം കുറച്ചു. എന്തിനാണ് ഉൽപ്പാദനം കുറയ്ക്കുന്നത്? വില വർദ്ധിപ്പിക്കുന്നതിനു വേണ്ടിയാണ്. ആ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ ഉയർന്നുവന്ന ചില വാദഗതികളുണ്ട്. ഫാക്ടറികളുടെ ദേശവൽക്കരണത്തെ സംബന്ധിച്ച് പറഞ്ഞു. ദേശവൽക്കരിക്കാൻ തയ്യാറുണ്ടോ ഈ ഗവൺമെൻറ്? കേന്ദ്ര ഗവൺമെൻറ് തയ്യാറുണ്ടോ? അതിന് സഹായകരമായ ഒരു സമീപനം ഈ ഗവൺമെൻറിനുണ്ടോ? അങ്ങിനെയുള്ള ഗവൺമെൻറിന്റെ പ്രതിനിധികളാണ് റാവു വീരേന്ദ്രസിംഗ് മുതലായവർ. മന്ത്രി പറഞ്ഞതെന്താണ്? 300 ഫാക്ടറികൾ ദേശവൽക്കരിച്ചാൽ അതു നടത്താൻ ആവശ്യമായ സംവിധാനം നമ്മുടെ ഇൻഡ്യാരാജ്യത്തിനില്ല, അതുകൊണ്ട് ഏറ്റെടുക്കാൻ കഴിയുകയില്ല എന്നു പറഞ്ഞ മന്ത്രിയുടെ കൂടെ നിൽക്കുന്നവരാണ് ഇവിടത്തെ ഭരണാധികാരികൾ. ഇവിടെ പഞ്ചസാരയ്ക്ക് 8 രൂപ വില വന്നു. പഞ്ചസാരവില കുറച്ചുകൊടുക്കാൻവേണ്ടി ഈ ഗവൺമെൻറ് എന്തെങ്കിലും മാർഗ്ഗം സ്വീകരിച്ചിട്ടുണ്ടോ? ഇവിടെ ഇന്നലെ വളരെ വികാരത്തോടും ആവേശത്തോടുംകൂടി ഹസ്സൻ പറഞ്ഞു എല്ലാ കക്ഷികളും ഭരിക്കുമ്പോൾ വിലക്കയറ്റം ഉണ്ടായിട്ടുണ്ട് എന്ന്. ആഗോളവ്യാപകമായ ഒരു പ്രതിഭാസമാണെന്നാണ് ഹസ്സൻ പറഞ്ഞത്. ഇങ്ങനെ ആഗോളവ്യാപകമാണോ ഈ വിലക്കയറ്റം? ഇത് നിങ്ങളുടെ സൃഷ്ടിയാണ്. മുതലാളിത്തം ഉണ്ടാക്കുന്നതാണ് വിലക്കയറ്റം. ആഗോളവ്യാപകമായി എല്ലായിടത്തും ഒരു പ്രതിഭാസമായി മാറിയിരിക്കുന്നു എന്ന് തെറ്റിദ്ധരിപ്പിക്കുന്ന വാക്കുകളാണ് അപ്പുറത്തുനിന്നു പറഞ്ഞിരിക്കുന്നത്. ഇൻഡ്യയിൽ ഉണ്ടായിരിക്കുന്ന വിലക്കയറ്റം ഞങ്ങൾ ഊതിപ്പെരുപ്പിക്കുന്നു എന്നു പറയാനാണ് ഇന്നലെ ഹസ്സൻ ശ്രമി

LIBRARY ARCHIVES Kerala Legislative Assembly

ച്ചത്. ഞാൻ ഹസ്സനോട് പറയുകയാണ് ഇത് ഞങ്ങളം പറയുന്നതല്ല. കോൺഗ്രസ്സിന്റെ പാർലമെന്ററി പാർട്ടിയുടെ യോഗത്തിൽ ശ്രീ. വി. പി. സിംഗിനെ (ധനകാര്യമന്ത്രി) എതിരായിട്ട് പറഞ്ഞിരിക്കുന്നു. എന്തെല്ലാം അവിടെ പറഞ്ഞു? ഓർക്കുന്നുണ്ടോ നിങ്ങൾ? അതിനകത്ത് എന്തെല്ലാം ഒച്ചപ്പാടും ബഹളങ്ങളുമാണ് ഉണ്ടായത്? പ്രധാനമന്ത്രിക്കോ മൂട്ടാസിംഗിനോ എം. പി. മാരെ അടക്കിനിറുത്താൻ കഴിഞ്ഞില്ല. പി. ടി. ഐ. യിൽനിന്ന് വാർത്ത സ്വീകരിക്കുന്നവരിൽ അതിന്റെ റിപ്പോർട്ടുണ്ട്. ആ റിപ്പോർട്ടിൽ എന്താണ് പറയുന്നത്? 15 ശതമാനം വില വർദ്ധനവുണ്ടായി എന്നാണ് പറയുന്നത്. ഗവൺമെന്റ് പറയുന്നു 20 ശതമാനം വർദ്ധിച്ചു എന്ന്. ഈ കഴിഞ്ഞ ഏപ്രിൽ മാസത്തിൽ വന്ന ബഡ്ജറ്റിനുശേഷം 35 മുതൽ 40 ശതമാനംവരെ സാധനങ്ങളുടെ വില വർദ്ധിച്ചു എന്ന് ഈ നിയമസഭയ്ക്കകത്ത് ബീരാൻ സാഹിബ് പറഞ്ഞു. വിലക്കയറ്റം ഏതാനും ചില പ്രതിപക്ഷ പാർട്ടി അംഗങ്ങൾ ഉണ്ടാക്കുന്നതല്ല. ഇൻഡ്യാ ഗവൺമെന്റ് തുടർന്നു വരുന്ന മുതലാളിത്ത സമ്പദ്ഘടനയുടെ ഭാഗമായിട്ടാണ് വിലക്കയറ്റം ഉണ്ടാകുന്നത്. രാജീവ് ഗാന്ധിയുടെ ഗവൺമെന്റ് ധീരവും ശക്തവുമായ നടപടികൾ സ്വീകരിക്കുന്ന ഗവൺമെന്റാണ്. നമ്മുടെ കുത്തക മുതലാളിമാരെ സഹായിക്കാൻ വേണ്ടി വളരെ ചങ്കൂറ്റത്തോടുകൂടി പല നടപടികളും സ്വീകരിക്കാറുണ്ട്. തന്റെ അമ്മ തുടർന്നുവന്ന നയത്തെക്കാൾ കൂടുതൽ ശക്തിയായി മുതലാളിത്തത്തിന് അനുകൂലമായി, മുതലാളിത്ത ശക്തികളെ ഊട്ടി വളർത്തുക എന്നുള്ള നടപടിയാണ് കേന്ദ്രഗവൺമെന്റ് ഇപ്പോൾ സ്വീകരിക്കുന്നത്. അതിന്റെ ഒരു വാലാണ് ഈ ഗവൺമെന്റ്. മുതലാളിമാർക്ക് നികുതി ഇളവുചെയ്തു കൊടുത്തുകൊണ്ട് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചു. അയണിന്റെ വില വർദ്ധിപ്പിച്ചു. അങ്ങിനെ ഈ രാജ്യത്ത് സാധനങ്ങളുടെ വില ഗവൺമെന്റുതന്നെ വ്യാപകമായി വർദ്ധിപ്പിച്ചുകൊണ്ട് നമ്മുടെ രാജ്യത്തെ ജനങ്ങളെ ഞെക്കിപ്പിഴിഞ്ഞുകൊണ്ടിരിക്കുന്ന ഒരു ഘട്ടത്തിലാണ് ഈ ഗവൺമെന്റ് ഇന്ന് നിൽക്കുന്നത്. ഇവിടെ ഒരു നിയമം പാസ്സാക്കിവച്ചാൽ അത് പ്രാവർത്തികമാക്കാൻ എന്താണ് സംവിധാനം? കേന്ദ്രഗവൺമെന്റിന്റെ നയം തുടർന്നുകൊണ്ടുപോകും എന്നു പ്രഖ്യാപിക്കുന്നിടത്തോളംകാലം കേന്ദ്ര ഗവൺമെന്റിന്റെ എല്ലാ നിയമങ്ങളും ഈ സംസ്ഥാനത്തിനും ബാധകമായി മാറിക്കൊണ്ടിരിക്കുകയാണ്. അതാണ് കേരളത്തിലെ സ്ഥിതി. അതു മാത്രമാണോ? ഇവിടെ ഇത്തരം കാര്യങ്ങൾ വന്നാൽ അത് കൈകാര്യം ചെയ്യാൻ ആരെങ്കിലും ഉണ്ടോ? അതിന് ഒരു ഗവൺമെന്റ് ഇവിടെ ഉണ്ടോ? അതിന് ഒരു ഗവൺമെന്റില്ല. ഈ ഗവൺമെന്റിന് ഇത്തരം കാര്യങ്ങൾ ആലോചിക്കാൻ സമയമില്ല. ഈ രാജ്യത്തെ ജനങ്ങളെ ജാതീയമായി തരം തിരിച്ച് വർഗ്ഗീയ വികാരങ്ങളെ കുത്തിയിളക്കി, വർഗ്ഗീയത ഈ സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അതിനെ പ്രോൽസാഹിപ്പിക്കുന്ന ഒരു ഗവൺമെന്റാണ് ഇവിടെ ഉള്ളത്. അങ്ങിനെയുള്ള ഒരു ഗവൺമെന്റിന്റെ പ്രതിരൂപമായിട്ടാണ് ഈ 19 മന്ത്രിമാർ അപ്പുറത്തിരിക്കുന്നത്. അവിടെ ഓരോ കക്ഷികൾ ഓരോ കഷ്ണങ്ങളായിട്ട് തിരിഞ്ഞിരിക്കുന്നു. അതിനെ കൂട്ടിയോജിപ്പിക്കാൻ ഉള്ള കണ്ണി എന്താണ്? തൊഴിൽത്തർക്കനിയമത്തിന്റെ പരിധിൽ ബാലകൃഷ്ണപിള്ള വരുന്നില്ല. നിയമപ്രശ്നം വിശദമായിട്ട് പരിശോധിക്കാൻ റിട്ടയേർഡ് സുപ്രീം കോടതി ജഡ്ജി വരാൻ പോകുന്നു എന്നുള്ള ഒരു വാർത്ത കേൾക്കുന്നു. ആരാണ് സുപ്രീംകോടതി ജഡ്ജി എന്നെനിക്കറിയില്ല. അതിനെയൊരു സുപ്രീംകോടതി ജഡ്ജിയെ.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. രാജൻ ഭയവായി അങ്ങ് ഇരിക്കൂ. ഏതു മെമ്പർമാർ സംസാരിക്കുന്നതിനും വ്യക്തിപരമായി എനിക്ക് യാതൊരു വിഷമവും ഇല്ല. പക്ഷേ ഇതിൽ പേരു തന്നിട്ടുള്ള മറ്റു മെമ്പർമാരോട് നീതി ചെയ്യണം. അംഗങ്ങളോട് പരമാവധി നീതി പുലർത്തുക എന്നുള്ളതാണ് നയം. രാജൻ ചുരുക്കി സംസാരിക്കൂ. മി. രാധാകൃഷ്ണൻ അങ്ങ് ഇന്നലെ ഒരു മണിക്കൂർ സംസാരിച്ചതാണ്. അങ്ങേയ്ക്ക് വിഷമമില്ല. സംസാരിക്കാത്ത ആളുകളും ഇവിടെ വേറെ ഉണ്ട്. മി. രാജൻ, അങ്ങ് ചുരുക്കൂ.

ശ്രീ. വി. കെ. രാജൻ: സുപ്രീം കോടതി ജഡ്ജി ഇവിടെ പരിശോധനയ്ക്ക് വരും എന്നാണ് പറയുന്നത്.

മി. സ്പീക്കർ: മി. രാജൻ അങ്ങു ഭയവായി ചുരുക്കണം. ചുരുക്കിയില്ലെങ്കിൽ എനിക്ക് അടുത്ത ആളെ വിളിക്കേണ്ടിവരും.

ശ്രീ. വി. കെ. രാജൻ: കരുണാകരൻ ഒരു കടലാസിൽ എഴുതി വാങ്ങിച്ചുവച്ചിരിക്കുന്നു. ബാലകൃഷ്ണപിള്ളയെ മന്ത്രിയായി എടുക്കാൻ പോകുന്നു എന്നാണ് ഒരു ഭാഗത്തു പറയുന്നത്. മറുഭാഗത്ത് ബാലകൃഷ്ണപിള്ളയെ എടുക്കരുത് എന്നു പറയുന്നു. ഞാൻ ഇന്നലെ പറഞ്ഞതുപോലെ ബാലകൃഷ്ണപിള്ള ഈ മന്ത്രിസഭയിൽ മന്ത്രിയായി പ്രഖ്യാപിക്കപ്പെടാൻ പാടില്ല. നമ്മുടെ സംസ്ഥാനത്തിന് ഇത്രയേറെ മാനക്കേടുണ്ടാക്കിയ ഇത്രയേറെ അഴിമതിനടത്തിയ മന്ത്രിയെ വീണ്ടും മന്ത്രിയാക്കി സത്യപ്രതിജ്ഞ ചെയ്യിച്ചാൽ അത് സാംസ്ക്കാരിക കേരളത്തിന് അപമാനകരമാണ്. ശ്രീ. ബാലകൃഷ്ണപിള്ളയെ തിരുകിക്കയറ്റാൻ ശ്രമിക്കുന്ന കേരളാ കോൺഗ്രസ്സും പ്രമാണിമാരും ഈ കാര്യം മനസ്സിലാക്കണം. അതിന് നമ്മുടെ രാജ്യത്തെ ജനങ്ങളെല്ലാം എതിരാണ്. ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ.വി.സുരേന്ദ്രനാഥ്: സർ, ഇതിനെ സംബന്ധിച്ച് ഒരു ചർച്ച ആവശ്യമാണ്. പൊതുജനങ്ങളുടെ അഭിപ്രായം വ്യക്തമായി വരത്തക്ക വണ്ണം ഒരു ചർച്ച ആവശ്യമാണ്. ഈ നിയമ നിർമ്മാണത്തിന് 24 കൊല്ലത്തെ പഴക്കമുണ്ട്. 1961-ൽ ടെമ്പററി പവേഴ്സ് എന്നു പറഞ്ഞാണ് ആദ്യം ഇതിന്റെ തുടക്കം. മൂന്നു കൊല്ലത്തേക്ക് എന്നു പറഞ്ഞിട്ടാണ് അന്നത്തെ വ്യവസായ മന്ത്രി ശ്രീ. ദാമോദരമേനോൻ ഇത് അവതരിപ്പിച്ചത്. എന്നിട്ട് മനസ്സില്ലാമനസ്സോടുകൂടി പ്രതിപക്ഷത്തുനിന്നും ആവശ്യപ്പെട്ടതനുസരിച്ച് രണ്ടുകൊല്ലത്തേക്കുകൂടി നീട്ടി. അഞ്ചു കൊല്ലത്തേക്ക് താൽക്കാലിക അംഗീകാരം തരണമെന്നായിരുന്നു അന്ന് ട്രഷറി ബഞ്ചിൽനിന്ന് സഭയോട് ആവശ്യപ്പെട്ടത്. അതുതന്നെ ഒരു enabling piece of Legislation ആണ്. അവശ്യം വേണ്ടിവരുന്ന അവസരത്തിൽ വിനിയോഗിക്കാൻ ഗവൺമെന്റിന് അധികാരം നൽകുന്ന ഒരു നിയമ നിർമ്മാണം എന്നുള്ള നിലയ്ക്ക് വളരെ ചുരുങ്ങിയ പ്രവർത്തന പരിധിയോടുകൂടിയ, വളരെ ചുരുങ്ങിയ സ്കോപ്പുള്ള ഒരു താൽക്കാലിക നിയമ നിർമ്മാണത്തിൽ തുടങ്ങിയിട്ട് കുറേ കഴിഞ്ഞപ്പോഴേ അത് നീട്ടി നീട്ടി കൊണ്ടുപോയി അവസാനം നമ്മുടെ സ്റ്റാറ്റ്യൂട്ട് ബുക്കിൽ ശാശ്വതമായിട്ട് സ്ഥാനം പിടിക്കുന്ന ഒരു ലെജിസ്ലേഷൻ ആയിട്ട് മാറിയിരിക്കുകയാണ്. ആ കാര്യം എല്ലാവർക്കും അറിയാവുന്നതുമാണ്. എസൻഷ്യൽ കമ്മോഡിറ്റീസ് കൺട്രോൾ ആക്ട് എന്നു പറഞ്ഞ് വളരെ കോംപ്രിഹെൻസീവായിട്ട് എല്ലാം സ്പർശിക്കുന്ന ഒരു നിയമം കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് നിർമ്മിച്ചിട്ടുണ്ട്. ആ പട്ടികയിൽതന്നെ പേര് എടുത്തു പറഞ്ഞിട്ടുള്ള 10, 12 ഇനങ്ങൾ അവർ അവശ്യ സാധനങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. അതിനുപുറമേ ആ പട്ടികയിൽപ്പെടാത്ത സാധനങ്ങളെക്കൂടി വേണ്ടിവന്നാൽ ഗവൺമെന്റിന് അതിൽ ഉൾപ്പെടുത്താനുള്ള അധികാരവും കൂടി കൊടുത്തിട്ടുണ്ട്. അതിനകത്ത് തുണി, ഭക്ഷണം എസൻഷ്യൽ റാ-മെറ്റീരിയൽസ്, കോട്ടൺ, ജൂട്ട്, റാ-ജൂട്ട്, മരുന്നുകൾ, അയൺ, സ്റ്റീൽ, പെട്രോളിയം ഇതെല്ലാം വരുന്നുണ്ട്. കേന്ദ്രം പാസ്സാക്കിയ നിലവിലുള്ള നിയമത്തെപ്പറ്റി ഞാൻ ഇവിടെ പറയേണ്ടതില്ല. ഞാൻ ഇവിടെ പറയാൻ തുടങ്ങിയ സംഗതി എന്താണെന്നുവച്ചാൽ, 25 വർഷക്കാലമായി ഇത് നിലവിലിരുന്നിട്ടുള്ള അനുഭവം എന്താണ്? അത് മനസ്സിലാക്കാതെ അത് സംബന്ധിച്ച് തീരുമാനം എടുക്കുന്നതിൽ വലിയ അർത്ഥമില്ല. എഴുതിവച്ചിരിക്കുന്നതിന്റെ ഗുണദോഷത്തിലേയ്ക്ക് ഒന്നും ഞാൻ പ്രവേശിക്കുന്നില്ല. ഇത് പല്ലില്ലാത്ത ഒരേർപ്പാടാണ്. ഈ ലെജിസ്ലേഷന് ടീത്തില്ല (teeth). ഇതിൽ പറയുന്ന പെനാൽറ്റി ഒരു കൊല്ലത്തെ തടവ്, അല്ലെങ്കിൽ മൂവായിരം രൂപ പിഴയാണ്. ചില കുറ്റങ്ങൾക്ക് ആണെങ്കിൽ മൂന്നു കൊല്ലത്തെ തടവാണ്. ഇതിൽ പറയുന്നതനുസരിച്ച് ഏതെങ്കിലും ഒരാളിനെ ശിക്ഷിച്ചിട്ടുണ്ടോ എന്ന് ഇതിന്റെ കൈകാര്യകർതൃത്വം വഹിക്കുന്ന വ്യവസായ മന്ത്രി മറുപടി പറയുമ്പോൾ പറയണം. ഈ പെനാൽറ്റീസ് ഏതെങ്കിലും ഒരാളിൻമേൽ ഇപ്പോൾ ഇൻഫ്ളിക്ട് ചെയ്തിട്ടുണ്ടോ? ഇൻഫ്ളിക്ട് ചെയ്യാത്ത കാരണം ഇവിടെ ഉള്ള സകല ആളുകളും മര്യാദരാമൻമാർ ആയതുകൊണ്ടാണോ? എന്താണെന്ന് പറയണം. ചില കാര്യങ്ങൾക്കൊക്കെ ഗവൺമെന്റിന് അധികാരം കൊടുക്കുന്നു. ആ അധികാരം വിനിയോഗിക്കാൻ ഗവൺമെന്റ് ഡെലിഗേറ്റു ചെയ്ത് ഉദ്യോഗസ്ഥൻമാർക്ക് കൊടുക്കാം എന്നുള്ളതല്ലാതെ ഇത് ഇംപ്ലിമെന്റ് ചെയ്യാൻ പ്രത്യേകമായ ഒരു കാഴ്ചപ്പാടില്ല. ബിൽ പാസ്സാക്കുന്ന സമയത്ത് അന്നത്തെ വ്യവസായ വകുപ്പു മന്ത്രി ശ്രീ. ദാമോദരമേനോൻ സഭയ ക്ക് കൊടുത്ത ഉറപ്പ് ഒരു കളക്ടറുടെ നിലവാരം ഉള്ള ആളെക്കൊണ്ട് ഇതൊക്കെ ചെയ്യിപ്പിക്കും എന്നാണ്. കളക്ടറുടെ നിലവാരം ഉള്ളയാൾ എന്നു പറയുമ്പോൾ നമുക്ക് ഒരു വലിയ കാര്യമായിട്ട് തോന്നും. പക്ഷേ കളക്ടറെക്കൊണ്ട് എന്തെങ്കിലും നടക്കുമോ? അത്രയും ജോലിത്തിരക്കുള്ള ആളുകൾക്ക് ഒരു ബില്ലിന്റെ വ്യവസ്ഥകൾ കൂടി വച്ചുകൊണ്ടുള്ള പീനൽ അധികാരങ്ങൾ കൂടി കൊടുത്താൽ അതിന്റെ അർത്ഥം ഇത് നടപ്പാക്കേണ്ട ആവശ്യമില്ല എന്നല്ലേ? തൽക്കാലം എന്ന് അന്ന് പറഞ്ഞത് നമ്മുടെ ഭരണഘടനയിൽ—ഭരണഘടനയെന്നു പറഞ്ഞാൽ ഭരണഘടനയിലെ നല്ല വശങ്ങളെ സംബന്ധിച്ചല്ല പറയുന്നത്—സ്വത്തവകാശം, സ്വകാര്യ സ്വത്തിന്റെ പരിപാവനമായ അവകാശം, ഇഷ്ടംപോലെ ബിസിനസ്സും കച്ചവടവും നടത്തുന്നതിനുള്ള മൗലികമായ അലംഘനീയമായ അവകാശം ഇതിനെല്ലാം പരിമിതികൾ ഏർപ്പെടുത്തുന്നതാണെന്ന തെറ്റിദ്ധാരണ വച്ചിട്ട് അവരെ ഒന്ന് ആശ്വസിപ്പിക്കാൻവേണ്ടിയാണ് ടെമ്പററി എന്നു പറയുന്നത്. അല്ലാതെ ഇന്നലെ ഒരു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അത്യാവശ്യ സാധനങ്ങൾ കൃത്യസമയത്ത് നിയന്ത്രിത വിലയ്ക്ക് ആവശ്യമുള്ള സ്ഥലത്ത് എത്തിച്ചുകൊടുക്കാൻ ഗവൺമെന്റ് അധികാരം വാങ്ങിക്കുകയല്ല ചെയ്തത്, നടപ്പിലാക്കുകയല്ല ചെയ്തത്. ഇതിനെ പ്പറ്റി കേരളഗവൺമെന്റ് തല പുകച്ചിട്ടേയില്ല. ഇപ്പോഴും പുകയ്ക്കുന്നില്ല. ഈ നിയമത്തിന്റെ പരിധിയിൽ വന്നിട്ടുള്ളതെന്താണെന്ന് നമുക്കറിയാം. രണ്ട് ഐറ്റമാണ് ഇതുവരെ ഇതിന്റെ പരിധിയിൽ കൊണ്ടു വന്നത്. അതിൽ ഒന്ന് സോഫ്റ്റ് വുഡ്. സോഫ്റ്റ് വുഡ് എന്നു

LIBRARY ARCHIVES Kerala Legislative Assembly

പറയുമ്പോൾ കൊച്ചു തീപ്പെട്ടിക്കമ്പനിക്കാർ തീപ്പെട്ടിയുണ്ടാക്കുവാൻ വേണ്ടി ഉപയോഗിക്കുന്ന തീപ്പെട്ടിക്കോൽ അല്ല. തീപ്പെട്ടി വ്യവസായങ്ങളെല്ലാം സാത്തൂർ, തെങ്കാശി എന്നിവിടങ്ങളിലേക്ക് കുടിയേറിപ്പോയി. കേരളത്തിൽ ബാക്കിയില്ല. സാത്തൂരും, തെങ്കാശിയിലുമുള്ള മുതലാളിമാർ ഇവിടെനിന്നും സോഫ്റ്റ് വുഡ് കൊണ്ടുപോയി അവിടെവച്ച് വിൽക്കുകയാണ്. ഇവിടത്തെ ചെറുകിട ഉൽപ്പാദകന് ഒരു രക്ഷയുമില്ല. 25 കൊല്ലമായി കിട്ടിയിട്ടില്ല. രക്ഷ കിട്ടിയത് സോഫ്റ്റ് വുഡ് ഉപയോഗിക്കുന്ന വൻകിടക്കാരായ ഗവാളിയോർ റയോൺസ്, ഹിന്ദുസ്ഥാൻ പെപ്പർ മിൽസ്, പുനലൂർ പേപ്പർ മിൽസ്, തേയില കമ്പനിയായ കണ്ണൻ ദേവൻ കമ്പനി പോലെയുള്ള വലിയ വലിയ കമ്പനികൾക്കാണ്. ഇവർക്ക് സംരക്ഷണം കൊടുക്കുവാൻ നിലവിലുള്ള പഴയ നിയമങ്ങളും ആക്ടും ഓർഡിനൻസുകളും സഹായകരമാകുമായിരുന്നു. ഈ നിയമംവഴി നാട്ടിലെ ഒരു സാധാരണക്കാരനെയും ഇതുവരെ രക്ഷിച്ചിട്ടില്ല. ചെറുകിട സംരംഭകനായിരുന്നാലും ശരി, സാധാരണക്കാരനായിരുന്നാലും ശരി ഒരു രക്ഷയും അതിന്റെ പേരിൽ കിട്ടിയിട്ടില്ല.

മറ്റൊരു സാധനം ഇലക്ട്രിസിറ്റിയാണ്. ഇലക്ട്രിസിറ്റിയുടെ കാര്യത്തിൽ ഈ നിയമം പ്രയോഗിച്ചത് വേറൊരു കാര്യത്തിനുവേണ്ടിയായിരുന്നു. ഇലക്ട്രിസിറ്റിയിൽ രണ്ടു ശതമാനം സർചാർജ്ജ് സെൻട്രൽ ഗവൺമെന്റ് ഈടാക്കിക്കൊണ്ടിരുന്നത് ഒരു ദിവസം സുപ്രഭാതത്തിൽ നിറുത്തലാക്കി. ആ രണ്ടു ശതമാനത്തിന്റെ വരുമാനം നിലനിറുത്താൻവേണ്ടി ഈ ആക്ടിലെ വ്യവസ്ഥകൾ പ്രയോഗിച്ചു. അത് ഒഴിച്ച് ഈ ആക്ടിൽ ഈ രാജ്യം ഉദ്ധരിക്കുന്നതിനുവേണ്ടി പറയത്തക്കതൊന്നും കൊണ്ടുവന്നിട്ടില്ല. അതിന്റെ പേരിൽ അവകാശവാദം മുഴക്കിയിട്ട് യാതൊരർത്ഥവുമില്ല; കാര്യവുമില്ല. ആകെ ഇതിന്റെ പരിധിയിൽ ഒരു restricted ambit മാത്രമേയുള്ളൂ. പിന്നെ ഹസ്ക്ക് കൺട്രോൾ എന്നു പറഞ്ഞ് മറ്റൊന്ന് കൊണ്ടുവന്നു. Defence of India Rules പ്രകാരം കൊണ്ടുവന്നു. ഇതൊക്കെ എങ്ങനെയാണ് നടക്കുന്നതെന്ന് നമുക്കറിയാം. തെങ്ങെല്ലാം കന്യാകുമാരി ജില്ലയിലേക്ക് ഒഴുകിപ്പോകുന്നുണ്ട്. വേറെ പോകുന്നുണ്ട്. തടയാനി കഴിയുന്നില്ല. തടയാൻ ഈ സർക്കാരിന് ഈ സന്നാഹങ്ങളും സംവിധാനങ്ങളും വച്ച്, ഈ ഉദ്യോഗസ്ഥൻമാരെ വച്ച് കഴിയില്ല. നിർഭാഗ്യവശാൽ ഇൻഡസ്ട്രിയൽ റാമെറ്റീരിയൽസ് ആയിത്തീരേണ്ട പല സാധനങ്ങളുടേയും ഉൽപ്പാദനം പ്രത്യക്ഷരീതിയിലായിട്ടാണ്. ഒരാൾ ഒരു പറങ്കിമാവ്, 4 തെങ്ങ്-ഒരു പറങ്കിമാവിന്റെയും, നാലു തെങ്ങിന്റെയും ഉടമസ്ഥൻ ഇങ്ങനെ ലക്ഷക്കണക്കിന് ഉൽപ്പാദകർ. അങ്ങനെ ഈ രാജ്യത്തെ 25 ലക്ഷത്തോളം കുടുംബങ്ങളെ രക്ഷിച്ചാൽ മാത്രമേ ഇതിന് ഒരു കൺട്രോൾ ഉണ്ടാകുകയുള്ളൂ. അത് സാദ്ധ്യമല്ല. വലിയ ഉൽപ്പാദകരെ നിയന്ത്രിക്കാമെന്ന് പറയുകയാണെങ്കിൽ അതിനുള്ള മെഷിനറികളും ഉദ്യോഗസ്ഥൻമാരും വർഷാടും ഒന്നും ഇല്ല. നാലുവശത്തും ഉറക്കംതൂങ്ങുന്ന ചെക്പോസ്റ്റുകളാണ് വച്ചിരിക്കുന്നത് ഹസ്ക്ക് കൺട്രോൾ എന്നുപറഞ്ഞ്. ഹസ്ക്ക് എല്ലാം അപ്പുറത്തേക്ക് ഒഴുകിപ്പോകുകയാണ്.

അതുപോലെതന്നെ കശുവണ്ടിയുടെ കാര്യം. അതും മംഗലാപുരത്തേയ്ക്ക് പോകുകയാണ്. ഇടവഴിയിലൂടെ തലയിൽ ചുമന്നുകൊണ്ടുപോയാൽ ആർക്കെങ്കിലും നിയന്ത്രിക്കാൻ കഴിയുമോ? കഴിയില്ല. പിന്നെ ലോറിയിൽ കൊണ്ടുപോകുന്നുണ്ട്. പട്ടാപ്പകൽ ചെക്കുപോസ്റ്റുകൾ വെട്ടിച്ചിട്ടല്ല, അറിഞ്ഞുകൊണ്ട് അവരുടെ കൂടി സമ്മതത്തോടുകൂടി ലോറിക്കണക്കിന് ഒഴുകിപ്പോകുന്നുണ്ട്. ഇവിടെ കശുവണ്ടി ഫാക്ടറികൾ പൂട്ടി

LIBRARY ARCHIVES Kerala Legislative Assembly

ക്കിടക്കുകയാണ്. കയർ ഫാക്ടറികളെല്ലാം പൂട്ടിക്കിടക്കുകയാണ്. കയർ പിരിവ് കുറയുന്നു. എല്ലാം ഒഴുകി അന്യ സംസ്ഥാനങ്ങളിലേക്ക് പോകുകയാണ്. നമ്മുടെ പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായങ്ങളെല്ലാം തന്നെ മറ്റു സംസ്ഥാനങ്ങളിലേക്ക് ഒഴുകിപ്പോകുകയാണ്. ബീഡിയും, കയറും, കശുവണ്ടിയും എല്ലാം പോയി. കളിയിക്കാവിളക്കപ്പുറത്തേക്ക് 20 മൈൽ ദൂരം കഴിഞ്ഞ് 21-ാമത് മൈൽ അകത്തുചെന്നാൽ അവിടെ ഡസൻകണക്കിന് കശുവണ്ടി ഫാക്ടറികളുണ്ട്. രണ്ടു രൂപയ്ക്കു വേണ്ടി തമിഴ്നാട്ടിലെ പെൺകുട്ടികൾ പ്രതിദിനം പത്തുമണിക്കൂർ ജോലി ചെയ്യുന്നു. കശുവണ്ടി മാത്രമല്ല എന്തിച്ചുകൊടുക്കുന്നത്. പരമ്പരാഗത വ്യവസായങ്ങളെല്ലാം മൈഗ്രേറ്റ് ചെയ്യുകയാണ്. ഇതൊക്കെ തടയാൻ ഒരു നിയമ നിർമ്മാണം സാദ്ധ്യമാണെങ്കിൽ ആവശ്യമാണ്. അതിനുള്ള ഒരു നിയമനിർമ്മാണമല്ലയിത്. ഈ നിയമ നിർമ്മാണം വളരെ റെസ്ട്രിക്ടഡ് ആയിട്ടുള്ളതാണ്. അറച്ചറച്ച് ആരുടെയെങ്കിലും താൽപ്പര്യത്തിന് ഹാനി സംഭവിക്കുമോ എന്ന് കരുതി ''ടെമ്പററിയാണ്'', ''എനേബ്ലിംഗാണ്'' എന്നു പറഞ്ഞുകൊണ്ടാണ് കൊണ്ടുവരുന്നത്.

ഇന്നലെ വില നിയന്ത്രണത്തെപ്പറ്റി പറഞ്ഞു, സിവിൽ സപ്ലൈസിനെപ്പറ്റി പറഞ്ഞു. ഹോർഡിംഗ്, ബ്ലാക്ക് മാർക്കറ്റിംഗ് എന്നിവയെ നിയന്ത്രിക്കുന്നതിനെപ്പറ്റി ഇന്നലെ ഇവിടെ പ്രസംഗിച്ചുകേട്ടപ്പോൾ ഇത് ഏത് രീതിയിൽ പരിഹരിക്കുവാൻ കഴിയുമെന്നുകൂടി നോക്കണം എന്നാണ് എനിക്ക് പറയുവാനുള്ളത്. ഈ രാജ്യത്തും ശക്തിപ്പെടുത്തുന്നത് സമാന്തര സമ്പദ് ഘടനയാണോ എന്നുള്ളതു നോക്കണം. റിസർവ്വ് ബാങ്കിന്റെയും, കേന്ദ്ര ഫൈനാൻസ് മിനിസ്ട്രിയുടേയും കൈയിലുള്ള പണം, ഇക്കാര്യങ്ങളൊക്കെ നോക്കേണ്ടതാണ്. ഇവയേക്കാൾ കൂടുതൽ പണം സമാന്തര സമ്പദ്ഘടനയുടമകൾക്കുണ്ട്. ഫൈനാൻഷ്യൽ പോളിസി ആൻറ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന് പറഞ്ഞ് കേന്ദ്രഗവൺമെൻറിന്റെ ആഭിമുഖ്യത്തിൽ ഡൽഹിയിലുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ ഏറ്റവും അവസാനത്തെ പഠനമനുസരിച്ച് 75,000 കോടി രൂപ സമാന്തര സമ്പദ് വ്യവസ്ഥയിൽ ഗവൺമെൻറിനുള്ള പണമാണ്; ലിക്വിഡ് ആയിട്ടുള്ളതാണ്. അങ്ങനെ 75 കോടി രൂപയുടെ നിയന്ത്രണം വച്ചിട്ട് വലിയ കുത്തകക്കാർ, വൻകിട മുതലാളിമാർ, ഹോൾഡേഴ്സ്, ബ്ലാക്ക് മാർക്കറ്റേഴ്സ്, അഡാപ്റ്റേഴ്സ്, ബ്ലാക്ക്മണി ഹോൾഡേഴ്സ്, ഇറക്കുമതി കയറ്റുമതിഎന്നിവയിൽ തിരിമറി നടത്തുന്നവൻ എന്നീ ആളുകൾ ഈ രാജ്യത്ത് വിരാജിക്കുന്ന അവസരത്തിലാണ് ബ്ലാക്ക് മാർക്കറ്റിംഗും ഹോർഡിംഗുമൊക്കെ നടത്താൻ ഇവർക്ക് എല്ലാ സ്വാധീനവും ആരെയും വകവയ്ക്കാതെ നടത്താൻ കഴിയുന്ന പരിതഃസ്ഥിതിയിൽ കേരളത്തിലെ നിയമസഭയിൽ ഒരു നിയമ നിർമ്മാണം കൊണ്ടുവന്നിട്ട് ഞങ്ങൾ ഇതിനെയെല്ലാം നിയന്ത്രിക്കുവാൻ പോകുകയാണ് എന്ന് വാദഗതി മുഴക്കുകയാണെങ്കിൽ അതിൽപ്പരം അപഹാസ്യം യാതൊന്നുമില്ല. ഇപ്പോൾ അതാണ് ചെയ്യുന്നത്. ഞാൻ ബില്ലിന്റെ വകുപ്പുകളിലേയ്ക്ക് കടക്കുന്നില്ല. ബില്ലിലെ കാതലായിട്ടുള്ള സെക്ഷൻ (3), അതിന്റെ ഒരു ചർച്ചയ്ക്ക് ഞാൻ മുതിരുന്നില്ല. സെക്ഷൻ (3) കേന്ദ്ര ബില്ലിന്റെ മൂന്നാം വകുപ്പിന്റെ ഒരു പകർപ്പാണ് ഇത്. ഒഴിവാക്കേണ്ടത് ഒഴിവാക്കിയിട്ട് ബാക്കിയുള്ളത് ഒരു പകർപ്പാണ്. അതിൽക്കവിഞ്ഞ് ഇതിൽ പ്രത്യേകമായി മനസ്സിരുത്തേണ്ട യാതൊരു കാര്യവുമില്ല. ഇതിനുമുമ്പ് പാസ്സായിട്ടുള്ള നിയമങ്ങളുടെ ആവർത്തനമാണിത്. ആവർത്തനം ആയതുകൊണ്ട് ഉണ്ണിയെ കണ്ടാൽ അറിയാം ഊരിലെ പഞ്ഞം എന്നു പറഞ്ഞതുപോലെ ഇന്നലെവരെ ഇവിടെ നിലവിലുള്ള കാര്യങ്ങളൊക്കെ നോക്കിക്കഴിഞ്ഞാൽ ഇവിടെ എന്താണ് സംഭവിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നത്; അതിന്റെ ഭാവി വിധി എന്തായിരിക്കും; അതിന്റെ ജാതകം എന്താണ് എന്നു കുറിക്കേണ്ടയാവശ്യമില്ല. കുറിച്ചുകഴിഞ്ഞതാണ്. ഒന്നും നടക്കാൻ പോകുന്നില്ല. ഹസ്ക്ക് കൺട്രോളിനെപ്പോലെ, റാനട്സിന്റെ കൺട്രോം പോലെ ഒരു പ്രഹസനമായിട്ടുവരും ഇതും. അതുകൊണ്ട് ഇത് നടപ്പിലാക്കാനുള്ള ഒരു സംവിധാനമുണ്ടാക്കണമെന്നാണ്. വ്യവസായങ്ങൾക്ക് കർശനമായ നിയന്ത്രണം ഏർപ്പെടുത്തണം. എസൻഷ്യൽ കമോഡിറ്റീസ് എന്നു പറയുന്ന ലിസ്റ്റിൽ രണ്ട് ഐറ്റമാണുള്ളത്. ഇലക്ട്രിസിറ്റിയും, സോഫ്റ്റ് വുഡും. അതിനപ്പുറം പോയി എന്തെങ്കിലും ഐറ്റം അടിയന്തിരമായി മാറിയ പരിതസ്ഥിതിയിൽ കൊണ്ടുവരുവാൻ കഴിയുമോ എന്ന് ആലോചിച്ച് അത് കൊണ്ടുവരണം. എക്സിക്യൂട്ടീവിന്റെ കയ്യിൽ ഈ ബിൽ പോയിക്കഴിഞ്ഞാൽ മനസ്സിരുത്തി ഒന്ന് ആലോചിക്കണം. അതുപോലെതന്നെ ഡെലിഗേഷൻസ്, കോഗ്നിസെൻസ് ഓഫ് ഒഫൻസ് ഇങ്ങനെയുള്ള ഇതിന്റെ അവസാനത്തെ ഭാഗങ്ങം, നാലുമുതൽ 10 വരെയുള്ള ഭാഗങ്ങം കുറച്ചുകൂടി ഫലപ്രദമാക്കുന്നതിന് ഏതുതരത്തിൽ മാറ്റം വരുത്തുവാൻ കഴിയുമെന്ന് ആലോചിക്കണം. കഴിഞ്ഞ കാല അനുഭവത്തിന്റെ വെളിച്ചത്തിൽ വളരെ പരിമിതമായിട്ടെങ്കിലും പ്രയോജനമുണ്ടാകണമെങ്കിൽ ഇങ്ങനെ ആലോചിച്ച് കൊണ്ടുവരണം. അതിനുവേണ്ടി ഒരു പ്രത്യേക മെഷിനറി സെറ്റ് അപ് ചെയ്യുകയാണെങ്കിൽ നമ്മുടെ ബ്യൂറോക്രസിക്ക് ഒന്നുകൂടി വീർക്കാനും, ചീർക്കാനുമുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയാണ് ചെയ്യുന്നത്. ഉദ്യോഗസ്ഥൻമാർക്ക് ജീപ്പ്, കാർ, ടി. എ., ഡി. എ. ഇവയൊക്കെ കൊടുത്താലും കാര്യങ്ങം ഒന്നും നടക്കുകയില്ല. കളളക്കടത്ത് ഇഷ്ടം പോലെ നടക്കുന്നുണ്ട്. അതിൽ ഒരു വ്യത്യാസം വരാൻ പോകുന്നില്ല. തുറന്ന മനസ്സോടുകൂടി ചെയ്യേണ്ട ഒരു കാര്യമാണിത്. അത് ചെയ്യാതിരുന്നാൽ എന്താണ് സ്ഥിതി എന്നുളളതിനെപ്പറ്റി ആലോചിക്കണം. ഇതിനകത്ത് ഏത് വേണമെന്നുള്ള ഒരു ചോയ്സ് മാത്രമേയുള്ളൂ. ആ സ്ഥിതിക്ക് എന്താണ് പറയാനുള്ളതെന്ന് എനിക്കറിയില്ല. ഇത് പൊതുജനാഭിപ്രായത്തിന് സർക്കുലേറ്റ് ചെയ്യാൻ നമ്മം തയ്യാറാകണം.

സോഫ്റ്റ് വുഡിന്റെ മാത്രം കാര്യമല്ലയിത്. നമ്മുടെ രാജ്യത്തുള്ള പരമ്പരാഗത വ്യവസായങ്ങളെയെല്ലാം സംബന്ധിച്ച ഒരു പൊതുപ്രശ്നമാണ്. ബില്ലിനകത്ത് എല്ലാം ഉൾപ്പെടുത്തിക്കഴിഞ്ഞിട്ടില്ല. എക്സിക്യൂട്ടീവിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയെങ്കിൽത്തന്നെയും ഈ പ്രശ്നം കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്. നിർഭാഗ്യവശാൽ ചില സാധനങ്ങം നമുക്കു മാത്രമുള്ളതാണ്. കയർ നമ്മുടെ മാത്രമാണ്. കശുവണ്ടി നമ്മുടെ മാത്രമാണ്. നമ്മുടെ മാത്രമായ വ്യവസായങ്ങൾക്ക് സ്പെസഫിക് ആയി ബാധിച്ചിരിക്കുന്ന രോഗങ്ങം ഭീഷണി ഒഴിവാക്കി ഒരു ടെസ്റ്റ് കേസ് എന്നുള്ള നിലയ്ക്ക് അങ്ങനെ എടുത്തിട്ട് ഇതിനാവശ്യമായ ഭേദഗതി വരുത്തി പൊതുജനാഭിപ്രായത്തിന് വിടണം. പൊതുജനാഭിപ്രായം രൂപീകരിച്ചതിനുശേഷം ഒരു സെലക്ട് കമ്മിറ്റിയെ വച്ച് ആവശ്യമായ ഭേദഗതി വരുത്തി സാവകാശത്തിൽ പാസാക്കിയെടുക്കാണമെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. എ. സി. ഷൺമുഖദാസ്: ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ഈ സഭ ഇന്ന് പിരിയുകയാണ്. തിങ്കളാഴ്ച വീണ്ടും സമ്മേളിക്കുകയാണ് തിങ്കളാഴ്ച ശ്രീമാൻ ആർ. ബാലകൃഷ്ണപിള്ള സത്യപ്രതിജ്ഞ ചെയ്യുമെന്നും ആ സത്യപ്രതിജ്ഞ ദിവസം അഖിലേന്ത്യാ മുസ്ലീം ലീഗ്

LIBRARY ARCHIVES Kerala Legislative Assembly

അപ്പുറം വന്നതുകൊണ്ട് ഒരു മന്ത്രിസ്ഥാനംകൂടി കൊടുക്കുമെന്നും അതിനുവേണ്ടി ശ്രീ. സി. എം. സുന്ദരം മന്ത്രി സ്ഥാനം ഒഴിയുമെന്നും അങ്ങനെ ഒഴിയുമ്പോൾ അങ്ങയുടെ സ്ഥാനം ശ്രീ. സി. എം. സുന്ദരത്തിന് ലഭിക്കുമെന്നും.....(ബഹളം)... ..... അങ്ങനെയാണെങ്കിൽ അങ്ങയെ അനുമോദിക്കുവാൻ ഞങ്ങൾക്ക് അവസരം ഉണ്ടാകണം.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): ഇവിടെ ശ്രീമാൻ ഷൺമുഖദാസിനെപ്പോലെ ഒരാൾ, ഒരു പാർട്ടിയുടെ ലീഡർ ഒരു ബിൽ അവതരിപ്പിക്കുമ്പോൾ ഇത്തരം അപ്രസക്തങ്ങളായ കാര്യങ്ങൾ ഉന്നയിക്കുന്നത് സങ്കടകരമാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: അങ്ങയെ അനുമോദിക്കാനുള്ള അവസരം തരണം. അവസാന ദിവസമായതുകൊണ്ടാണ് ലീഡർ എന്നുള്ള നിലയിൽത്തന്നെ ഞാൻ ഇക്കാര്യം ചൂണ്ടിക്കാണിക്കുന്നത്.

ശ്രീ. പി. പി. തങ്കച്ചൻ: കോൺഗ്രസുകാർ (എസ്) ഭരണകക്ഷിയിലേയ്ക്ക് വരുന്നുവെന്ന് ഒരു വാർത്ത കേട്ടു.....(ബഹളം)

മി. ഡെപ്യൂട്ടി സ്പീക്കർ: മി. ഷൺമുഖദാസ് ഇതാണ് ചോദിക്കുവാൻ പോകുന്നതെന്ന് എനിക്ക് മനസ്സിലായില്ല. വേറെ എന്തെങ്കിലും ആയിരിക്കുമെന്നാണ് ഞാൻ വിചാരിച്ചത്. ഇതൊക്കെ ഒരു പാർട്ടി എടുക്കേണ്ട തീരുമാനങ്ങളാണ്. പാർട്ടി എടുക്കുന്ന തീരുമാനം പാർട്ടിയിൽപ്പെട്ട ആളുകൾ ശ്രദ്ധിക്കേണ്ട ബാദ്ധ്യതയുണ്ട്. ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം എന്നു പറയുന്നത് അത്ര മോശമായിട്ടുള്ള സ്ഥാനമാണെന്ന് എനിക്ക് അഭിപ്രായമില്ല. മാത്രമല്ല അങ്ങനെ പാർട്ടി ഒരു തീരുമാനമെടുത്താൽ തീർച്ചയായും ആ നിമിഷം അത് സ്വീകരിക്കുവാൻ ഞാൻ ബാദ്ധ്യസ്ഥനാണ്. അതുകൊണ്ട് ശ്രീമാൻ ഷൺമുഖദാസിന് എന്നെപ്പറ്റി അത്ര പ്രയാസം വേണ്ട.

ശ്രീ. സി. ടി. കൃഷ്ണൻ: സർ, അവശ്യസാധനങ്ങളുടെ നിയന്ത്രണ ബില്ലിനെ പറയുന്നത് പൊതുജനങ്ങളുടെ താത്പര്യത്തിനുവേണ്ടി ചില സാധനങ്ങളുടെ ഉൽപ്പാദനം, വിതരണം, വ്യാപാരം, വാണിജ്യം എന്നിവയെ നിയന്ത്രിക്കുന്നതിനെപ്പറ്റിയാണ്. ഈ ബിൽ മുഖേന ഇത്തരം സാധനങ്ങളെ ഒന്നും നിയന്ത്രിക്കാൻ കഴിയുകയില്ലെന്നുള്ളതാണ് നമ്മുടെ സംസ്ഥാനത്തെ അനുഭവം. പല സാധനങ്ങളുടെയും വില നിയന്ത്രിക്കുന്നതിനുവേണ്ടി നിയമം കൊണ്ടുവന്നിട്ടുണ്ടെങ്കിലും ആ നിയമം ഒന്നുംതന്നെ നടപ്പിലാക്കാനോ നിയമത്തിൽ ഉദ്ദേശിച്ച യാതൊന്നും ഫലപ്രദമായി പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായ തരത്തിൽ അവരുടെ താത്പര്യം സംരക്ഷിക്കാനോ, കഴിഞ്ഞിട്ടില്ലെന്നുള്ളതാണ്. ഇവിടെ കൊട്ടിഘോഷിക്കപ്പെട്ട ഒരു നിയമനിർമ്മാണമാണ് അഴിമതിനിരോധന നിയമം. ഭരണകക്ഷിക്കാർ ആ നിയമത്തെപ്പറ്റി പുരപ്പുറത്ത് കയറിയാണ് വളരെയധികം പ്രസംഗിച്ചത്. അവർ പറഞ്ഞത് നമ്മുടെ സംസ്ഥാനത്ത് അഴിമതിനിർമ്മാർജനം ചെയ്യാൻ പോകുന്നു, ഈ നിയമം പാസ്സാക്കി എടുത്താൽ അടുത്ത ദിവസം മുതൽ നമ്മുടെ സംസ്ഥാനത്ത് യാതൊരുവിധ അഴിമതിയും ഉണ്ടാകാൻ പോകുന്നില്ലയെന്നാണ്. പക്ഷേ എന്താണ് ഫലം? അഴിമതി നിരോധന നിയമ പ്രകാരം നിയമിക്കപ്പെട്ട കമ്മീഷനു യാതൊരു ജോലിയും ഇല്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

ഇരിപ്പാണ്. കാരണം ആരെങ്കിലും ആക്ഷേപം കൊടുക്കാൻ പോകണ്ടേ? ആ നിയമത്തിൽ വികലമായ, വികൃതമായ വകുപ്പുകളാണ് എഴുതിച്ചേർത്തിരിക്കുന്നത്. അന്യായക്കാരനെ ശിക്ഷിക്കുമെന്നാണ് ആ നിയമത്തിൽ പറഞ്ഞിട്ടുള്ളത്. അന്യായക്കാരനെ ശിക്ഷിച്ചാൽ ആരെങ്കിലും അന്യായം കൊടുക്കാൻ പോകുമോ? അതുകൊണ്ടാണ് അഴിമതിനിരോധന നിയമം ഇന്ന് ഫലത്തിൽ ഇല്ലാത്ത ഒരനുഭവം ഉണ്ടായിട്ടുള്ളത്. ഈ നിയമം പാസ്സാകുന്ന അവസരത്തിൽ ഉണ്ടായിരുന്ന താത്പര്യമോ ഉൽസാഹമോ ജനങ്ങൾക്കില്ല, ഗവൺമെന്റിനും ഇപ്പോൾ ആ നിയമത്തെ സംബന്ധിച്ച് താത്പര്യം ഉണ്ടായിട്ടുമില്ല. അതുപോലെതന്നെ ഈ നിയമത്തിലും ആളുകൾക്ക് താത്പര്യമില്ലാതാകുന്ന ഒരു സ്ഥിതിയാണെങ്കിൽ ഇത് നടപ്പിലാകാൻ പോകുന്നില്ല. കാരണം വെറുതെ ഇവിടെ ചില സാധനങ്ങളുടെ വിതരണം, ഉൽപ്പാദനം ഇവ നിയന്ത്രിക്കുമെന്ന് പറയുന്നതൊഴിച്ചാൽ അവ അനുഭവത്തിൽ നടപ്പിലാവുകയില്ല. കാരണം സാധനങ്ങളുടെ വില നിയന്ത്രിക്കാൻ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നുള്ളതാണ്. ഏതെങ്കിലും സാധനങ്ങളുടെ വില നിയന്ത്രിക്കാൻ സംസ്ഥാന ഗവൺമെൻറ് മാത്രം വിചാരിച്ചാൽ സാധിക്കുകയില്ല. സാധനങ്ങളുടെ വില നിയന്ത്രിക്കേണ്ടത് കേന്ദ്രഗവൺമെൻറാണ്. കേന്ദ്രഗവൺമെൻറിനെക്കൊണ്ട് കഴിയാത്ത കാര്യം സംസ്ഥാനഗവൺമെൻറ് വിചാരിച്ചാൽ കഴിയുമോ? കമ്മിബഡ്ജറ് സ്ഥിരമായി അവതരിപ്പിക്കുക; കള്ളപ്പണം, കരിഞ്ചന്ത, പൂഴ്ത്തിവയ്പ് തുടങ്ങിയവ നിർബാധം തുടരുക. ഇത് തുടരുന്നിടത്തോളം കാലം എങ്ങനെയാണ് വില നിയന്ത്രിക്കാൻ കഴിയുക? എങ്ങനെയാണ് അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നത്? പൊതുജനങ്ങൾക്ക് എന്തെങ്കിലും ഗുണം ഉണ്ടാക്കാനാണ് ഈ നിയമം കൊണ്ടുദ്ദേശിക്കുന്നത്. പക്ഷേ യാതൊരു ഗുണവും ഉണ്ടാകാൻ പോകുന്നില്ല. കേന്ദ്രഗവൺമെൻറ് വിചാരിച്ചാൽ സാധിക്കാത്തത് സംസ്ഥാനഗവൺമെൻറ് വിചാരിച്ചാൽ സാധിക്കുമോ എല്ലാ സാധനങ്ങളുടെയും ഉൽപ്പാദനം, വിതരണം ഇവയെല്ലാംതന്നെ ഞങ്ങൾ നിയന്ത്രിക്കും, ജനങ്ങളുടെ താത്പര്യം സംരക്ഷിക്കുമെന്നൊക്കെ പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. കള്ളനോട്ട് അടി ഇല്ലാതാക്കാൻ കഴിയുമോ? കേന്ദ്രഗവൺമെൻറിന് കഴിഞ്ഞിട്ടില്ല. കരിഞ്ചന്ത തടയാൻ കഴിയുമോ? കഴിഞ്ഞിട്ടില്ല. പൂഴ്ത്തിവയ്പ് തടയാൻ കഴിയുമോ? കഴിഞ്ഞിട്ടില്ല. കമ്മിബഡ്ജറ് അവതരിപ്പിക്കുന്നത് മാറാൻ കഴിയുമോ? കഴിഞ്ഞിട്ടില്ല. ഇതെല്ലാം വിലക്കയറ്റത്തിന്റെ അനിവാര്യമായിട്ടുള്ള ഘടകങ്ങളാണ്. മുതലാളിത്ത സംവിധാനത്തിൽ മുതലാളിത്ത ഗവൺമെൻറ് ഭരിക്കുന്നിടത്തോളം കാലം വിലക്കയറ്റം ഉണ്ടാകും. അല്ലെങ്കിൽ പിന്നെ മുതലാളിത്ത ഗവൺമെൻറ് അല്ലെന്ന് പറയേണ്ടതായിവരും. അതുകൊണ്ടാണ് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ശ്രീ. അഹമ്മദ് കൊണ്ടുവന്നിട്ടുള്ള നിയമംകൊണ്ട് ഉദ്ദേശിച്ച ഫലം ഉണ്ടാകാൻ പോകുന്നില്ലെന്ന് പറയുന്നത്. ഇന്നലെ ഇവിടെ പലരും പ്രസംഗിക്കുന്നതുകേട്ടു. വിലക്കയറ്റം ആഗോളപ്രതിഭാസമാണെന്ന്. അത് ശരിയല്ല. സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ വിലക്കയറ്റം ഇല്ല. എന്താണ് അതിന്റെ പ്രത്യേകത? 50 കൊല്ലമായി റഷ്യയിൽ ഒരു സാധനത്തിന്റെയും വില കയറിയിട്ടില്ല. 30 കൊല്ലമായി ചൈന എന്ന് പറയുന്ന രാജ്യത്ത് സാധനങ്ങളുടെ വില ഒരു പൈസപോലും വർദ്ധിച്ചിട്ടില്ല. റഷ്യയിൽ സാധനങ്ങളുടെ വില കഴിഞ്ഞ കൊല്ലം ഉണ്ടായിരുന്നതിൽ നിന്നും 35 ശതമാനം കുറഞ്ഞു. മുതലാളിത്ത സംവിധാനത്തിൽ ഈ രീതിയിലുള്ള കൊള്ളരുതായ്മകളും ദുഷ്ചെയ്തികളും കരിഞ്ചന്തയും കള്ളപ്പണവും പൂഴ്ത്തിവയ്പും കള്ളനോട്ടടിയും നികുതി വെട്ടിപ്പും നടക്കുന്നിടത്തോളംകാലം വിലക്കയറ്റം തടയാൻ കഴിയുകയില്ല. എന്താണ്

LIBRARY ARCHIVES Kerala Legislative Assembly

സർ ഇന്ന് നമ്മുടെ നാട്ടിലെ വിലക്കയറ്റത്തിന്റെ സ്ഥിതി. ചില സാധനങ്ങൾക്ക് നൂറുശതമാനംവരെ വിലകൂടിയിട്ടുണ്ട്. ഞാൻ ഉദാഹരണമായി രണ്ടുമൂന്നുകാര്യങ്ങൾ പറയാം. 1980-ൽ സാധനങ്ങളുടെ വിലയും 1985-ൽ സാധനങ്ങളുടെ വിലയും തമ്മിൽ താരതമ്യപ്പെടുത്തി നോക്കാം.

	1980	1985
ഉപ്പ്	30 പൈസ	80 പൈസ
അരി	2 രൂപ 70 ,,	5 രൂപ 80 ,,
മുളക്	8 ,, 80 ,,	22 ,,
മല്ലി	4 ,, 50 ,,	10 ,,
റവ	2 ,, 40 ,,	3 ,, 75 ,,
പഞ്ചസാര	4 ,, 35 ,,	7 ,, 80 ,,
കടുക്	3 ,,	7 ,,
കാപ്പി	13 ,, 60 ,,	28 ,,
തേയില	15 ,, 20 ,,	36 ,,
കടല	3 ,, 15 ,,	6 ,, 50 ,,
ജീരകം	11 ,,	20 ,,
പയർ	4 ,,	5 ,, 60 ,,
ഉള്ളി	1 ,, 60 ,,	2 ,, 40 ,,

ഇതാണ് സ്ഥിതി. അപ്പോൾ വിലക്കയറ്റം തടയാൻ എന്തെങ്കിലും മാർഗ്ഗം സ്വീകരിച്ചേപറ്റൂ. ഭക്ഷ്യസാധനങ്ങളുടെ വിലയെ സംബന്ധിച്ച് നമുക്ക് പരിശോധിക്കാം. എന്താണ് സ്ഥിതി? ഭക്ഷ്യസാധനങ്ങളുടെ വിലയെങ്കിലും നിയന്ത്രിച്ചുനിർത്തുന്നതിനുവേണ്ടി റേഷൻ ഷോപ്പുകൾ, ന്യായവില ഷോപ്പുകൾ, മാവേലിസ്റ്റോറുകൾ തുടങ്ങിയവയൊക്കെ പ്രവർത്തിക്കുന്നുണ്ട്. ഓണക്കാലത്ത് സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് വേണ്ടി വ്യാപകമായി ഓണച്ചന്തകൾ തുറന്നല്ലോ, എന്താണ് അനുഭവം? പൊതു മാർക്കറ്റിലുള്ള വിലയേക്കാൾ കൂടുതൽ വില ഈ ഓണച്ചന്തകളും, മാവേലി സ്റ്റോറുകളും ഈടാക്കുന്ന അനുഭവം ഉണ്ടായിട്ടുണ്ട്. ഭക്ഷ്യസാധനങ്ങളുടെ വിലയെങ്കിലും നിയന്ത്രിച്ചുനിർത്താൻ എന്തെങ്കിലും സംവിധാനമുണ്ടോ? അതിന്റെ പേരിൽ എന്തെങ്കിലും നടപടി എടുക്കുമോ? ഒന്നും എടുക്കാൻ പോകുന്നില്ല. ഈ നിയമത്തിൽ പലതും പറയുന്നുണ്ട്. ഈ നിയമം ലംഘിച്ചാൽ ശിക്ഷ കൊടുക്കും, ജയിലിലിടും, രണ്ടുശിക്ഷയും ഒന്നിച്ചുകൊടുക്കുമെന്നൊക്കെ പറയുന്നു, എത്ര ആളുകളെ ശിക്ഷിച്ചിട്ടുണ്ടെന്നു പറയാൻ കഴിയുമോ? ഇത് ശിക്ഷിക്കാൻ വേണ്ടിയല്ല. അതുകൊണ്ടാണ് ഞാൻ പറയുന്നത്, ഈ നിയമം നടപ്പിലാക്കാൻ വേണ്ടിയല്ല.

പ്രധാനപ്പെട്ട കാർഷികബന്ധനിയമം അതുപോലെതന്നെ വിദ്യാഭ്യാസ നിയമം അതുപോലെയുള്ള പ്രധാനപ്പെട്ട ചില നിയമങ്ങളും മാത്രമാണ് ഈ സംസ്ഥാനത്തെ ബഹുഭൂരിപക്ഷം ജനങ്ങളുടെ താത്പര്യത്തിന് ഗുണമായി ഭവിച്ചിട്ടുള്ളത്. മറ്റു നിയമങ്ങളെപ്പറ്റി ഇവിടെ പറഞ്ഞു. നിയമം പാസ്സാക്കും, ഞങ്ങളും ഇതാ നല്ലകാര്യം ചെയ്യുന്നു എന്നൊക്കെ ഒരു പ്രചരണത്തിനുവേണ്ടി, ഒരു പരസ്യത്തിനുവേണ്ടി, ഇത്തരം നിയമം കൊണ്ടുവരുന്നു എന്നുള്ളതല്ലാതെ അത് ശരിയായ വിധത്തിൽ—ഉപയോഗപ്രദമായ വിധത്തിൽ—ജനങ്ങൾക്ക് അതിൽനിന്ന് ആശ്വാസം കിട്ടുന്നതിനു വേണ്ടിയല്ല. വിതരണത്തിലും, സംഭരണത്തിലും ഉള്ള അപാകതകളാണ് ഈ കുഴപ്പങ്ങൾക്കൊക്കെ കാരണം. വിതരണത്തിലും, സംഭരണത്തിലും ഒരു നടപടി എടുക്കാൻ ആത്മാർത്ഥമായി പരിശ്രമിക്കുന്നില്ല. ഇതിനു മുമ്പ് എന്തെല്ലാം നാണ്യവിളകളിൽ സംഭരണം നടത്തി. നെല്ല് ഇതാ

LIBRARY ARCHIVES Kerala Legislative Assembly

സംഭരിക്കുന്നു എന്ന് പറഞ്ഞു. നെല്ലിന് താങ്ങുവില കൊടുത്ത് നെല്ല് സംഭരിച്ചു. അവസാനം അത് ഉപേക്ഷിച്ചു. അതുപോലെ നേരത്തെ ഇവിടെ കശുവണ്ടിയുടെ കാര്യം പറഞ്ഞു. കശുവണ്ടിയുടെ കുത്തക സംഭരണം ഉണ്ടെന്നുപറഞ്ഞു. കശുവണ്ടിയുടെ കുത്തക സംഭരണം ഏറെറടുത്തതോടുകൂടി വ്യാപകമായി കള്ളക്കടത്തും കരിഞ്ചന്തയും വർദ്ധിക്കുകയാണ് ചെയ്തത്. അതുകൊണ്ട് കശുവണ്ടി മേഖലയാകെ തകർന്നു പോയി. കപ്പയ്ക്കു താങ്ങുവില നിശ്ചയിച്ചു. അങ്ങനെ കപ്പയാകെ സംഭരിച്ച് കപ്പക്കൃഷി നിലനിർത്താനും വില നിയന്ത്രിക്കാനും വേണ്ടി കപ്പ സംഭരണം വേണമെന്ന് പറഞ്ഞു. ഇപ്പോഴും കപ്പക്കൃഷിയുമില്ല സംഭരണവുമില്ല. കപ്പക്കൃഷിതന്നെയില്ല.

കൊക്കോ സംഭരണത്തെപ്പററി ഈ സംസ്ഥാനം മുഴുവൻ കേട്ടിരുന്നു. അന്നത്തെ കൃഷിമന്ത്രിയെപ്പററി കൊക്കോ മന്ത്രി എന്നും പറഞ്ഞിരുന്നു. ആ കൊക്കോയുടെ ഗതി എന്തായി? കൊക്കോ സംഭരണം വന്നിട്ട് എന്തായി? അതിന്റെയും ഗതിയാകെ താറുമാറിലായി. അങ്ങനെ ഓരോന്നെടുത്ത് പരിശോധിച്ചുനോക്കിയാലും മൊത്തത്തിൽ എടുത്തുപറഞ്ഞാൽ സംഭരണത്തിലും വിതരണത്തിലും അപാകതയാണ്. ആ അപാകത കൊണ്ടാണ് ഇത്തരം ബുദ്ധിമുട്ടുകൾ വരുന്നത്. അവശ്യസാധനം എന്ന് പറയുന്നത് തൊഴിലാളികളോ സർക്കാർ ജീവനക്കാരോ ചിലപ്പോഴും പണിമുടക്കിയാൽ അവശ്യ സർവ്വീസായി പ്രഖ്യാപിച്ച് അത്തരം സമരത്തെ പിടിച്ചുനിർത്താൻ ഉള്ള നടപടികളും എടുക്കുന്നതു പോലെ ഇനിയിപ്പോഴും നാളെ ചില സാധനങ്ങളുടെ പേര് പറഞ്ഞ് അവശ്യ സാധനങ്ങളെന്ന് പറഞ്ഞ് നിയന്ത്രിച്ചിട്ട് നിയമത്തിൽ ഇത് ഉൾപ്പെടുത്തിയാൽ ആ സാധനത്തിലോ അല്ലെങ്കിൽ അതിന്റെ പരിധിയിൽ വരുന്ന സമരങ്ങളേയും തൊഴിലാളികളെയും അവരുടെ അവകാശങ്ങളെയും എല്ലാം നിഷേധിക്കാനുള്ള ഒരു സംവിധാനമായി ഇതിനെ മാറാറാമെന്നുള്ളതല്ലാതെ ഈ അവശ്യസാധന നിയന്ത്രണനിയമം കൊണ്ട് ഉദ്ദേശിക്കുന്ന വിധത്തിലുള്ള ഫലം കിട്ടുകയില്ല, ഫലം കിട്ടണമെങ്കിൽ ഇതിൽ ആത്മാർത്ഥത വേണം, അങ്ങനെ ആത്മാർത്ഥമായി ഈ നിയമം നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള നടപടികളും വേണം, ഈ നടപടികൾക്ക് പിന്നിൽ ശരിയായി പ്രവർത്തിക്കുന്ന ഒരു സംവിധാനം ഉണ്ടാകണം. അതാണ് എനിക്ക് ഇത് സംബന്ധിച്ച് പറയാനുള്ളത്. അതുകൊണ്ട് മൊത്തത്തിൽ ഈ അവശ്യ സാധന നിയന്ത്രണബിൽ കഴിഞ്ഞ നിയമങ്ങൾ പാസ്സാക്കിയതുപോലെ— അഴിമതിനിരോധന നിയമവും അതുപോലുള്ള നിയമങ്ങളും പാസ്സാക്കിയതുപോലെ—ഇത് പാസ്സാക്കികഴിഞ്ഞാൽ ജനങ്ങൾക്ക് ഉപകാരപ്രദമല്ലാത്ത പരിതഃസ്ഥിതിയാണ് ഉണ്ടാകാൻ പോകുന്നത്. അതുകൊണ്ട് ഇതിന്റെ യഥാർത്ഥമായ അനുഭവവും ഗുണവും വിതരണത്തിലും സംഭരണത്തിലും ഉത്പാദനത്തിലും പൊതുജനങ്ങൾക്ക് ഒരാശ്വാസം കൊടുക്കുന്നതിനാവശ്യമായ കർശനമായ നടപടികളും ഈ നിയമത്തിന്റെ സ്പിരിറ്റിൽ ഉൾക്കൊള്ളണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ഇ. പത്മനാഭൻ: 1961-ൽ നമ്മുടെ സംസ്ഥാനത്ത് ഇത്തരമൊരു നിയമം അവതരിപ്പിച്ചുകൊണ്ട് അന്നത്തെ വ്യവസായമന്ത്രി നടത്തിയ പ്രസംഗം കേഷ്യധാന്യങ്ങളുടെ കാര്യത്തിൽ നടപ്പാക്കണമെന്നുള്ളതല്ലായിരുന്നു. മൂന്നാം പഞ്ചവത്സരപദ്ധതിയിൽ നമ്മുടെ സംസ്ഥാനം വിപുലമായ രീതിയിലുള്ള ഒരു വ്യവസായവല്ക്കരണത്തിലേക്ക് മുന്നേറിക്കൊണ്ടിരിക്കുകയാണ് എന്നും അങ്ങനെയുള്ള ഒരു വ്യവസായവല്ക്കരണ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന് ആവശ്യമായിട്ടുള്ള അസംസ്കൃതപദാർത്ഥങ്ങളും മറ്റും ലഭ്യമാകണമെങ്കിൽ കേന്ദ്രഗവൺമെന്റ് അംഗീകരിച്ച 1955-ലെ എസെൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് പോരാ, അതിൽപെടാത്ത മറ്റ് ഉൽപ്പന്നങ്ങളും പലതും ഉൾക്കൊള്ളേണ്ടതുണ്ട്; അതുകൊണ്ട് ആണ് നിയമം വരുന്നത് എന്നാണ് പറഞ്ഞത്. നമ്മുടെ വ്യവസായമേഖലയ്ക്ക് ഈ കഴിഞ്ഞ 24 കൊല്ലക്കാലമായി ഈ നിയമം നടപ്പാക്കിയതിനുശേഷം ഉണ്ടായ അനുഭവം എന്താണ് എന്നുള്ളത് കൂടി പരിശോധിച്ചിട്ടുവേണം ഈ നിയമത്തെപ്പറ്റി എന്തെങ്കിലും അഭിപ്രായം പറയാൻ. ഇപ്പോൾ ഇവിടെ കൊണ്ടുവന്നിരിക്കുന്നത് വൈദ്യുതിയുടെ സർച്ചാർജ് വർദ്ധിപ്പിക്കുന്ന ഒരു നോട്ടിഫിക്കേഷനാണ്. ഇഷ്ടപ്പെട്ടതിന്റെ നിയമപ്രാബല്യം ഉറപ്പു വരുത്താനായി ഒരു നിയമം നിലവിലില്ലാത്ത ഒരു കാലത്താണ് ആ നിയമം ഉപയോഗിച്ച് നോട്ടിഫിക്കേഷൻ കൊണ്ടുവന്നത്. അതിന് പൂർവകാല പ്രാബല്യത്തോടുകൂടിയുള്ള ഒരു അംഗീകാരം, അതിന് നിയമസാദ്ധ്യതകം, ഉറപ്പുവരുത്താൻ വേണ്ടി മാത്രമാണ് ഇത് കൊണ്ടുവന്നിട്ടുള്ളത്. അതല്ലാതെ ഇന്നത്തെ നമ്മുടെ വ്യവസായമേഖലയുടെ സുഗമമായ നടത്തിപ്പിനാവശ്യമായി എന്തെങ്കിലും അസംസ്കൃതപദാർത്ഥങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടിയല്ല. അങ്ങനെ ഉദ്ദേശമുണ്ടെങ്കിൽ ഇന്ന് കയർ മേഖലയിൽ പ്രശ്നം ഉണ്ടായിരിക്കുമായിരുന്നില്ല. തൊണ്ട് നിയന്ത്രണത്തിനുള്ള ഉത്തരവ് എസെൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് അനുസരിച്ച് തന്നെ കേന്ദ്രഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന് അത് കൈകാര്യം ചെയ്യാവുന്നതാണ്. അതുപോലെ നമ്മുടെ വ്യവസായങ്ങൾക്ക് ആവശ്യമായിട്ടുള്ള അസംസ്കൃത പദാർത്ഥങ്ങൾ ഏതെങ്കിലും സംബന്ധിച്ച് എന്തെങ്കിലുമൊരു ഉത്തരവ് പാസ്സാക്കിയതായി അറിയില്ല. ഈ എസെൻഷ്യൽ കമ്മോഡിറ്റീസ് ആക്ടിനെ സംബന്ധിച്ച് അതിൽ പറയുന്നതുതന്നെ it should be in the general interest of the public എന്നാണ്. General public interest is the interest of the consuming public not the interest of the dealers എന്നാണ് പറയുന്നത്. പക്ഷേ ഇവിടെ സംഭവിച്ചത് എന്താണ്? വിദ്യുച്ഛക്തിയുടെ സർചാർജ് വർദ്ധിപ്പിക്കുന്നത് ജനറൽ ഇൻറെസ്റ്റ് ഓഫ് ദി പബ്ലിക്കിനു വേണ്ടിയിട്ടല്ല, ആ അധികാരം ഉപയോഗിച്ചത് ജനറൽ ഇൻറെസ്റ്റ് ഓഫ് ദി ഡീലർക്ക് വേണ്ടിയാണ്. അതുപോലെ ഓരോ ഘട്ടം എടുത്ത് പരിശോധിച്ചാലും, സിമൻറിന്റെ വില വർദ്ധിപ്പിക്കുന്നതിന് ഈ നിയമം ഉപയോഗിച്ചു. അതും കൺസ്യൂമറിന്റെ താത്പര്യം കൊണ്ടല്ല, കേന്ദ്രഗവൺമെന്റായാലും സംസ്ഥാനഗവൺമെന്റായാലും ഈ നിയമങ്ങൾ ഏതെങ്കിലും സമയത്ത് വിനിയോഗിച്ചിട്ടുണ്ടെങ്കിൽ അത് എപ്പോഴും മുതലാളിമാരുടെ, ഡീലർമാരുടെ, ഉല്പാദകരുടെ താത്പര്യം സംരക്ഷിക്കുന്നതിന് വേണ്ടിയാണ്. ഒരിക്കലും ഉപഭോക്താവിന്റെ താത്പര്യം സംരക്ഷിച്ചിട്ടില്ല എന്നുള്ളത് വളരെ വ്യക്തമായി കാണാവുന്നതാണ്. ഇപ്പോൾ നമ്മുടെ മുമ്പിൽ ഒരു പ്രശ്നം ഉന്നയിച്ച് കഴിഞ്ഞതാണ്. നാളികേരത്തിന്റെ വിലയുടെ പ്രശ്നം—കൃഷിക്കാരന്റെ താത്പര്യത്തിനു വേണ്ടി ഇത്തരം സന്ദർഭത്തിൽ ഈ നിയമം ഉപയോഗിക്കാൻ തയ്യാറുണ്ടോ? ഈ നിയമം ഉപയോഗിച്ചുകൊണ്ട് അങ്ങനെയൊരു വില നിശ്ചയിക്കാൻ തയ്യാറല്ല. അതിന് ഇപ്പോൾ മാറ്റു ചില ഉപാധികൾ അന്വേഷിച്ചുകൊണ്ട് നടക്കുകയാണ്. അങ്ങനെ വ്യാവസായികമേഖലക്ക് വേണ്ടിയാണ് നിങ്ങൾ ഈ നിയമം കൊണ്ടുവന്നത് (1961) എങ്കിൽ ഇന്നോളം വ്യവസായങ്ങളുടെ തകർച്ചക്ക് കാരണമായിട്ടുള്ള സംഭവങ്ങളേ ഉണ്ടായിട്ടുള്ളൂ. ആ സന്ദർഭങ്ങളിലോരോന്നിലുംതന്നെ ഈ നിയമം ഉപയോഗിച്ചാൽ അസംസ്കൃത പദാർത്ഥങ്ങളും മറ്റും ലഭ്യമാക്കാൻ ഉള്ള അവസരം ഉള്ളപ്പോൾ അന്ന്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടില്ല എന്നുള്ളത് നമ്മുടെ ഒരു അനുഭവമാണ്. അതുകൊണ്ട് ഈ നിയമംകൊണ്ട് എന്ത് പ്രത്യേകത ഉണ്ടാകുമെന്ന് ഞങ്ങൾക്കറിയാം. ഇന്ന് നിയമപരമായി, സാങ്കേതികമായി കോടതിയുടെ മുന്നിൽ ആരെങ്കിലും കഴിഞ്ഞ കാലത്ത് പുറപ്പെടുവിച്ചിട്ടുള്ള രണ്ട് ഉത്തരവുകൾ ചോദ്യം ചെയ്താൽ അത് നിലനിൽപ്പില്ലാത്തതായി വരും എന്നുള്ളതുകൊണ്ട് അതിൽനിന്ന് രക്ഷപ്പെടാൻ വേണ്ടി മാത്രം ഒരു നിയമം കൊണ്ടുവരണമെന്നുള്ളതല്ലാതെ ഇവിടെ പലരും ഉന്നയിച്ചപോലെ അവശ്യവസ്തുക്കളുടെ, ഉപഭോഗവസ്തുക്കളുടെ വില നിയന്ത്രിക്കുന്നതിനോ മറ്റെന്തെങ്കിലും കാര്യത്തിനോ ഇത് ഈ ഗവൺമെൻറ് ഉപയോഗിക്കുമെന്ന് പ്രതീക്ഷിക്കാൻ യാതൊരു വിധത്തിലുള്ള ന്യായവും കാണുന്നില്ല. ഉണ്ടെങ്കിൽ മുമ്പേ ചെയ്യാൻ കഴിയുമായിരുന്നു. കഴിഞ്ഞ വർഷത്തിൽ ഈ നിയമസഭയിൽ വലിയ കോലാഹലങ്ങൾ ഉണ്ടാക്കിയതാണ്. പാലക്കാട് ജില്ലയിൽ പല പ്രദേശങ്ങളിലും റേഷൻഷോപ്പുകളിൽ നേരത്തെ സർക്കാർ വില നിശ്ചയിച്ച റേഷൻ ഉൽപ്പന്നങ്ങൾക്ക്—അരിക്ക്—അമിതമായ വില ഈടാക്കി എന്നുള്ളതാണ് പ്രധാനപ്രശ്നം. അവസാനം അത് തിരിച്ചുകൊടുക്കണമെങ്കിൽ ആയിരക്കണക്കിന് കാർഡ് ഉടമകൾ ഉള്ളതുകൊണ്ട് എങ്ങനെ എത്രയധികം വാങ്ങിയിട്ടുണ്ട് എന്നുള്ളത് അറിയാത്തതുകൊണ്ട് തിരിച്ചുകൊടുക്കാൻ പറ്റുകയില്ല എന്ന നിസ്സഹായതയാണ് ഇവിടെ ഭക്ഷ്യമന്ത്രി പറഞ്ഞത്. ഈ കേന്ദ്ര നിയമം ഉപയോഗിച്ചുകൊണ്ട്, നിലവിലുണ്ടായിരുന്ന നിയമം ഉപയോഗിച്ചുകൊണ്ട് അങ്ങനെ അന്യായമായി വില ഈടാക്കിയ ആരെയെങ്കിലും ശിക്ഷിക്കാൻ ഈ ഗവൺമെൻറ് മുന്നോട്ട് വന്നോ? മുന്നോട്ട് വരാൻ കഴിയുകയില്ല. റേഷൻ ഡീലർമാർക്ക് ഈ ഗവൺമെൻറും ഈ മന്ത്രിയും കടക്കാരാണ് എന്നുള്ളതുകൊണ്ട് അവരോട് ന്യായം പറയാൻ പറ്റുകയില്ല. ഈ നിയമം ഉണ്ടായിട്ടും അത് നടപ്പാക്കിയിട്ടില്ല. അവശ്യസാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനും രാജ്യത്ത് ന്യായമായ രീതിയിൽ ഉപഭോഗവസ്തുക്കൾ ലഭ്യമാക്കുന്നതിനും ഈ നിയമം ഉപയോഗിക്കുകയില്ല. റേഷൻ വ്യവസ്ഥ അനുസരിച്ചുള്ള വില വർദ്ധിപ്പിച്ച് വിറ്റപ്പോൾ കേന്ദ്രനിയമത്തിൽ തക്കതായ ശിക്ഷ നൽകുമെന്ന വ്യവസ്ഥ ഉണ്ടായിട്ടും അത് ചെയ്തിട്ടില്ല. നിഷ്ക്രിയത്വമാണ് ഈ രംഗത്ത് ഈ സർക്കാർ കാണിച്ചിട്ടുള്ളത്. അതുകൊണ്ട് ജനങ്ങളുടെ താത്പര്യങ്ങളൊന്നും സംരക്ഷിക്കുന്നതിന് ഈ ഗവൺമെൻറ് ഇന്നോളം പ്രവർത്തിച്ചിട്ടില്ല. കേന്ദ്രനിയമം നില നിന്നിട്ട് ഇവിടത്തെ കയർ വ്യവസായത്തെയോ, കശുവണ്ടി വ്യവസായത്തെയോ ഒന്നുംതന്നെ അവർക്ക് സംരക്ഷിക്കാൻ കഴിയാത്തതുപോലെതന്നെ സംസ്ഥാന നിയമം ഉപയോഗിച്ചിട്ടും അങ്ങനെ വ്യവസായങ്ങൾ സംരക്ഷിക്കുന്നതിനോ തൊഴിലാളികളുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനോ തയ്യാറായിട്ടില്ല. ഈ നിയമം കൊണ്ടുവന്നാൽതന്നെ എന്തു സംഭവിക്കും എന്നുള്ളത് എടുത്ത് പരിശോധിച്ചാൽ കേന്ദ്ര നിയമത്തിൽ ആണെങ്കിൽ ഇതിനുമുമ്പായി ചുമതലപ്പെട്ട ഉദ്യോഗസ്ഥൻമാർ അഡ്ജുഡിക്കേറ്റ് ചെയ്യുന്നതിനും ആ സാധനങ്ങൾ പിടിച്ചെടുക്കുന്നതിനുമുള്ള അവകാശമുണ്ട്. ഈ നിയമത്തിൽ അങ്ങനെ ഫലപ്രദമായി പ്രവർത്തിക്കുന്നതിനും, അവശ്യസാധനങ്ങളുടെ വിനിയോഗം എന്നീ രംഗത്തൊക്കെ ഗവൺമെൻറിന്റെ അധികാരം കൊണ്ടുചെന്ന് ന്യായമായും ജനങ്ങൾക്ക് ലഭിക്കേണ്ട—ഉപഭോക്താവിന് ലഭിക്കേണ്ട—അവശ്യവസ്തുക്കൾ ലഭ്യമാക്കുന്നതിനോ അല്ലെങ്കിൽ ഈ രംഗത്ത് കരിഞ്ചന്തയോ പൂഴ്ത്തിവയ്പോ നടത്തുന്നത് ഇല്ലാതാക്കാൻ വേണ്ടിയുള്ള എന്തെങ്കിലും സമീപനം സ്വീകരിക്കുന്നതിനാവശ്യമായ അധികാരമോ ഇത് നടപ്പാക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് കൊടുത്തിട്ടില്ല. ഇത് വൈദ്യുതിയുടെ ചാർജ് ഈടാക്കിയതിനുള്ള ന്യായീകരണം കണ്ടെ

LIBRARY ARCHIVES Kerala Legislative Assembly

ത്തുന്നതിന് ഉള്ള നിയമപരമായ അടിസ്ഥാനം ഉണ്ടാക്കുന്നതിനും അല്ലാതെ കണ്ട് നമ്മുടെ സാമൂഹ്യജീവിതത്തിൽ, ജനജീവിതത്തിൽ എന്തെങ്കിലും മാറ്റം ഉണ്ടാക്കാൻ ഉദ്ദേശിച്ചതായി ഈ ബിൽ അവതരിപ്പിച്ച സമയത്ത് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായില്ല. കഴിഞ്ഞ കാലത്ത് പുറപ്പെടുവിച്ച രണ്ട് ഉത്തരവുകളും കാലഹരണപ്പെട്ടതിനുശേഷവും ആ രണ്ട് ഉത്തരവുകളും നിലനിന്നു എന്നുള്ളതുകൊണ്ട് മാത്രമാണ്. അത്രയേ ഗവൺമെന്റിന് ഉദ്ദേശമുള്ളൂ എന്നുള്ളത് വളരെ വ്യക്തമാണ്. മറ്റെല്ലാ കാര്യങ്ങളും ഇവിടെ പറയുന്നത് അപ്രസക്തമാണ്. ഒരു ഉപയോഗവസ്തുവിന്റെ വില നിയന്ത്രിക്കുന്നതിനോ, അതല്ലെങ്കിൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനോ അല്ല ഈ നിയമം കൊണ്ട് ഉദ്ദേശിക്കുന്നത്. 1961-ൽ ആദ്യമായി ഈ നിയമം കൊണ്ടുവന്ന കാലത്ത് ഉണ്ടായിരുന്നതൊന്നുംതന്നെ ഇന്ന് ഈ സർക്കാരിന്റെ ശ്രദ്ധയിൽ ഇല്ല. ഈ സർക്കാർ ഇതൊന്നും ഉദ്ദേശിച്ചിട്ടില്ല. വാസ്തവത്തിൽ അത് അത്യാവശ്യമാണ്. ഈ നിയമം പാസ്സായാൽ ഒരു കരിഞ്ചന്തക്കാരനും ഈ സർക്കാരിനെ ഭയപ്പെടേണ്ട ആവശ്യമില്ല.

ഇവിടെ പലരും സൂചിപ്പിച്ചതുപോലെ അഴിമതിനിവാരണ നിയമം കൊണ്ടുവന്നപ്പോൾ എല്ലാ അഴിമതിക്കാരും സത്യസ്ഥരായിട്ടുണ്ട്, അവർക്ക് എല്ലാപേർക്കും നല്ല സംരക്ഷണമായി എന്നുള്ളതുപോലെ ഈ നിയമം പാസ്സായാൽ കരിഞ്ചന്തക്കാരനും പരിഭ്രമിക്കാനില്ല, അവരെല്ലാം സുരക്ഷിതരായിരിക്കും, കാരണം അങ്ങനെ ഒരു നിയമം പാസ്സാക്കിയിട്ടുണ്ട് എന്ന് പറഞ്ഞ് ഞങ്ങളുടെ മുമ്പിൽ വീരശൂരപരാക്രമം കാണിക്കാനുള്ള പട്ടികയിലേക്ക് ഒരു ഐറ്റം ചേർക്കുകയെന്നുള്ളതല്ലാതെ മറ്റൊന്നും തന്നെ ഇതുകൊണ്ട് ഉദ്ദേശിക്കുന്നില്ല. ഇത് നടപ്പാക്കുന്നതിനാവശ്യമായിട്ടുള്ള ഉദ്യോഗസ്ഥൻമാർക്ക് അധികാരം നൽകണം. അതുപോലെതന്നെ ഈ നിയമം ലംഘിക്കുന്നവരെ സംബന്ധിച്ചിടത്തോളം അവർക്കുള്ള ശിക്ഷ അത് എങ്ങനെയെല്ലാം നടപ്പാക്കാൻ കഴിയുമെന്നുള്ള കാര്യത്തെ സംബന്ധിച്ച വകുപ്പുകളും അവ്യക്തമാണ്.

സർ, കേന്ദ്രഗവൺമെന്റ് ഈ നിയമത്തിൽ കൊടുത്തിട്ടുള്ള വകുപ്പുകൾക്ക് സമാനമായ വകുപ്പുകളെങ്കിലും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അതിലെല്ലാം വെള്ളം ചേർത്തിരിക്കുകയാണ്. അതുകൊണ്ട് ഈ നിയമം പാസ്സാക്കാതെ, ഇതിന്റെ ഉദ്ദേശശുദ്ധി എന്തുതന്നെയായാലും അതിനെ ആർക്കും എതിർക്കാൻ കഴിയുകയില്ല. അവശ്യവസ്തുക്കൾ ക്രമീകരിക്കാൻ വേണ്ടിയുള്ള ഒരു നിയമമാണ്. അതുകൊണ്ട് യാതൊന്നും ക്രമീകരിക്കുന്നില്ല, ക്രമീകരിക്കാൻ ഈ നിയമത്തിലെ വകുപ്പുകൾ ദുർബലങ്ങളാണെന്നുള്ളതും ഒരു യാഥാർത്ഥ്യമാണ്. ഈ നിയമം സബ്ജക്ട് കമ്മിറ്റി സ്റ്റേജിൽ പരിശോധിക്കുമ്പോളെങ്കിലും കേന്ദ്രനിയമത്തിൽ അനുസരണമായിട്ടുള്ള മാറ്റങ്ങൾ വരുത്തിക്കൊണ്ട് ഫലപ്രദമായി നടപ്പിലാക്കാൻ വേണ്ടിയുള്ള എന്തെങ്കിലും സൗകര്യങ്ങൾ നിയമപരമായി ഉണ്ടാക്കാൻ ശ്രമിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്. ഈ നിയമം വാസ്തവത്തിൽ ഫലപ്രദമായി നടപ്പിലാക്കുകയാണെങ്കിൽ വ്യാവസായിക മേഖലയിലും അതുപോലെ തന്നെ ഉപഭോക്താക്കളുടെ രംഗത്തും ഗവൺമെന്റിന്റെ സേവനം എത്തിക്കാൻ കഴിയും. കരിഞ്ചന്തയും പൂഴ്ത്തിവയ്പും ഈ നിയമംകൊണ്ട് തടയാൻ കഴിയും. പക്ഷേ നിയമം മാത്രം ഉണ്ടായാൽ പോര. ഗവൺമെന്റിന് അതിനുള്ള താല്പര്യവും വേണം. റേഷൻകടക്കാർ അമിതവില വാങ്ങിയാൽ അവരോട് സംസാരിക്കാൻ ഈ മന്ത്രിമാർക്കും ഗവൺമെന്റിനും കഴിയുകയില്ല. ഇത് ഇവിടെ തെളിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

കാര്യമാണ്. ആ ഒരൊറ്റ കാരണം കൊണ്ടുതന്നെ ഇത് ഈ രംഗത്തേക്ക് എടുത്തുകൊണ്ടുപോകുവാൻ കഴിയുകയില്ല. കശുവണ്ടി ഈ രാജ്യത്തു നിന്ന് കടത്തിക്കൊണ്ടുപോകുന്നതായിട്ടുള്ള എജൻറുമാർ അപ്പുറത്തിരിപ്പുണ്ട്. തൊണ്ട് കേരളത്തിനു വെളിയിലേക്ക് കടത്തിക്കൊണ്ടു പോകുന്ന എജൻറുമാർ അപ്പുറത്തിരിപ്പുണ്ട്. ഇത്തരം നിയമങ്ങൾ ഉണ്ടായാൽ അത് നടക്കുന്നില്ല. കേരളത്തിൽ ഇത്തരം വ്യവസ്ഥകൾ നശിച്ചുകൊണ്ടിരിക്കുകയാണ്. അത് കേരളത്തിനു പുറത്തേക്ക് പോയിക്കൊണ്ടിരിക്കുകയാണ്. അത് തടയാനോ, നമ്മുടെ സാമ്പത്തിക ഭദ്രതയുടെ താൽപര്യത്തിനോ, ലക്ഷക്കണക്കിന് തൊഴിലാളികളുടെ താൽപര്യത്തിനുവേണ്ടി യാതൊന്നും ചെയ്യാൻ ഈ ഗവൺമെൻറിന് കഴിയുന്നില്ലായെന്നുള്ളതാണ് വസ്തുത. അതുകൊണ്ട് നിയമം അല്ല പ്രശ്നം. നിയമം നടപ്പിലാക്കാൻ തയ്യാറാണോ എന്നുള്ളതാണ് പ്രശ്നം. അതിന് തയ്യാറല്ലെന്നുള്ളത് ഇതിനകം വ്യക്തമായി കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് കരിഞ്ചന്തക്കാർക്കും പൂഴ്ത്തിവയ്പുകാർക്കും യാതൊരു ആപത്തും വരികയില്ലായെന്നുള്ളതുകൊണ്ട് ഇതിന് എതിർപ്പ് ഒരുഭാഗത്തുനിന്നും ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. അങ്ങനെയുള്ള ഒരു സ്ഥിതിവിശേഷം ഈ നിയമം പരിശോധിച്ചാൽ കാണാൻ കഴിയും. അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് ഈ നിയമം ആവശ്യമായ ഭേദഗതികളോടെ സബ്ജക്ട് കമ്മിറ്റി സ്റ്റേജിൽ പുനരാവിഷ്കരിക്കാൻ സൗമനസ്യം വയ്ക്കണം. മാത്രവുമല്ല ഈ നിയമം നടപ്പിലാക്കുന്നതിൽ ആവശ്യമായിട്ടുള്ള അധികാരവും നിയമം ലംഘിക്കുന്നവർക്ക് ശിക്ഷ നൽകുന്നതിനുള്ള സംവിധാനവും ഉണ്ടാക്കിക്കൊണ്ട് നിയമം ആവിഷ്ക്കരിച്ച് നിയമസഭയിൽ കൊണ്ടുവരാൻ മന്ത്രി മുൻകയ്യെടുക്കണം. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഒ. ഭരതൻ: നമ്മുടെ സംസ്ഥാനത്തിലെ നാനാ മേഖലകളിൽ പെട്ടിട്ടുള്ള ആളുകളെ ബാധിക്കുന്ന പൊതു നിയമം ആയതുകൊണ്ട് എല്ലാ വിഭാഗം ആളുകളുടെയും അഭിപ്രായം മനസ്സിലാക്കുകയും അറിയുകയും ചെയ്യുന്നത് ഈ നിയമത്തെ സംബന്ധിച്ചിടത്തോളം നന്നായിരിക്കുമെന്നുള്ളതുകൊണ്ടാണ് ഇത് പൊതുജനാഭിപ്രായത്തിനു വിടണമെന്നുള്ള ഭേദഗതി ഞാൻ അവതരിപ്പിക്കുന്നത്. ഈ നിയമംകൊണ്ട് ഉദ്ദേശിക്കുന്നത് നമ്മുടെ നാനാമേഖലകളിലുള്ള വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃത സാധനങ്ങൾ സുകര്യപ്രദമായി ലഭിക്കണമെന്നുള്ളതാണ്. പക്ഷേ നമ്മുടെ സംസ്ഥാനത്തിലെ വ്യവസായങ്ങളുടെ സ്ഥിതി ഇപ്പോഴെന്താണ്? കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ആണെന്നു തോന്നുന്നു നമ്മുടെ വ്യവസായവകുപ്പുമന്ത്രി പറഞ്ഞത് ഏഴായിരത്തിൽ അധികം ചെറുകിട വ്യവസായ സ്ഥാപനങ്ങൾ രോഗബാധയേറ്റ് നമ്മുടെ സംസ്ഥാനത്ത് കിടക്കുന്നു എന്ന്. അതിനു മുൻകൊല്ലം ആലുവായിൽ വച്ച് സുപ്രധാനമായ ഒരു ചർച്ച സംഘടിപ്പിക്കപ്പെടുകയുണ്ടായി. നാഷണൽ സെമിനാർ ഓൺ ഇൻഡസ്ട്രിയൽ സിക്നസ് എന്ന പേരിലാണ് ആലുവായിൽ സെമിനാർ സംഘടിപ്പിച്ചത്. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് സെമിനാർ ഉദ്ഘാടനം ചെയ്തത്. ആ സെമിനാർ ഉദ്ഘാടനം ചെയ്ത സമയത്ത് നമ്മുടെ മുഖ്യമന്ത്രി പറഞ്ഞത് നമ്മുടെ സംസ്ഥാനത്ത് പതിനായിരത്തിലധികം ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ രോഗബാധയേറ്റ് കിടക്കുന്നുവെന്നാണ്. ഏതാണ്ട് നൂറു കോടിയിലധികം രൂപ മൂലധനമായിട്ട് മരവിച്ചു കിടക്കുകയാണ്. ഏതാണ്ട് ഒരുലക്ഷത്തിലധികം ജോലിയുള്ള തൊഴിലാളികൾ ഇതിൻറെ ഫലമായിട്ട് തൊഴിലില്ലാതെ കിടക്കുകയാണ്. ഈ

LIBRARY ARCHIVES Kerala Legislative Assembly

ചെറുകിട വ്യവസായ സ്ഥാപനങ്ങളെ രോഗബാധയിൽനിന്ന് വിമുക്ത മാക്കുന്നതിന് ആവശ്യമായിട്ടുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ സംസ്ഥാന ഗവൺമെൻറിന് സ്വീകരിക്കാൻ സാധിക്കുന്നില്ല.

മരവ്യവസായത്തെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. തീപ്പെട്ടി, പ്ലൈവുഡ്, ടിമ്പർ തുടങ്ങിയ വ്യവസായങ്ങളുടെ സ്ഥിതി എന്താണ്? അതിന് ആവശ്യമായിട്ടുള്ള സാധനങ്ങൾ കിട്ടുന്നില്ല. അതുകൊണ്ട് നൂറ് ദിവസംപോലും പണികൊടുക്കാൻ നമ്മുടെ വ്യവസായ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല. മരവ്യവസായ സ്ഥാപനങ്ങൾക്ക് അതിന് സാധിക്കുന്നില്ല. നമ്മുടെ സംസ്ഥാനത്തിലെ 1981-ലെ സെൻസസ് റിപ്പോർട്ട് എടുത്തു പരിശോധിച്ച് നോക്കിയാൽ നൂറ് ദിവസത്തിൽ താഴെ ജോലി കിട്ടുന്ന തൊഴിലാളികളുടെ എണ്ണം ഓരോ കൊല്ലം കഴിയും തോറും വർദ്ധിച്ചു വരുന്നതായിട്ടാണ് കാണാൻ കഴിയുന്നത്. അതിന് കാരണം തൊഴിലാളികൾ പണിയെടുക്കാൻ തയ്യാറാകാത്തതു കൊണ്ടാണോ? അവർ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾക്ക് മാർക്കറ്റ് ഇല്ലാത്തതുകൊണ്ടാണോ? ആ വ്യവസായ സ്ഥാപനങ്ങൾക്ക് ആവശ്യമായിട്ടുള്ള അസംസ്കൃത സാധനങ്ങൾ കൊടുക്കാൻ സംസ്ഥാന ഗവൺമെൻറിന് സാധിക്കുന്നില്ല. കൃത്രിമമായിട്ട് ചില ആളുകൾ ഗവൺമെൻറിന്റെ മേൽ സ്വാധീനം ചെലുത്തി പെർമിറ്റ് സമ്പാദിക്കുന്നു. അങ്ങനെ പെർമിറ്റ് വാങ്ങിച്ച് ഇവർക്ക് കിട്ടുന്ന മരമോ അല്ലെങ്കിൽ പെർമിറ്റോ വേറെ ചില ആളുകൾക്ക് ലാഭകരമായി വില്പന നടത്തുന്നു. ആ മരം അന്യസംസ്ഥാനങ്ങളിലേക്ക് കടത്തിക്കൊണ്ട് പോകുകയാണ്. ഇതാണ് നമ്മുടെ സംസ്ഥാനത്തിനകത്ത് നടന്നുകൊണ്ടിരിക്കുന്നത്. മരവ്യവസായങ്ങൾ, സിമൻറ് ഉപയോഗിച്ചു നടത്തുന്ന വ്യവസായ സ്ഥാപനങ്ങൾ, മെഴുക് ഉപയോഗിച്ചു നടത്തുന്ന വ്യവസായ സ്ഥാപനങ്ങൾ ഇങ്ങനെ നാനാ മേഖലകളിൽ പെട്ടിട്ടുള്ള നിരവധി വ്യവസായ സ്ഥാപനങ്ങൾ ഒന്നുകിൽ പൂട്ടപ്പെട്ടു കിടക്കുന്നു അല്ലെങ്കിൽ രോഗബാധയേറ്റ് കിടക്കുന്നു. ഇതാണ് നമ്മുടെ സംസ്ഥാനത്തിലെ സ്ഥിതി.

അഖിലേന്ത്യാടിസ്ഥാനത്തിൽ ഈ സ്ഥിതി പരിശോധിക്കാം. ഈ അടുത്ത കാലത്ത് ഗവൺമെൻറുതന്നെ പ്രസിദ്ധീകരിച്ച കണക്കനുസരിച്ച് എൺപതിനായിരത്തിലധികം വ്യവസായ സ്ഥാപനങ്ങൾ രോഗബാധയേറ്റ് കിടക്കുകയാണ്. ചെയർമാൻ ഇത് കേട്ടപ്പോൾ അതിശയം ഉണ്ടാകും. അതിന്റെ ഫലമായിട്ട് ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിലില്ല. ഈ വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടാനുള്ള കാരണമെന്താണ്? ഈ വ്യവസായ സ്ഥാപനങ്ങൾക്ക് രോഗബാധയേൽക്കുവാനുള്ള കാരണമെന്താണ്? റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ നടത്തിയിട്ടുള്ള പഠനത്തിൽ പറയുന്നത് വേണ്ടത്ര അസംസ്കൃത സാധനങ്ങൾ കിട്ടുന്നില്ല, വ്യവസായ ഉല്പന്നങ്ങൾക്ക് മാർക്കറ്റ് ഉണ്ടോയെന്ന് പരിശോധന നടത്തുന്നില്ല. അതിന്റെ ഫലമായിട്ട് എൺപതിനായിരത്തിലധികം വ്യവസായ സ്ഥാപനങ്ങൾ ഈ രാജ്യത്ത് രോഗബാധയേറ്റ് കിടക്കുകയോ അല്ലെങ്കിൽ പൂട്ടിക്കിടക്കുകയോ ചെയ്യുന്നു. നാലായിരത്തിൽ ചില്വാനം കോടി രൂപയാണ് മൂലധനമായിട്ട് മുടക്കിയിട്ടുള്ളത്. ആർക്കും ആവശ്യമില്ലാതെ അത് കിടക്കുകയാണ്. ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് തൊഴിലില്ല. ഈ സ്ഥിതിവിഷേം പരിഹരിക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നില്ല. നമ്മുടെ രാജ്യത്ത് നിയമം ഇല്ലാത്തതിന്റെ കുഴപ്പമില്ല. ഓരോ വർഷം കഴിയുംതോറും കൂണു പൊങ്ങുന്നതുപോലെയാണ് നിയമം ഉണ്ടാകുന്നത്. നിയമപുസ്തകങ്ങളുടെ അലമാര എടുത്ത് പരിശോധിച്ചാൽ പുതിയ നിയമങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത് കാണാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയും. നിയമങ്ങൾക്ക് ക്ഷാമമില്ല. അത് ഫലപ്രദമായി നടപ്പിലാക്കപ്പെടുന്നില്ല. നിയമം നടപ്പിലാക്കാൻ ബാദ്ധ്യസ്ഥരായിട്ടുള്ള ഉദ്യോഗസ്ഥൻമാർ അല്ലെങ്കിൽ ഭരണാധികാരികൾ ആ നിയമം നടപ്പിലാക്കുന്നില്ല. നിയമം നടപ്പിലാക്കുന്നത് ചൂണ്ടിക്കാണിച്ച് സ്വന്തം കീശ വീർപ്പിക്കുന്ന നടപടികളാണ് ഭരണാധികാരികൾ നടത്തുന്നത്. എത്ര നിയമം നമ്മുടെ രാജ്യത്ത് ഫലപ്രദമായി നടപ്പിലാക്കപ്പെടുന്നുണ്ട്. നിയമം ഉണ്ടാക്കുക, അത് നടപ്പിലാക്കാതിരിക്കുക ഇതാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. നമ്മുടെ രാജ്യത്ത് നിലവിലുള്ള ചില നിയമങ്ങളുടെ കാര്യം പരിശോധിച്ചു നോക്കാം.

അഴിമതിനിരോധന നിയമത്തിന്റെ കാര്യം ഇന്നലെയും ഇന്നും പല ആളുകളും ഇവിടെ പറഞ്ഞു. വലിയ ജഡ്ജിമാർ, നമ്മുടെ നിയമസഭയുടെ സെക്രട്ടറിയായിരുന്ന ഡോക്ടർ പ്രസന്നൻ മുതലായ ആളുകൾ കമ്മീഷനിലില്ലേ? അവർ ഇപ്പോൾ എന്താണ് ചെയ്യുന്നത്? മുൻപ് ഇവിടെയിരുന്ന് ഭംഗിയായിട്ട് നിയമസഭാ നടപടികൾ നടത്തുമായിരുന്നു. ഇപ്പോൾ അദ്ദേഹം ഈച്ചയെ ആട്ടിക്കൊണ്ടിരിക്കുകയാണ്. അവർക്ക് പണിയില്ല. അവർക്ക് തൊഴിലുണ്ടാക്കികൊടുക്കുവാൻ ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കണം. അത് ദേശീയ നഷ്ടമല്ലേ. വെറുതെ ഒരാളെ പിടിച്ച് കസേരയിൽ ഇരുത്തി ശമ്പളം കൊടുക്കുകയാണ്. അയാളുടെ കഴിവും സാമർത്ഥ്യവുമൊക്കെ ദുർവിനിയോഗം ചെയ്യുകയല്ലേ നമ്മൾ ചെയ്യുന്നത്. ഒരുകൊല്ലമായില്ലേ വെറുതെ നമ്മൾ ശമ്പളം കൊടുക്കുവാൻ തുടങ്ങിയിട്ട്. എന്താണ് അവർ ചെയ്യുന്നത്? നിയമം ഇല്ലാഞ്ഞിട്ടാണോ, കുറവ് ചെയ്യാഞ്ഞിട്ടാണോ? നമ്മുടെ സംസ്ഥാനത്ത് അഴിമതി നടത്താത്ത ഒറ്റ മന്ത്രിയുടെ പേര് പറയാൻ നിങ്ങൾക്ക് കഴിയുമോ? നിങ്ങൾ തന്നെ എത്ര തവണ ഞങ്ങളോട് പറഞ്ഞിട്ടുണ്ട്. ഓരോ മന്ത്രിയും നടത്തുന്ന അഴിമതിയെപ്പറ്റി ക്യാൻറീനിൽ ഇരിക്കുമ്പോൾ എന്തെല്ലാം പറയുന്നുണ്ട്. നിയമം ഇല്ലാഞ്ഞിട്ടാണോ; നിയമത്തിൽ വ്യവസ്ഥ ഇല്ലാഞ്ഞിട്ടാണോ? പക്ഷേ എല്ലാ മന്ത്രിമാരേയും രക്ഷിക്കാനുള്ള സ്ഥിതിയല്ലേ നമ്മുടെ രാജ്യത്തുള്ളത്. അഴിമതി നിരോധനത്തിന്റെയും സംശുദ്ധമായ ജനജീവിതത്തിന്റെയും മാഗ്നാകാർട്ടാ ആണെന്നാണ് പറഞ്ഞത്. ഇപ്പോൾ മണ്ണാങ്കട്ടയായിട്ട് മാറിയില്ലേ? നമ്മൾ പാസ്സാക്കിയ ഒരു നിയമത്തെക്കുറിച്ച് അങ്ങനെ പറയാൻ പാടില്ലെങ്കിൽ എന്ത് ചെയ്യാനാണ്. ഈ രാജ്യത്തിലെ ജനങ്ങൾ ഇതിനെ മണ്ണാങ്കട്ടയെന്നാണ് പറയുന്നത്. ഇതാണ് സ്ഥിതി. കേന്ദ്രഗവൺമെൻറ് കൊണ്ടുവന്നിട്ടുള്ള എത്ര നിയമം ഉണ്ട്.

ഉദാഹരണമായിട്ട് മിനിമം വേജസ് ആക്ട് എടുക്കാം. നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം കിട്ടിയപ്പോൾ, 1948-ൽ നടപ്പിലാക്കിയ ഒരു നിയമമാണ് ഇത്. അഞ്ചുകൊല്ലക്കാലത്തിൽ ഒരിക്കൽ മിനിമം വേജസ് നിശ്ചയിക്കപ്പെട്ട വ്യവസായ സ്ഥാപനങ്ങളിലും പൊതുമേഖലകളിലും ഇത് റിവൈസ് ചെയ്യണമെന്ന് വളരെ വ്യക്തമായിട്ട് പറയുന്നില്ലേ? നമ്മുടെ സംസ്ഥാനത്തിനകത്ത് എത്ര വ്യവസായ സ്ഥാപനങ്ങളിൽ അഞ്ചും ആറും കൊല്ലക്കാലമായിട്ട് മിനിമം വേജസ് റിവൈസ് ചെയ്തിട്ടുണ്ട്. ആ നിയമം ലംഘിക്കുന്നത് ആരാണ്?

നമ്മുടെ സംസ്ഥാനത്തെ തൊഴിൽവകുപ്പുമന്ത്രി. അല്ലെങ്കിൽ തൊഴിൽ വകുപ്പു കൈകാര്യം ചെയ്യുന്ന മറ്റ് ഉദ്യോഗസ്ഥൻമാർ. വേലിതന്നെ വിളവുതിന്നുകയാണ്. ചങ്ങലയ്ക്കുതന്നെ ഭ്രാന്ത് ഇളകുന്ന സ്ഥിതിയാണ്. സാധാരണ ഭ്രാന്തൻമാരെ പൂട്ടിയിടേണ്ടിയാണ് ചങ്ങല ഉപയോഗിക്കുക. ആ ചങ്ങലയ്ക്കുതന്നെ ഭ്രാന്തിളകിയാലോ? വിളക്കുതന്നെ

LIBRARY ARCHIVES Kerala Legislative Assembly

വെളിച്ചം അന്വേഷിക്കാൻ തുടങ്ങിയാലോ? വെളിച്ചം കിട്ടാൻവേണ്ടി കത്തിച്ചുവയ്ക്കുന്ന വിളക്കുതന്നെ വെളിച്ചം അന്വേഷിച്ചു നടക്കുന്നു. അതല്ലേ നമ്മുടെ സംസ്ഥാനത്ത് പരസ്യമായി നടക്കുന്നത്? ഇവിടെ ബ്രിട്ടീഷുകാർ കൊണ്ടുവന്ന ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്റ്റ് ഉണ്ട്. നിങ്ങൾ പറയും ബ്രിട്ടീഷുകാർ അല്ല കൊണ്ടുവന്നതെന്ന്. 1946-ൽ കൊണ്ടുവന്ന നിയമമാണ് 1948-ൽ പാസ്സാക്കിയത്. ആ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്റ്റ് ലംഘിക്കുന്നില്ലേ? ഒരു ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് ഉണ്ട്. ആ എസ്റ്റാബ്ലിഷ്മെന്റ് ആരെങ്കിലും ലംഘിച്ചാൽ ആ ലംഘിക്കുന്ന ആളിനെതിരായി വയലേഷൻ ഓഫ് എസ്റ്റാബ്ലിഷ്മെന്റ് എന്നു പറഞ്ഞു നടപടി എടുക്കേണ്ടേ? ഒരു തൊഴിലാളി ആ എസ്റ്റാബ്ലിഷ്മെന്റ് ലംഘിച്ചാൽ അയാളെ പ്രോസിക്യൂട്ട് ചെയ്യില്ലേ? ആയാൾക്കു ഷോകോസ് നോട്ടീസ് കൊടുക്കില്ലേ? എൻക്വയറി നടത്തില്ലേ? കുറ്റവാളിയാണെന്നുകണ്ടാൽ പിരിച്ചുവിടില്ലേ? ഒരു മുതലാളി ഈ എസ്റ്റാബ്ലിഷ്മെന്റ് ലംഘിച്ചിട്ട് നടപടി എടുത്തതായിട്ട് ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കാൻ സാധിക്കുമോ? പെരുമ്പാവൂർ റയോൺസിന്റെ കഥ നമുക്കു അറിയില്ലേ? മുഖ്യമന്ത്രിയുടേയും തൊഴിൽവകുപ്പുമന്ത്രിയുടേയും മുമ്പിൽ വച്ചല്ലേ ആ എസ്റ്റാബ്ലിഷ്മെന്റ് ഉണ്ടാക്കിയത്? അങ്ങനെയൊരു എസ്റ്റാബ്ലിഷ്മെന്റുണ്ടെന്നുള്ള ഭാവംപോലും ആരെങ്കിലും കാണിച്ചോ? പരസ്യമായിട്ടല്ലേ ആ എസ്റ്റാബ്ലിഷ്മെന്റ് ലംഘിച്ചത്? ആ എസ്റ്റാബ്ലിഷ്മെന്റ് ലംഘിച്ച മുതലാളിമാർക്കെതിരായി എന്തെങ്കിലും നടപടി സ്വീകരിച്ചോ? അയാൾക്കെതിരായി ഒരു ചെറുവിരൽ ഇളക്കാൻ തയ്യാറായോ? നിയമം ഇല്ലാത്തതുകൊണ്ടാണോ? വയലേഷൻ ഓഫ് എസ്റ്റാബ്ലിഷ്മെന്റനുസരിച്ചു അയാളുടെ കയ്യിൽ വിലങ്ങുവച്ചു ജയിലിൽ കൊണ്ടുപോയിക്കൂടെ? അയ്യായിരം ഉറുപ്പിക പിഴ വിധിച്ചുകൂടെ? അതിനു വ്യവസ്ഥകളില്ലേ? കരിങ്കൽ തൊഴിലാളികൾക്കു മിനിമം വേജസ് കൊടുക്കുന്ന നിയമം 1983 ഏപ്രിൽ മാസത്തിൽ കൊണ്ടുവന്നു. അതു 1983-ലും 1984-ലും നടപ്പാക്കിയില്ല. 1985 ഏപ്രിൽമാസം 1-ാം തീയതി നടപ്പാക്കണമെന്നു ആവശ്യപ്പെട്ടു. എന്നിട്ടും നടപ്പിലാക്കിയില്ല. ഞാൻ തൊഴിൽവകുപ്പുമന്ത്രിയെ കണ്ടു. ലേബർ കമ്മീഷണറെ കണ്ടു. ഡിസ്ട്രിക്റ്റ് ലേബർ ഓഫീസറെ കണ്ടു. സകല ആളുകളേയും കണ്ടു. എല്ലാ വാതിലിലും പോയി മുട്ടി. എന്നിട്ടു നടപടി സ്വീകരിച്ചോ? ആണും പെണ്ണും അല്ലാത്ത നയമല്ലേ നമ്മുടെ മന്ത്രിമാരും മറ്റും സ്വീകരിച്ചത്? ആണും പെണ്ണും അല്ലാത്ത കൊഞ്ഞാണത്തിന്റെ സ്ഥിതിയല്ലേ അവർ അവലംബിച്ചത്? അങ്ങനെ എത്രയെത്ര കഥകൾ?

1964-ൽ ബീഡി-സിഗാർ ആക്റ്റ് പാസാക്കിയില്ലേ? ബീഡി-സിഗാർ ഇൻഡസ്ട്രിയൽ സർവ്വീസസ് ആക്റ്റ് അന്നു നിയമപരമായി പൂർണ്ണമായും നമ്മുടെ സംസ്ഥാനത്തിനകത്ത് നടപ്പാക്കിയോ? മറ്റു സംസ്ഥാനങ്ങളിൽ നടപ്പാക്കിയോ? അതിന്റെ ഫലമായി എന്തുണ്ടാകുന്നു? ഇവിടെ കൂലിക്ക് തർക്കം വരുമ്പോൾ ബീഡി കർണ്ണാടകത്തിലേക്ക് കൊണ്ടുപോകുന്നു. അവിടെ കൂലിക്ക് തർക്കം വരുമ്പോൾ തമിഴ്നാട്ടിലേക്ക് കൊണ്ടുപോകുന്നു. അവിടേയും കൂലിക്ക് തർക്കം വരുമ്പോൾ ആന്ധ്രയിലേക്ക് കൊണ്ടുപോകുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ഒന്നു ചുരുക്കി പറഞ്ഞാൽ നന്നായിരിക്കും.

ശ്രീ. ഒ. ഭരതൻ: സർ, ഞാൻ ബാലകൃഷ്ണപിള്ളയുടെ കാര്യം ഒന്നും പറഞ്ഞില്ല. നിങ്ങൾക്കു വിഷമം ഉണ്ടാക്കുന്ന കാര്യങ്ങളൊന്നും ഞാൻ പറഞ്ഞില്ല. നമ്മുടെ ഡെപ്യൂട്ടി സ്പീക്കറെ ഒഴിവാക്കിയിട്ട്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സുന്ദരത്തെ ഡെപ്യൂട്ടി സ്പീക്കറാക്കുന്ന കാര്യം ഞാൻ പറഞ്ഞില്ല. ഇന്നലത്തെ അവശ്യസാധനം ഇന്നത്തെ അനാവശ്യസാധനമായി മാറുന്ന കാര്യം ഞാൻ പറഞ്ഞില്ല. ഞാൻ നിയമകാര്യങ്ങളാണ് സംസാരിച്ചത്. ഞാൻ ബീഡി-സിഗാർ നിയമത്തെക്കുറിച്ചാണ് പറഞ്ഞുവന്നത്. അതു നമ്മുടെ സംസ്ഥാനത്തുനിന്നു മറ്റ് സംസ്ഥാനങ്ങളിലേക്ക് കടത്തിക്കൊണ്ടു പോകുന്നു. എത്ര ആയിരം തൊഴിലാളികൾക്ക് തൊഴിലില്ലാതെ വരുന്നു? ഈ നിയമം കൊണ്ടുവന്ന ഇൻഡ്യാ ഗവൺമെന്റിനു ബാദ്ധ്യതയില്ലേ ഈ നിയമം നടപ്പിലാക്കാൻ? ഇപ്പോഴും നമുക്കു ഊർജ്ജസ്വലനായ പ്രധാന മന്ത്രിയല്ലേ ഉള്ളത്? ഈ പ്രധാനമന്ത്രി ഊർജ്ജസ്വലനെന്നാണ് പറയുന്നത്. അപ്പോഴും ഇതുവരെയുണ്ടായിരുന്ന പ്രധാനമന്ത്രിമാർക്ക് ഊർജ്ജം ഇല്ലായിരുന്നു എന്നല്ലേ അർത്ഥം? ഞാൻ അങ്ങനെ പറയുന്നില്ല. ആ ഊർജ്ജസ്വലനായ പ്രധാനമന്ത്രിയെങ്കിലും ഈ നിയമം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? എത്ര കോടി തൊഴിലാളികൾ പണിയെടുക്കുന്ന മേഖലയാണിത്? ഒരു ദിവസം മുഴുവൻ പണിയെടുത്താൽ അഞ്ചും ആറും ഉറുപ്പിക കിട്ടുന്നില്ല. നിയമത്തിന്റെ ആനുകൂല്യവും സംരക്ഷണവും ഇല്ല. അങ്ങനെ ഒരു നിയമം നടപ്പിലാക്കുന്നതെന്തിനാണ്? ഞാൻ പറഞ്ഞു വരുന്നതു നിയമം ഉണ്ടായതുകൊണ്ട് മാത്രമായില്ല. അതു നടപ്പിലാക്കാനുള്ള മനോഭാവം ഭരണാധികാരികൾക്ക് വേണം. നിയമം എന്നു പറയുമ്പോൾ നിയമം ആർക്കെതിരായി ആർക്കനുകൂലമായി എന്നു നോക്കേണ്ട കാര്യമില്ല. ഭരിക്കുന്ന വർഗ്ഗം ഏതാണെന്നതിന്റെ അടിസ്ഥാനത്തിൽ നിയമം നടപ്പിലാക്കുകയോ നടപ്പിലാക്കാതിരിക്കുകയോ ചെയ്യുന്നതു ശരിയല്ല. നമ്മുടെ രാജ്യത്ത് നിലനിൽക്കുന്നതു മുതലാളിത്ത സാമൂഹ്യ വ്യവസ്ഥിതിയാണ്. മുതലാളിത്ത സാമൂഹ്യ വ്യവസ്ഥിതി നിലനിൽക്കുന്ന രാജ്യത്തു മുതലാളിമാരുടെ താൽപര്യം സംരക്ഷിക്കുന്നതിന് പര്യാപ്തമായ നിലയിലാണ് നിയമങ്ങളും നടപ്പിലാക്കുക. വലിയ ആളുകൾ നിയമം ലംഘിച്ചാൽ അവർക്കെതിരെ നടപടി സ്വീകരിക്കുമോ? അങ്ങനെ നടപടി സ്വീകരിക്കുന്ന എത്ര കോടതികളുണ്ട്? ആണിനെ പെണ്ണാക്കുന്നതും ആണും പെണ്ണും അല്ലാതാക്കുന്നതുമായ കോടതികളാണ് നമ്മുടെ രാജ്യത്തുള്ളത്. അങ്ങനെ ചില വിധി പുറപ്പെടുവിക്കുന്ന ജഡ്ജിമാരെ അന്വേഷിച്ചാണ് ആളുകൾ നടക്കുന്നത്. ആരിൽനിന്നാണ് താൻ ഉദ്ദേശിക്കുന്ന രീതിയിലുള്ള ഒരു വിധി കിട്ടുക എന്നന്വേഷിച്ചാണ് നടക്കുന്നത്. ചിലർ വൈദ്യലിംഗത്തെ അന്വേഷിച്ചു നടക്കുന്നു. നമ്മുടെ ബാലകൃഷ്ണപിള്ളയുടെ കാര്യത്തിൽ ഇപ്പോൾ ജസ്റ്റിസ് കെ. കെ. മാത്യുവിനെ അന്വേഷിച്ചു നടക്കുന്നു. ഞാൻ അക്കാര്യത്തെപ്പറ്റി പറയുന്നില്ല. ഞാൻ പറയുന്നതു ഭരിക്കുന്ന വർഗ്ഗം ഏതോ ആ വർഗ്ഗത്തിന്റെ താൽപര്യം സംരക്ഷിക്കത്തക്ക രീതിയിലേ നിയമം നടപ്പിലാക്കുകയുള്ളൂ. നിങ്ങൾ ആന്തുലേയെ അറിയില്ലേ? 104 കോടി വിഴുങ്ങിയ ആളാണ് ആന്തുലെ. നമ്മുടെ ഹസ്സനെ 100 പ്രാവശ്യം വിഴുങ്ങും. നമ്മുടെ എം. പി. ഗംഗാധരനെ 100 പ്രാവശ്യം മൂക്കിൽ പിടിച്ചു കയറ്റും. ഭജൻലാലിനേയും വിഴുങ്ങും. അങ്ങനെയുള്ള ആളാണ് ശ്രീ ആന്തുലെ. അങ്ങനെയുള്ള ആന്തുലേക്കെതിരായി ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ തെളിയിക്കപ്പെട്ടിട്ടില്ല. അതുപോലെയുള്ള ജഡ്ജിമാരെയാണ് നമുക്ക് ഇവിടെയിപ്പോൾ വേണ്ടത്. അങ്ങനെയൊരു ജഡ്ജിയെ പാലക്കാട്ട് പോയാൽ കിട്ടും. അത്തരം ഒരു ചരക്കിനെ അന്വേഷിച്ചു നടക്കുകയാണ് ഞായറാഴ്ച ഒരു വിധി പാസ്സാക്കിക്കിട്ടാൻ വേണ്ടി. അങ്ങനെയുള്ള ജഡ്ജിമാരും ആളുകളും ഉള്ളതുകൊണ്ട് ഇത്തരം ആളുകൾക്ക് സംരക്ഷണം കിട്ടും. അതുകൊണ്ട് നിയമം ഇല്ലാത്തതിന്റെ കുഴപ്പമല്ല ഉള്ളത്. അതു നടപ്പിലാക്കാനുള്ള വ്യവസ്ഥയാണില്ലാത്തത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ നിയമംകൊണ്ട് സാധനങ്ങൾക്ക് വില നിയന്ത്രിക്കാൻ സാദ്ധ്യമല്ല. ഓരോദിവസം കഴിയുംതോറും വിഷം കയറുന്നതുപോലെയാണ് വില കയറുന്നത്. ഈയിടെ കോൺഗ്രസ് പാർലമെന്ററിബോർഡ് യോഗം ചേർന്നപ്പോൾ മെമ്പർമാർ വി. പി. സിംഗിന്റെ കഴുത്തിനു പിടിച്ചു. "നിങ്ങളല്ലേ പറഞ്ഞതു സാധനങ്ങൾക്ക് വില കയറുകയില്ലെന്ന്. എന്നിട്ടിപ്പോൾ നാട്ടിൽ പോകാൻ നിവൃത്തിയില്ല. ആളുകളെ കാണാൻ സാധിക്കുന്നില്ല". പത്തുപതിനഞ്ച് കൊല്ലം മുമ്പ് ഒക്കത്തു കുറെ പൈസയുമെടുത്തു കുട്ടയുമായി മാർക്കറ്റിൽ പോയാൽ കുട്ട നിറയെ സാധനങ്ങളുമായി വരാൻ കഴിയും. ഇന്നു കുട്ട നിറയെ പൈസയുമായി മാർക്കറ്റിൽ പോയാൽ ഒക്കത്തു കുറെ സാധനങ്ങളുമായേ വരാൻ കഴിയൂ. ഈ രീതിയിലാണ് വില കയറിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ ആളുകൾ ഹോട്ടലിൽ ഊണ് കഴിക്കാൻ വേണ്ടി മുമ്പേ മേശപ്പുറത്ത് കാശ് വയ്ക്കുന്നു. ഞാൻ ഇന്നലെ കാന്റീനിൽ ഊണ് കഴിക്കാൻ പോയപ്പോൾ ആദ്യം മേശപ്പുറത്ത് പൈസ വച്ചു. 5 മിനിട്ടിനുള്ളിൽ വില കയറിയാൽ എന്തു ചെയ്യും? ആളുകൾക്ക് മരിക്കാൻ സാധിക്കുന്നില്ല. കാരണം ശവം അടക്കം ചെയ്യാൻ പെട്ടി വേണ്ടേ? ശവപ്പെട്ടിക്കു വില കയറിയിരിക്കുന്നു. എല്ലാ രാജ്യത്തും വില കയറുന്നു എന്നു പറയുന്നതു ശരിയല്ല. ബീരാൻ സാഹിബ് അങ്ങനെ പറഞ്ഞു. വിലക്കയറ്റം ഉണ്ടാകാത്ത ഒരു രാജ്യമാണ് വിയറ്റ്നാം. നമ്മുടെ വൈക്കം മുഹമ്മദ് ബഷീർ ഒരവസരത്തിൽ വിയറ്റ്നാമിനെക്കുറിച്ചു പറഞ്ഞത് മൂത്രിച്ചാൽ മൂത്രം തെറിക്കുന്ന സ്ഥലമെന്നാണ്. മൂന്നു സാമ്രാജ്യത്വരാഷ്ട്രങ്ങളുടെ കടന്നാക്രമണം ഉണ്ടായിട്ടുപോലും വിലക്കയറ്റം ഉണ്ടാകാത്ത രാഷ്ട്രമാണ് വിയറ്റ്നാം. എന്തുകൊണ്ടാണ് വിലക്കയറ്റം ഉണ്ടാകാത്തത്? ജനങ്ങൾക്കു വേണ്ടി ഭരിക്കുന്ന ഗവൺമെന്റാണ് അവിടെയുള്ളത്. കൊള്ളക്കാർക്കും കൊലപാതകികൾക്കുംവേണ്ടി ഭരിക്കുന്ന ഒരു ഗവൺമെന്റല്ല അവിടെയുള്ളത്. ഭരിക്കുന്നത് ആര് എന്നതിനെ ആശ്രയിച്ചാണ് വില കയറുന്നത്.

സർ, സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ ഗവൺമെന്റുകളും ജനങ്ങളും തമ്മിലുള്ള ബന്ധമറിയാമോ? ഞാൻ പറഞ്ഞുതരാം. ഒരമ്മ മൂന്നു നാലു മാസം പ്രായമുള്ള ഒരു പൊന്നു കുഞ്ഞിനെ ഒക്കത്തുവച്ച് മുലപ്പാലുകൊടുക്കുമ്പോൾ ആ കുഞ്ഞ് മുലപ്പാല് വലിച്ചു വലിച്ചു കുടിക്കുന്ന സമയത്ത് ആ കുട്ടി അനുഭവിക്കുന്ന ഒരു സന്തോഷമുണ്ട്. ആ കുട്ടിയുടെ മുഖത്ത് പ്രതിഫലിക്കുന്ന ഒരു ചിരിയുണ്ട്. പുഞ്ചിരി; പാൽപ്പുഞ്ചിരി. അത് കഴിഞ്ഞ് അമ്മ അനുഭവിക്കുന്ന ഒരു അനുഭൂതിയുണ്ട്. ആ കുട്ടിയുടെ ആരോഗ്യവും അതുകണ്ട് അമ്മ അനുഭവിക്കുന്ന അനുഭൂതിയും തമ്മിലുള്ള ബന്ധംപോലെയാണ് സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ ജനങ്ങളും ഗവൺമെന്റും തമ്മിലുള്ള ബന്ധം എന്നാണ് കമ്മ്യൂണിസ്റ്റ് വിരുദ്ധൻമാർ അടക്കമുള്ള ആരാധകർ പോലും പറയുന്നത്. ആ രാജ്യത്തിലൊക്കെ വില കയറുന്നില്ല. മനുഷ്യ സാധനങ്ങൾക്ക് വില താഴ്ന്നു വരികയുമാണ്. ഇവിടെയാണെങ്കിൽ വില കുത്തനെ ഉയരുന്നു. അതില്ലാതാകണമെങ്കിൽ ഭരണാധികാരവർഗ്ഗം മാറണം. നിയമം നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമ്പോൾ അതിൽ സത്യസന്ധതയും ആത്മാർത്ഥതയുമുണ്ടാകണം. അങ്ങനെ സത്യസന്ധതയും ആത്മാർത്ഥതയും ഉണ്ടെങ്കിൽ മാത്രമേ ഈ നിയമംകൊണ്ട് ഗുണം കിട്ടാൻ പോകുന്നുള്ളൂ. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഈ ബില്ലിനെ എതിർക്കേണ്ട പ്രത്യേക കാര്യമുണ്ടെന്ന് ഞാൻ കരുതുന്നില്ല. ഈ ബില്ല് പാസ്സായതുകൊണ്ട് എന്താണ് പ്രയോജനം? ഇതുവരെയുള്ള അനുഭവത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ വളരെ സത്യസന്ധമായി മനസ്സുണ്ടെങ്കിൽ ജനങ്ങൾക്കുവേണ്ടി വളരെ പ്രയോജനകരമായി ഉപയോഗപ്പെടുത്താൻ കഴിയുന്ന വളരെ ബൃഹത്തായ ഒരു വകുപ്പാണിത്. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ വളരെ പ്രാധാന്യമുള്ള ഒന്നാണിത്. ഇതിന്റെ മൂന്നാം വകുപ്പിൽ പറയുന്നുണ്ട്:

''അവശ്യസാധനങ്ങളുടെ ഉല്പാദനം, സംഭരിച്ചുകൊടുക്കൽ, വിതരണം മുതലായവ നിയന്ത്രിക്കുന്നതിനുള്ള അധികാരങ്ങൾ— ഏതെങ്കിലും അവശ്യസാധനത്തിന്റെ സപ്ലൈ നിലനിർത്തുന്നതിനോ, വർദ്ധിപ്പിക്കുന്നതിനോ അഥവാ അവയുടെ നീതിപൂർവ്വകമായ വിതരണവും ന്യായവിലയ്ക്കുള്ള അവയുടെ ലഭ്യതയും ഉറപ്പുവരുത്തുന്നതിനോ വേണ്ടി, അവയുടെ ഉല്പാദനവും സപ്ലൈ ചെയ്യലും, വിതരണവും അവയിലുള്ള വ്യാപാരവും വാണിജ്യവും ക്രമപ്പെടുത്തുകയോ നിരോധിക്കുകയോ ചെയ്യാൻ വ്യവസ്ഥ ചെയ്യേണ്ടതു് ആവശ്യമോ യുക്തമോ ആണെന്നു് സർക്കാരിനു് അഭിപ്രായമുള്ളപക്ഷം, സർക്കാരിനു്, വിജ്ഞാപനം ചെയ്യപ്പെട്ട ഉത്തരവുമൂലം അപ്രകാരം ചെയ്യാവുന്നതാണു്....''

വളരെ വിപുലമായ വ്യാപ്തിയാണു് ഇതിന്നുള്ളതു്. ഇന്നു് ജനങ്ങൾക്കു് ആവശ്യമായിട്ടുള്ള കാര്യങ്ങളാണതുംകൊള്ളുന്നതു്. അവശ്യസാധനബിൽ ചർച്ച ചെയ്യുന്നുവെന്നു പറയുമ്പോൾ സാധാരണ ജനങ്ങൾ പ്രതീക്ഷിക്കുന്നതു്—ഇന്നു് വിലക്കയറ്റംകൊണ്ടു് അങ്ങേയറ്റം നിത്യജീവിതംപോലും ദുസ്സഹമായിക്കഴിയുന്ന കേരളത്തിലെ ജനങ്ങൾ പ്രതീക്ഷിക്കുന്നതു്— അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ ഗവൺമെന്റു് സ്വീകരിക്കുമെന്നാണു്. ഇതിന്റെ വ്യാപ്തിക്കുള്ളിൽ അതിനു് സൗകര്യമുണ്ടു്. ജനങ്ങൾക്കു് ആവശ്യമുള്ള ഏതു സാധനവും ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും, അവയുടെ വിലയും ഉല്പാദനവും വിതരണവും ഒക്കെ നിയന്ത്രിക്കുന്നതിനും വളരെ വിപുലമായിട്ടുള്ള അധികാരങ്ങൾ ഇതിലുണ്ടു്. പക്ഷേ ഇങ്ങിനെയുള്ള ഒരു ബിൽ പാസ്സാക്കി ഇതു് നടപ്പാക്കാൻ കഴിയുമോ? ഒന്നാമതായി നമ്മുടെ കേരള സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കേരളത്തിലെ ജനങ്ങളുടെ നിത്യജീവിതത്തിനാവശ്യമായിട്ടുള്ള സാധനങ്ങൾ ഏറിയ പങ്കും മറ്റു സംസ്ഥാനങ്ങളിൽനിന്നു് വരേണ്ടതാണു്. ഏറ്റവും അനിവാര്യമായിട്ടുള്ള ഭക്ഷ്യസാധനങ്ങൾ അതിൽ അരി ഒഴിച്ചുകൂടാൻ പാടില്ലാത്തതാണു്. ഔഷധം, തുണി, പഞ്ചസാര തുടങ്ങിയവയുടെ നിയന്ത്രണത്തിനു് ഈ നിയമംകൊണ്ടു് സാധിക്കുകയില്ല. ജനങ്ങൾക്കു് അത്യാവശ്യമായിട്ടുള്ളതു് ഇതിന്റെയെല്ലാം വില വർദ്ധിക്കാതിരിക്കുന്നതിനു് സഹായകരമായിട്ടുള്ള ഒരു നയമാണു്. ഒരു ഘട്ടത്തിൽ കേന്ദ്രഗവൺമെന്റു് ഇതു് നിയന്ത്രിക്കുന്നതിനുള്ള ഒരു നടപടി, 1973-ൽ ആണെന്നു് തോന്നുന്നു, രേണം നടത്തിയിരുന്ന കോൺഗ്രസ്സിൽ ഒരു പിളർപ്പുണ്ടായ അവസരത്തിൽ ബാങ്കു് ദേശവൽക്കരണവും പ്രിവിപഴ്സു് നിർത്തലാക്കലും പോലുള്ള നടപടികളുമായിട്ടു് മുന്നോട്ടു് പോകുന്നതിന്റെ തുടർച്ചയായിട്ടു് ഭക്ഷ്യസാധനങ്ങളുടെ മൊത്തവ്യാപാരവും ഗവൺമെന്റു് ഏറ്റെടുക്കുന്നതിനുള്ള ഒരു പ്രഖ്യാപനം വന്നു. അതിന്റെ ആദ്യപടിയായി ഗോതമ്പിന്റെ മൊത്തവ്യാപാരം ഏറ്റെടുത്തുകൊണ്ടുള്ള വിജ്ഞാപനവും വന്നതാണു്. പക്ഷേ ഇൻഡ്യയിലെ മൊത്തവ്യാപാരികൾ ഒന്നടങ്കം ഗവൺമെന്റിന്റെ ഈ നയത്തിനെതിരായി, ആദ്യമായിട്ടു് അഖിലേന്ത്യാവ്യാപകമായി ഒരു പൊതു പണിമുടക്കു് പ്രഖ്യാപിച്ചു. അവർ ഒരു സൂചനാ പണിമുടക്കുനടത്തി പിരിഞ്ഞപ്പോഴേക്കും ആ നയം ഉപേക്ഷിച്ചു് കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് പുറകോട്ട് പോയി. ആദ്യം ഗോതമ്പിന്റെ സംഭരണം, അടുത്തപടി അരിയുടെ മൊത്തവ്യാപാരം എന്നൊക്കെ അന്ന് പറഞ്ഞിരുന്നു. ഗോതമ്പിന്റെ മൊത്തവ്യാപാരം ഏറ്റെടുത്തുകൊണ്ടുള്ള വിജ്ഞാപനവുമുണ്ട്. അതുതന്നെ പിൻവലിച്ചു. അരിയുടെ വ്യാപാരത്തിലേക്ക് കടന്നില്ല. അതിനുശേഷം ജനജീവിതത്തിന് വളരെ അത്യാവശ്യമായിട്ടുള്ള സാധനങ്ങളുടെ വില നിയന്ത്രിക്കുന്ന കാര്യത്തിൽ കാര്യമായി ഒന്നുംതന്നെ ചെയ്തിട്ടില്ല. പ്രത്യേകിച്ച് പച്ചക്കറിയും പഴവർഗ്ഗങ്ങളും ഓരോ വർഷം ചെല്ലുന്തോറും വർദ്ധിച്ചുവരികയാണ്. അതിനുവേണ്ടി ഉപയോഗിക്കാനുള്ള കള്ളപ്പണം പ്രതിവർഷം 2000 കോടി രൂപയായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നാണ് ഗവൺമെന്റിന്റെ അന്വേഷണത്തിൽനിന്നും വരുന്ന റിപ്പോർട്ടുകൾ കാണിക്കുന്നത്. 1983-ലെ കണക്കനുസരിച്ച് 36,000 കോടി രൂപയുടെ കള്ളപ്പണം ഇൻഡ്യാരാജ്യത്തു വിഹരിക്കുന്നുണ്ടെന്നാണ് പറയുന്നത്. ഈ കള്ളപ്പണമാണ് ജനങ്ങളുടെ അവശ്യസാധനങ്ങൾ പൂഴ്ത്തിവയ്ക്കുന്നതിനും കൃത്രിമമായ ക്ഷാമം സൃഷ്ടിച്ച് വിലക്കയറ്റം ഉണ്ടാക്കുന്നതിനുമൊക്കെ കുത്തകവ്യാപാരികൾ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. എന്നാൽ ഇത് തടയുന്നതിന് ഇതുവരെ സാധിച്ചിട്ടില്ല. വളരെ ശക്തമായ നടപടികൾ വരുന്നു എന്നൊക്കെ എല്ലാക്കാലത്തും പറയാറുണ്ട്. നമ്മുടെ യുവപ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധി അധികാരം ഏറ്റെടുത്തപ്പോഴും വളരെ ശക്തമായ പ്രഖ്യാപനങ്ങളൊക്കെ നടത്തി. മാർച്ചിൽ സംസ്ഥാന നിയമസഭകളുടെ തെരഞ്ഞെടുപ്പു നടക്കുന്ന അവസരത്തിൽ കള്ളപ്പണം പിടിച്ചെടുക്കാനുള്ള ഘോരമായ പ്രഖ്യാപനങ്ങളൊക്കെ വന്നു. ഈ 36,000 കോടിരൂപയുടെ കള്ളപ്പണത്തിൽ പതിനഞ്ചോ ഇരുപതോ കോടി രൂപയുടെ കള്ളപ്പണമാണ് ഇതുവരെ എടുത്ത നടപടികൊണ്ട് കണ്ടുപിടിക്കാൻ കഴിഞ്ഞത്. പിന്നീട് നടപടികൾ വേണ്ടത്ര മുന്നോട്ട് പോയതുമില്ല. ഈ നിലതുടരുന്നിടത്തോളംകാലം ഈ സാധനങ്ങളുടെ ഉല്പാദനവും വിതരണവും ഈ രാജ്യത്തെ കുത്തകവ്യാപാരികളുടെയും മുതലാളിമാരുടെയും നിയന്ത്രണത്തിൽ നിൽക്കുന്നിടത്തോളംകാലം ജനങ്ങൾക്ക് ഏറ്റവും അത്യാവശ്യമായ തുണി, പഞ്ചസാര, ഔഷധങ്ങൾ തുടങ്ങിയ സാധനങ്ങളുടെയൊന്നും വില ഗവൺമെന്റിന് നിയന്ത്രിക്കുവാൻ കഴിയുകയില്ല. ഇന്ന് ഏറ്റവും കൊള്ള നടക്കുന്നത് ഔഷധങ്ങളുടെ കാര്യത്തിലാണ്. ഔഷധങ്ങളുടെ മുഴുവൻ വിൽപ്പനയും നടത്തുന്നത് ഇൻഡ്യയിലെ കുത്തകമുതലാളിമാരും ബഹുരാഷ്ട്ര കുത്തക കമ്പനികളുമാണ്. അതു മുഴുവൻ അവരുടെ നിയന്ത്രണത്തിലാണ്. ഇതിന്റെ ഉല്പാദന രംഗത്ത് നിയന്ത്രണം കൊണ്ടുവരാൻ കഴിയാത്ത കാലത്തോളം അതിന്റെ വില നിയന്ത്രിക്കുവാൻ കഴിയുകയില്ലായെന്നുള്ളത് പരക്കെ ബോദ്ധ്യമുള്ള കാര്യമാണ്. കേന്ദ്ര ഗവൺമെന്റിനും അറിയാവുന്ന കാര്യമാണ്. അതുകൊണ്ടാണല്ലോ കേഷ്യു സംഭരണത്തിന്റെ കാര്യത്തിൽ ഒരു നടപടിക്കു മുമ്പോട്ടു വന്നത്. പക്ഷേ ഇവിടത്തെ കുത്തകവ്യാപാരികളും അവരുടെ അഖിലേന്ത്യാ സംഘടനയായിട്ടുള്ള ഫിക്കിയും വ്യക്തമായ ഡിമാന്റുകളുമായി, അവരുടെ സാമ്രാജ്യം നിലനിർത്തുന്നതിനു പരമാവധി ലാഭം സംരക്ഷിക്കുന്നതിനുംവേണ്ടി, ശക്തമായ ഒരു നിലപാടുമായി മുമ്പോട്ടു വരുമ്പോൾ അവരുടെ മുമ്പിൽ കീഴടങ്ങുന്ന ഒരു നയമാണ് കേന്ദ്രഗവൺമെന്റ് ഇന്നുവരെ സ്വീകരിച്ചുപോന്നിട്ടുള്ളത്. ഇപ്പോഴും അതാണു തുടരുന്നത്. കഴിഞ്ഞ ബഡ്ജറ്റ് വന്നപ്പോൾതന്നെ നാം അതു കണ്ടു. വിലനിയന്ത്രിക്കാൻ സാദ്ധ്യതയുള്ള ഒരു ഗവൺമെന്റ്, ആ ഗവൺമെന്റിന്റെ സ്വന്തമായ നിയന്ത്രണത്തിലുള്ള സാധനങ്ങളുടെ വിലയാണ് ആദ്യം വർദ്ധിപ്പിക്കുന്നത്. ഉദാഹരണമായി ഇരുമ്പ്-ഉരുക്ക് സാധനങ്ങൾക്ക് ഗവൺമെന്റു

LIBRARY ARCHIVES Kerala Legislative Assembly

500 കോടി രൂപയുടെ വില വർദ്ധിപ്പിച്ചു. സാധാരണനിലയിലാണെങ്കിൽ എക്സൈസ് ഡ്യൂട്ടിയാണ് ചുമത്തുക. എക്സൈസ് ഡ്യൂട്ടി ചുമത്തിയാൽ അതിന്റെ മൊത്തം വരുമാനത്തിന്റെ വിഹിതം സംസ്ഥാനങ്ങൾക്കും കൊടുക്കണം. അതുകൊണ്ട് സംസ്ഥാനഗവൺമെന്റിനെ തോല്പിക്കാൻ വേണ്ടിയിട്ട് നേരിട്ടു വില വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. നേരിട്ട് വില വർദ്ധിപ്പിക്കുന്ന സാധനങ്ങളുടെ വിലവിഹിതം സംസ്ഥാനങ്ങൾക്കു കിട്ടുകയില്ല. ഇങ്ങനെ കേന്ദ്രഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള നേരിട്ടു വില നിശ്ചയിക്കാൻ കഴിയുന്ന പൊതുമേഖലാസ്ഥാപനങ്ങളിൽനിന്നുള്ള സാധനങ്ങളുടെ വില വർദ്ധിപ്പിക്കുമ്പോഴും എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിക്കുന്നില്ല. വർദ്ധിപ്പിച്ചാൽത്തന്നെയും വിലയിലാണ് വർദ്ധനവു വരിക. എക്സൈസ് ഡ്യൂട്ടിയാകുമ്പോൾ അതിന്റെ വിഹിതം സംസ്ഥാനങ്ങൾക്ക് കൊടുക്കണം. അങ്ങനെ സംസ്ഥാനങ്ങളെതന്നെ തോല്പിച്ചുകൊണ്ട് കേന്ദ്രഗവൺമെന്റിന്റെ പൊതുമേഖലാസ്ഥാപനങ്ങളിൽനിന്നും ഉല്പാദിപ്പിക്കുന്ന സാധനങ്ങൾക്ക് ഗവൺമെന്റുതന്നെ വില വർദ്ധിപ്പിക്കുന്നു. സർ, ഈ ബഡ്ജറ്റ് വന്നപ്പോൾതന്നെ പെട്രോൾ, ഡീസൽ എന്നിവയുടെ വില വർദ്ധനവ്, ഗവൺമെന്റിന്റെ നിയന്ത്രണത്തിൽവരുന്ന സാധനങ്ങൾക്കുപോലും വില വർദ്ധിക്കുകയാണ് ചെയ്തത്. അതിനിടയിൽകൂടെയാണ് പുതിയ നികുതികളും—എക്സൈസ് ഡ്യൂട്ടിയും സെയിൽസ്ടാക്സും. ഏതു സാധനത്തിനായാലും അതിന്റെ വിലയിൽ വർദ്ധനവുണ്ടാവുകയാണ്. മുമ്പൊരിക്കലുമില്ലാത്ത അത്രയും വലിയൊരു റിക്കാർഡാണ് നികുതിയുടെ കാര്യത്തിലും വിലവർദ്ധനവിന്റെ കാര്യത്തിലുമുണ്ടായിട്ടുള്ളത്. വിലവർദ്ധനവിനിടയാക്കുന്ന തരത്തിലുള്ള ഒരു കേന്ദ്ര ബഡ്ജറാണ് വന്നതെന്ന് ആ അവസരത്തിൽ ഞങ്ങളൊക്കെ ചൂണ്ടിക്കാണിച്ചതാണ്. അപ്പോൾ അതൊന്നും വലിയൊരു കാര്യമല്ല എന്നൊക്കെ പറഞ്ഞുവെങ്കിലും ഈ മൂന്നു മാസത്തിനകത്ത് അതിന്റെ തിക്തഫലങ്ങൾ അനുഭവിക്കുന്നത് ഇൻഡ്യയിലെ ജനങ്ങൾ പ്രത്യേകിച്ച് കേരളത്തിലെ ജനങ്ങളാണ്. വിവാദമായിട്ടുള്ള നമ്മുടെ സാമ്പത്തിക തകർച്ചയുടെ കാരണമായി സംസ്ഥാന ജീവനക്കാരെ ഒരു സമരത്തിലേക്ക് തള്ളിവിട്ടതിന്റെ അടിസ്ഥാനകാരണമായ ശമ്പളപരിഷ്കരണം തടഞ്ഞുനിർത്തിയതുമാണ്. അതിനൊക്കെ പറഞ്ഞ ന്യായം, ഈ മൂന്നു വർഷത്തിനിടക്കു തന്നെ 23 ഗഡു ക്ഷാമബത്ത കൊടുക്കേണ്ടിവന്നു എന്നാണ്. അതിനു കാരണം സാധനങ്ങളുടെ വിലവർദ്ധനവിന്റെ ഫലമായി ജീവിതച്ചെലവ് സൂചിക വർദ്ധിച്ചതാണ് കേന്ദ്ര സൂചികയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര ഗവൺമെന്റ് ക്ഷാമബത്ത ഗഡു പ്രഖ്യാപിച്ചത്. അതാണ് നമ്മുടെ സംസ്ഥാന ഗവൺമെന്റ് 23 ഗഡുവായി കൊടുത്തതും. നേരെമറിച്ച് സംസ്ഥാനഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇന്നും കേന്ദ്രവിലസൂചികയെക്കാൾ ഉയർന്നാണ് കേരളസംസ്ഥാന വിലസൂചിക നിൽക്കുന്നത്. കാരണം എല്ലാ സാധനങ്ങളും മറ്റു സംസ്ഥാനത്തിൽനിന്ന് കൊണ്ടുവരുന്നതുകൊണ്ട് ഉപഭോക്തൃ സംസ്ഥാനമായ നമ്മുടെ കേരളത്തിൽ എപ്പോഴും നിത്യോപയോഗ സാധനങ്ങളുടെ വില മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഉയർന്നു നിൽക്കുന്നുവെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അതിനേക്കാൾ എത്രയോ വലിയ വർദ്ധനവ് വിലയുടെ കാര്യത്തിലുണ്ടായിരിക്കുകയാണ്. ഇങ്ങനെ വീർപ്പു മുട്ടുന്ന അസഹ്യമായ സ്ഥിതിയിൽ നിൽക്കുമ്പോൾ ഇത് നിയന്ത്രിച്ചില്ലെങ്കിൽ, അടിസ്ഥാനപരമായി കേന്ദ്രഗവൺമെന്റിന്റെ ഈ സാമ്പത്തിക നയം മാറ്റാത്തിടത്തോളംകാലം കേന്ദ്ര ആക്ടിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ അവശ്യസാധനത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നിയമമാണ് നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനഗവൺമെൻറ് കൊണ്ടുവരുന്നത്. കേന്ദ്ര ആക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള സാധനങ്ങളായാലും, സംസ്ഥാനഗവൺമെൻറ് ആക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള സാധനങ്ങളായാലും ഇത് നിയന്ത്രിക്കാനുള്ള മനസ്സില്ലാത്തിടത്തോളം കാലം സാധാരണക്കാരായ ജനങ്ങളുടെ നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിത വിലയ്ക്ക് ലഭ്യമാക്കാനാവില്ല. അല്ലെങ്കിൽ അത് പരമാവധി പൂഴ്ത്തിവയ്ക്കാനും കരിഞ്ചന്ത നടത്താനുമായിട്ട് ഇവിടത്തെ കുത്തകമുതലാളിമാർക്കും കുത്തകവ്യാപാരികൾക്കും അവസരം വരുമ്പോഴെല്ലാം ഈ ഗവൺമെൻറ് അവരുടെ ഭാഗത്ത് നിലയുറപ്പിച്ച് പോന്നിട്ടുണ്ട്. ഇങ്ങനെ അവരുടെ ഭാഗത്ത് നിലയുറപ്പിച്ച് നിൽക്കുന്നിടത്തോളംകാലം ഇത് നിയന്ത്രിക്കാൻ ഉള്ള യാതൊരുവിധ നടപടിയുമുണ്ടാകില്ല. അതാണ് നമ്മുടെ ഇതുവരെയുള്ള അനുഭവം. ഇത് പാസ്സാക്കിക്കഴിഞ്ഞാലും വിശേഷിച്ചൊന്നും സംഭവിക്കാൻ പോകുന്നില്ല. നേരെമറിച്ച്, ഇതെങ്ങനെ ജനങ്ങൾക്ക് എതിരായിട്ട് ഉപയോഗിക്കാമെന്നുള്ളത സംസ്ഥാനഗവൺമെൻറ് രണ്ട് കാര്യങ്ങളിൽ തെളിയിച്ചതാണ്. ഇത് പ്രയോജനപ്പെടുത്തിക്കൊണ്ട് ചെയ്ത രണ്ടു കാര്യങ്ങൾ ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പ്രസംഗിച്ചപ്പോൾ പറഞ്ഞതാണ്. നോട്ടിഫിക്കേഷനിൽനിന്ന് മനസ്സിലാക്കുന്നത് ഇലക്ട്രിസിറ്റിയുടെ സർച്ചാർജ് ചുമത്തുന്നതും അതുപോലെതന്നെ സോഫ്റ്റ്വുഡ് ഉപയോഗിച്ചതുമാണ്. ഇലക്ട്രിസിറ്റിയുടെ സർചാർജ്തന്നെ കഴിഞ്ഞ മൂന്നു വർഷങ്ങൾക്കിടയ്ക്ക് ഇലക്ട്രിസിറ്റി ആക്ടിൻറെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായിട്ടാണ് താരിഫ് രണ്ടുമൂന്നു തവണ പുതുക്കി നിശ്ചയിച്ചത്. അങ്ങനെ ഇലക്ട്രിസിറ്റി ബോർഡ് ഈടാക്കുന്ന താരിഫിന് പുറമെയാണ് ഇലക്ട്രിസിറ്റി നമ്മുടെ ഒരു അവശ്യസാധനമാണെന്നുള്ള കാര്യം. ഈ നിയമത്തിൻറെ പഴുതുപയോഗിച്ചുകൊണ്ട് പുറപ്പെടുവിച്ച നോട്ടിഫിക്കേഷനനുസരിച്ച് രണ്ടര ശതമാനം സർച്ചാർജായിട്ട് ഈടാക്കാനായിട്ട് ഗവൺമെൻറിന് ഒരു നോട്ടിഫിക്കേഷൻ വന്നു. അത് കേരളത്തിലെ ഉപഭോക്താക്കളിൽനിന്ന് ഈടാക്കാനാണ്. നേരെമറിച്ച് ഇപ്പോൾ കർണ്ണാടകത്തിലും തമിഴ്നാട്ടിലുമൊക്കെ വിൽക്കുന്ന കറൻറിനെ സംബന്ധിച്ചിടത്തോളം അത് തീരുമാനിക്കാതെ വിട്ടിരിക്കുകയാണ്. തീരുമാനിക്കാൻ ഗവൺമെൻറിന് അവകാശമുണ്ടെന്ന് പറഞ്ഞുപോവുകയല്ലാതെ അത് ആദ്യമായിട്ട് പ്രയോഗിച്ചത് ഇന്ന് കറൻറ് ഉപയോഗിക്കുന്ന നാല്പതു ലക്ഷത്തോളം വരുന്ന സംസ്ഥാനത്തെ ആഭ്യന്തര ഉപഭോക്താക്കളായിട്ടുള്ള ആളുകളുടെ മേലാണ്. ജനങ്ങളുടെ നിത്യോപയോഗ സാധനങ്ങളുടെ വിലനിയന്ത്രണത്തിന്, നിയന്ത്രിത വിലയ്ക്ക് ആളുകൾക്ക് ലഭ്യമാക്കുന്നതിന് പകരം അതൊരു അവശ്യസാധനമാക്കിക്കൊണ്ട് ജനങ്ങളെ കൂടുതൽ ദ്രോഹിക്കാൻവേണ്ടിയാണ് ഇപ്പോൾ ഇലക്ട്രിസിറ്റിയുടെ കാര്യത്തിൽ ഉപയോഗിച്ചത്.

സോഫ്റ്റ് വുഡിൻറെ കാര്യത്തിൽ ഇന്നും ഗവൺമെൻറുതന്നെ ഗവൺമെൻറ് ഉടമസ്ഥതയിലുള്ള ഫോറസ്റ്റിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്ക് വിലവർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയണ്. അത് ചെറുകിടഫാക്ടറികളെയാണ് തീപ്പെട്ടി, പ്ലൈവുഡ് കമ്പനികളെ ബാധിക്കുന്ന പ്രശ്നമാണ്. വില വർദ്ധനവിൻറെ ഫലമായിട്ട് പുനലൂർ പ്ലൈവുഡ് ഫാക്ടറി പൂട്ടിയിടേണ്ടതായും ലേഓഫ് ഉണ്ടായതായും വലിയ ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുള്ളതാണ്.

ഈ സെക്രട്ടേറിയറ്റിൻറെ മുൻപിൽതന്നെ തൊഴിലാളികൾ വന്ന് സത്യഗ്രഹമൊക്കെ നടത്തിയിട്ടുള്ളതാണ്. മരത്തെ സംബന്ധിച്ചിടത്തോളം ഈ നാട്ടിലെ ജനങ്ങൾ, ഭവനനിർമ്മാണത്തിൻറെ കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വളരെയേറെ ബുദ്ധിമുട്ടനുഭവിക്കുകയാണ്. ഇന്ന് കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പാവപ്പെട്ട ആളുകൾക്ക് വീടു വയ്ക്കാൻ ഒഴിച്ചുകൂടാൻ വയ്യാത്തതാണ് തടി. അല്ലെങ്കിൽ അതിന്റെ മേൽക്കൂര കോൺക്രീറും സിമന്റും ഉപയോഗിച്ച് ചെയ്യണം. പാവപ്പെട്ട ആളുകൾക്ക് അതിനു കഴിയില്ല. സിമന്റിന്റെ കാര്യത്തിൽ ആയാലും മരത്തിന്റെ കാര്യത്തിൽ ആയാലും വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പാവപ്പെട്ട ആളുകൾക്കും ഇടത്തരക്കാരായ ആളുകൾക്കും കർഷകത്തൊഴിലാളികൾക്കും വീടു പണിയുന്നതിന് ഹൗസിംഗ് ബോർഡിന്റെ പല പദ്ധതികളുമുണ്ട്. വീടു പണിയുന്നതിനുവേണ്ടി കുറഞ്ഞ വിലയ്ക്ക് മരം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള ഒരു നടപടി മനസ്സുണ്ടെങ്കിൽ സ്വീകരിക്കാം. പക്ഷേ അതൊന്നും ഇപ്പോൾ സ്വീകരിച്ചിട്ടില്ല. ആകെക്കൂടി സോഫ്റ്റ് വുഡ് കൊടുക്കുന്നതിനുണ്ടായിരുന്ന നടപടി തന്നെ നിർത്തലാക്കിയതിന്റെ ഫലമായിട്ട് ചെറുകിട വ്യവസായ സ്ഥാപനങ്ങളിലേയും തീപ്പെട്ടി കമ്പനികളിലേയും തൊഴിലാളികൾ കൂടുതൽ ബുദ്ധിമുട്ടിലേയ്ക്കും തൊഴിലില്ലായ്മയിലേയ്ക്കും പോകുന്ന സ്ഥിതിയാണ് ഉണ്ടായത്. ഇത് കായംകുളം വാളുപോലെ രണ്ടു ഭാഗത്തേയ്ക്കും ഉപയോഗിക്കാൻ കഴിയും. ഇതിനെ ജനങ്ങൾക്കെതിരായിട്ടാണ് ഗവൺമെന്റുപയോഗിക്കുന്നത്. അനുകൂലമായി ഉപയോഗിക്കാൻ വസ്തുവത്തിൽ ഗവൺമെന്റിനുള്ള കഴിവ് വളരെ പരിമിതമാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ സാധനങ്ങളുടെ ലഭ്യത നമ്മുടെ ഗവൺമെന്റിന്റെ നിയന്ത്രണത്തിന് ഉപരിയായിട്ടാണ്. അതിന് അഖിലേന്ത്യാടിസ്ഥാനത്തിൽ തന്നെ ഒരു നിയന്ത്രണം കൊണ്ടുവരാത്തിടത്തോളം അരിയായാലും തുണിയായാലും ഔഷധങ്ങളായാലും മറ്റ് നിത്യോപയോഗ സാധനങ്ങളായാലും കേരള ഗവൺമെന്റിന് അതിന്റെ സംഭരണം ഏറ്റെടുക്കുന്നതിനോ വില നിയന്ത്രിക്കുന്നതിനോ കഴിഞ്ഞുവെന്നുവരില്ല. അതേസമയത്ത് കഴിയുന്ന കാര്യങ്ങൾപോലും ചെയ്യുന്നില്ല മരം നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ളതാണ്. ഫോറസ്റ്റിൽ നിന്നുള്ള തടി പാവപ്പെട്ട ആളുകൾക്ക് വീടു വയ്ക്കുന്നതിന് ചുരുങ്ങിയ വിലയ്ക്ക് സംഭരിച്ച് വിതരണം ചെയ്യുകയെങ്കിലും ഈ നിയമം ഉപയോഗിച്ച്, താൽപര്യമുണ്ടെങ്കിൽ ചെയ്യാൻ കഴിയും. മറ്റൊരു കാര്യം എനിക്ക് പറയാനുള്ളത്, പൊതുവായിട്ടുള്ള ചില നിയന്ത്രണങ്ങളൊന്നും അഖിലേന്ത്യാടിസ്ഥാനത്തിൽ വന്നില്ലായെങ്കിലും ഒരുപരിധിവരെ സംസ്ഥാന ഗവൺമെന്റിന് നിത്യോപയോഗ സാധനങ്ങളുടെ കാര്യത്തിൽ ആശ്വാസകരമായ നടപടി സ്വീകരിക്കാൻ കഴിയുമെന്നാണ്. പൊതുവിതരണമേഖല ശക്തിപ്പെടുത്തിക്കൊണ്ട് ഇവിടെ വ്യാപാരികളുടെ പൂഴ്ത്തിവയ്പിനേയും അവിഹിതമായ വിലവർദ്ധനവിനേയും ഈ സാഹചര്യമുപയോഗിച്ച് തടയണം. കേരള സംസ്ഥാനത്തിനകത്ത് വ്യാപാരികളും പുറത്തുനിന്നു സാധനങ്ങളും കൊണ്ടുവരുന്നു. അരിയായാലും മറ്റു സാധനങ്ങളായാലും അന്യ സംസ്ഥാനങ്ങളിൽനിന്ന് ആവശ്യത്തിലധികം ലഭിക്കും. അതെക്കെ പൂഴ്ത്തിവച്ചും കൃത്രിമമായി ക്ഷാമമുണ്ടാക്കിയും പരമാവധി വില വർദ്ധിപ്പിക്കാൻ കച്ചവടക്കാർ ശ്രമിച്ചതിനെ നിയന്ത്രിക്കാൻ വേണ്ടിയാണ് സംസ്ഥാനഗവൺമെന്റ് 1976-ൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്ഥാപിച്ചത്. സിവിൽസപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനത്തിന്റെ ഫലമായിട്ട് അത് വളർന്ന് വികസിച്ച് 1981-ൽ നേരിട്ടുതന്നെ വ്യാപാരംഗത്തിറങ്ങിക്കൊണ്ട് മാവേലിസ്റ്റോറുകൾ സ്ഥാപിച്ചു. 1980-ലും 1981-ലും മാവേലിസ്റ്റോറുകളുടെ പ്രവർത്തനം ആദ്യമായിട്ട് വന്ന അവസരത്തിൽ അന്ന് ഈ രാജ്യത്തെ എല്ലാ പത്രങ്ങളും ഒരുപോലെ,

12 NOON

LIBRARY ARCHIVES Kerala Legislative Assembly

അന്നത്തെ ഗവൺമെന്റിനെ അനുകൂലിക്കുന്നവരും പ്രതികൂലിക്കുന്നവരും ഒരുപോലെ അംഗീകരിച്ച കാര്യമാണ്. ആ മാവേലിസ്റ്റോറുകളുടെ പ്രവർത്തനത്തിന്റെ ഫലമായിട്ട് വില ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിഞ്ഞു. പ്രത്യേകിച്ചും ഓണക്കാലത്താണ് ഏറ്റവുമധികം തീപിടിച്ച വില. ജനങ്ങളെ കച്ചവടക്കാർ കൊള്ളയടിക്കുന്നുള്ള ഓണക്കാലത്ത് 30% കണ്ട് വില നിയന്ത്രിച്ചുനിർത്താൻ ഈ മാവേലി സ്റ്റോറുകളുടെ പ്രവർത്തനം ആരംഭിച്ച വർഷം കഴിഞ്ഞു. പക്ഷെ ഇന്നത്തെ സ്ഥിതി എന്താണ്? ഇന്ന് അന്നത്തേതിനേക്കാൾ മാവേലിസ്റ്റോറുകളുടെ എണ്ണം കൂട്ടി. അതുകഴിഞ്ഞു സഹകരണ മാവേലിസ്റ്റോറുകൾ ആയിരത്തോളം വന്നു. ഇന്ന് ആ സ്ഥാപനങ്ങളെയൊക്കെത്തന്നെ പൊതുമാർക്കറ്റിലെ വില ഉയർത്താനുള്ള ലിവറായിട്ടാണ് അവയെപ്പോലും ഉപയോഗിച്ചുവരുന്നത്. ഇക്കൊല്ലത്തെ ഓണക്കാലത്ത് ഈ സഹകരണ മാവേലിസ്റ്റോറുകളിലൊക്കെ പുറത്തെ മാർക്കറ്റിൽ കൊടുക്കുന്നതിനേക്കാൾ കൂടുതൽ വിലയ്ക്കാണ് കൊടുത്തത്. ഓണക്കാലത്ത് കേരളത്തിലെ ആളുകൾക്ക് ഏറ്റവും അധികം ആവശ്യമായിട്ടുള്ളത് നേന്ത്രക്കായയാണ്. ഇപ്പോൾ സഹകരണ മാവേലി സ്റ്റോറുകളിലെ പ്രധാനപ്പെട്ട കച്ചവട ഇനം അതായിരുന്നു. 1981-ൽ ഈ മാവേലിസ്റ്റോറുകൾ ആരംഭിച്ച കാലത്താണെങ്കിൽ സിവിൽസപ്ലൈസ് കോർപ്പറേഷൻ നേരിട്ട് വളരെ വിപുലമായിട്ടില്ലെങ്കിലും പ്രധാനപ്പെട്ട പട്ടണങ്ങളിൽ തുടങ്ങിയപ്പോൾതന്നെ നേന്ത്രക്കായയുടെ വില 50 ശതമാനം വരെ നിയന്ത്രിക്കാൻ കഴിഞ്ഞു. പക്ഷെ ഇക്കൊല്ലം ഓണത്തിന് സ്വകാര്യ കച്ചവടക്കാർ കൊടുത്തിരുന്നതിനേക്കാൾ കൂടുതൽ വിലയ്ക്കാണ് സഹകരണ മാവേലിസ്റ്റോറുകളിൽനിന്നും പല സ്ഥലത്തും നേന്ത്രക്കായയും മറ്റു പച്ചക്കറികളും കൊടുത്തിരുന്നത്. അതിനേ അവർക്ക് കഴിയുകയുള്ളൂ. പരസ്യമായിട്ട് ഓണക്കാലത്ത് മാർക്കറ്റിൽചെന്ന് കച്ചവടക്കാരോട് മൽസരിച്ച് സാധനങ്ങൾ വാങ്ങി സഹകരണസ്റ്റോറുകൾക്ക് വില കുറച്ചു വിൽക്കാൻ കഴിയുമോ? നേരെമറിച്ച് സിവിൽസപ്ലൈസ് കോർപ്പറേഷൻ അത്യാവശ്യം അരിയും മറ്റു അവശ്യസാധനങ്ങളും സംഭരിച്ച് വിതരണം ചെയ്യാൻ തുടങ്ങിയ കാലത്ത് സ്വീകരിച്ചിരുന്നത് മറ്റു സംസ്ഥാനങ്ങളിൽനിന്ന് വിളവെടുപ്പു കാലത്ത് ഈ സാധനങ്ങൾ ശേഖരിക്കുക എന്നുള്ളതായിരുന്നു. തമിഴ്നാട്ടിൽനിന്നും ആന്ധ്രായിൽനിന്നും പഞ്ചാബിൽനിന്നും ഒറീസയിൽനിന്നുമൊക്കെ വിളവെടുപ്പുകാലത്ത് അരി, പയർ, മുളക് ഇങ്ങനെയുള്ള സാധനങ്ങൾ സിവിൽസപ്ലൈസ് കോർപ്പറേഷൻ മുഖേന വ്യാപാരികൾ പോയി കച്ചവടം നടത്തുന്നതുപോലെ മുൻകൂറായി പോയി കച്ചവടം നടത്തി സാധനങ്ങൾ സംഭരിച്ചാണ് ഇവിടെ മാർക്കറ്റിൽ വിലകുറച്ച് വിറ്റിരുന്നത്. അങ്ങനെയാണ് വിലകുറയ്ക്കാൻ സാധിച്ചതും ആ വില നിലവാരത്തിലേക്ക് കുറച്ചുകൊണ്ടുവരാൻ സ്വകാര്യവ്യാപാരികൾ നിർബന്ധിതരായതും. ആ സ്ഥിതി മാറി. ഈ ഗവൺമെന്റ് വന്നതിനുശേഷം ഈ സ്ഥാപനത്തെതന്നെ ഏറ്റവും ഉയർന്ന വിലനിലവാരത്തിലേക്ക് പിടിച്ചുനിർത്താനുള്ള ഒരു വേദിയാക്കിമാറ്റി. 1983-ൽ വലിയ ക്ഷാമം വന്ന സമയത്ത് സ്വകാര്യകച്ചവടക്കാർ ആന്ധ്രയിൽനിന്നും സംഭരിച്ചിരുന്ന അരി മൂന്നു രൂപ അറുപതു പൈസയ്ക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങി 60 പൈസ സംസ്ഥാന ഗവൺമെന്റ് നഷ്ടംസഹിച്ചുകൊണ്ടാണ് മാവേലിസ്റ്റോറുകൾക്ക് കൊടുത്തത്. അതുകഴിഞ്ഞ് വലിയ റിക്കാർഡ് വിളവുണ്ടായി. അരിയുടെ വില മൊത്തത്തിൽ കുറഞ്ഞു. ആ സമയത്ത് വില താഴാതെ പിടിച്ചുനിറുത്തുന്നതിനുവേണ്ടി സിവിൽസപ്ലൈസ് കോർപ്പറേഷന്റെ മാവേലി സ്റ്റോറുകളെ വിലനിലവാരം ഉയർത്തിനിർത്താൻ വേണ്ടിയാണ് പ്രയോ

LIBRARY ARCHIVES Kerala Legislative Assembly

ജനപ്പെടുത്തിയത്. ഒരു ഗവൺമെൻറിന് താൽപര്യമുണ്ടെങ്കിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനായാലും മാവേലിസ്റ്റോറുകളായാലും പൊതു വിതരണസ്ഥാപനങ്ങളായാലും അത് മുതലാളിമാരുടെ താൽപ്പര്യത്തിനനുകൂലമായിട്ട് ഉപയോഗിക്കാമെന്നു വിചാരിച്ചാലും സാധിക്കും. സഹകരണമേഖലതന്നെ എടുത്ത് ഇപ്പോൾ സ്വകാര്യ കച്ചവടക്കാർക്ക് കൊടുത്തിരിക്കുകയാണ്. നാട്ടിക റൂറൽബാങ്കിന്റെ അനുഭവംതന്നെ നമുക്കറിയാം. കഴിഞ്ഞ എത്രയോ വർഷങ്ങളായിട്ട് നല്ല നിലയിൽ പ്രവർത്തിച്ചുവന്നിരുന്ന ഒരു സ്ഥാപനമാണ്. അവിടത്തെ മൊത്ത വ്യാപാരം സ്വകാര്യവ്യക്തിക്ക് ഏൽപ്പിച്ചു. ഈ സ്ഥാപനത്തെതന്നെ വിലനിലവാരം ഉയർത്തിക്കെട്ടാനും കച്ചവടക്കാർക്ക് അപകടകരമായിട്ടു വരുന്ന സമയത്ത് അതിന്റെ വില പിടിച്ചുനിറുത്താനുംവേണ്ടിയുള്ള ഒരു ഉപാധിയായിട്ട് ഉപയോഗിക്കണമാണ് ഇന്ന് ഈ ഗവൺമെൻറ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. രണ്ടു തരത്തിൽ ഉപയോഗിക്കാം. ആളുകൾക്ക് സഹായകരമായിട്ട് എങ്ങനെ ഉപയോഗിക്കാമെന്ന് 1980-81-ൽ തെളിയിച്ചതാണ്. അതുകൊണ്ടാണ് അന്ന് വാമനൻ സ്റ്റോർ വന്നത്. അത് നമുക്കൊക്കെ അറിയാം. മാവേലി സ്റ്റോർ എന്നു കേട്ടപ്പോൾ തൃശ്ശൂരിലെ വ്യാപാരിവ്യവസായി സംഘത്തിന്റെ കേരള സംസ്ഥാന നേതൃത്വം വഹിക്കുന്ന ആളുകൾ കലിയും തുള്ളിക്കൊണ്ടിറങ്ങി. വാമനൻ സ്റ്റോർ തേക്കുംകാട് മൈതാനത്ത് തുടങ്ങി. ഇന്നിപ്പോൾ അവർക്ക് യാതൊരു ആക്ഷേപവുമില്ല. സഹകരണസ്റ്റോറുകളും വ്യാപാരി വ്യവസായികളും വളരെ സഹകരിച്ച് അവർക്ക് ഇന്ന് ഏറ്റവും സഹായകരമായിട്ടുള്ള ഒരു വേദിയാക്കി ഈ ഗവൺമെൻറിന്റെ നിയന്ത്രണത്തിലുള്ള സിവിൽസപ്ലൈസ് വകുപ്പിനെ മാറ്റിക്കഴിഞ്ഞിരിക്കുകയാണ്. ഈ നിയമം ഈ രീതിയിൽ പാസാക്കിയതുകൊണ്ട് വളരെ വിപുലമായിട്ടുള്ള വ്യാപ്തിയുള്ളതാണ്. ഗവൺമെൻറിന് താൽപര്യമുണ്ടെങ്കിൽ; ജനങ്ങൾക്ക് പ്രയോജനപ്പെടുത്തണമെന്ന് മനസ്സുണ്ടെങ്കിൽ ഇത് പ്രയോജനകരമായിട്ട് ഉപയോഗിക്കാം. ഉപയോഗിച്ചിടത്തോളം, ഇലക്ട്രിസിറ്റിയുടെ കാര്യം വന്നപ്പോൾ ജനങ്ങൾക്കെതിരായിട്ടാണ് ഉപയോഗിച്ചത്. അങ്ങനെ ഉപയോഗിക്കാൻ പാടില്ല. ഇങ്ങനെ ഒരു അവശ്യസാധന നിയന്ത്രണബിൽ ഈ കേരള നിയമസഭ ചർച്ച ചെയ്യുന്നു എന്നു കേൾക്കുമ്പോൾത്തന്നെ കേരളത്തിലെ ജനങ്ങൾക്കുള്ള പ്രതീക്ഷ ഇന്നത്തെ ഈ തീപിടിച്ച വിലക്കയറ്റത്തിൽനിന്ന് തങ്ങൾക്ക് ആവശ്യമായിട്ടുള്ള സാധനങ്ങളെങ്കിലും നിയന്ത്രിതവിലയ്ക്ക് വിതരണം ചെയ്യുന്നതിന് എന്തെങ്കിലും ഒരു സംവിധാനം ഉണ്ടാകുമെന്നാണ്. അതുപോലെ പ്രധാനമായിട്ടുള്ള ഒന്നാണ് നമ്മുടെ പരമ്പരാഗത വ്യവസായങ്ങൾക്കാവശ്യമായിട്ടുള്ള അസംസ്കൃത പദാർത്ഥങ്ങൾ സംഭരിച്ചുകൊടുക്കുക എന്നുള്ളത്. കൈത്തറിത്തൊഴിലാളികളുടെ കാര്യത്തിൽ അവർക്ക് കുറഞ്ഞ വിലയ്ക്ക് നൂലും ചായവും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളും കയർ മേഖലയിൽ ആവശ്യത്തിന് തൊണ്ട് സംഭരിച്ചുകൊടുക്കുന്ന കാര്യത്തിലും ഒക്കെ ഈ നിയമം പ്രയോജനപ്പെടുത്താൻ കഴിയും. അത് പ്രയോജനപ്പെടുത്തിക്കൊണ്ട് നമ്മുടെ പരമ്പരാഗത വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിനും അതുപോലെ വിലക്കയറ്റത്തെ നിയന്ത്രിക്കുന്നതിനും ഈ നിയമം പ്രയോജനപ്പെടുത്താൻ ഇതിൽപ്പെടുന്ന ഏതു വസ്തു വേണമെങ്കിലും നോട്ടിഫൈ ചെയ്യാനുള്ള അനിയന്ത്രിതമായ അവകാശം ഗവൺമെൻറിന് നൽകുന്ന ഈ വകുപ്പ് ജനങ്ങൾക്ക് പ്രയോജനകരമായി ഉപയോഗപ്പെടുത്തണമെന്നുള്ള കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ്ബഷീർ: സർ, 1985-ലെ കേരള അവശ്യ സാധനനിയന്ത്രണബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്നുള്ള ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി: സ്പീക്കർ]

സർ, ഈ ബിൽ സദുദ്ദേശപരമായ ഒരു ബില്ലാണെന്ന് ഞാൻ ആദ്യമേ തന്നെ ചൂണ്ടിക്കാണിക്കുകയാണ്. ഇവിടെ നിയമനിർമ്മാണങ്ങൾ ധാരാളമായി നടക്കുന്നുണ്ട്; പക്ഷേ നിയമം പ്രവർത്തിപഥത്തിൽ കൊണ്ടുവരുന്നതിൽ പരാജയം നേരിടുന്നു എന്നും ചൂണ്ടിക്കാണിക്കുകയുണ്ടായി. നിയമം നടപ്പിലാക്കുന്ന കാര്യത്തിൽ പരാജയം നേരിടുന്നു എന്നതും നിയമത്തിന് വൈകല്യങ്ങളുണ്ടെന്നതും നേരാണ്. എന്നു വിചാരിച്ച് ആവശ്യമായിട്ടുള്ള നിയമനിർമ്മാണം വേണ്ടെന്നു പറയുന്നത് ശരിയല്ല. തലവേദന യുണ്ടാകുന്നു എന്നുള്ളതുകൊണ്ട് തലയേ വേണ്ടെന്നു പറയുന്ന പ്രതീതി ഒരിക്കലും അഭിലഷണീയമല്ല. നിയമത്തിൽ ഉദ്ദേശിച്ചിരിക്കുന്ന കാര്യങ്ങൾ തീർച്ചയായും ജനതാൽപര്യത്തെ മുൻനിർത്തിയുള്ളതാണെന്ന കാര്യത്തിൽ സംശയമില്ല. 1955-ലെ എസൻഷ്യൽ കമോഡിറ്റീസ് ആക്ടിൽ നിർവ്വചിച്ചിട്ടുള്ള അവശ്യസാധനങ്ങളല്ലാത്ത മറ്റു സാധനങ്ങൾ ഒരു ഗസറ്റു വിജ്ഞാപനംവഴി അവശ്യസാധനമായി പ്രഖ്യാപിക്കുകയും ഇത്തരം അവശ്യസാധനങ്ങളുടെ ഉൽപാദനം, വിപണനം, വിതരണം, വില നിയന്ത്രണം എന്നിവ സംബന്ധിച്ച് ക്രമീകരണങ്ങൾ വരുത്താനും ഗവൺമെന്റിന് അധികാരം കൊടുക്കുന്ന ഒരു നിയമനിർമ്മാണമാണിത്. തീർച്ചയായിട്ടും ഇത്തരം ഒരു നിയമത്തിന്റെ അനിവാര്യതയെയും ഇത്തരം ഒരു നിയമത്തിന്റെ ഉദ്ദേശശുദ്ധിയേയും ആർക്കും ചോദ്യം ചെയ്യാൻ സാധിക്കുകയില്ല എന്നത് പരമാർത്ഥമാണ്. ഇവിടെ ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി ഈ അവശ്യസാധനങ്ങൾ എന്നതിന്റെ നിർവ്വചനത്തിൽ ഇതിനകംതന്നെ സോഫ്റ്റ്വുഡും ഇലക്ട്രിസിറ്റിയും പെടുത്തിയിട്ടുണ്ടെന്ന് ചൂണ്ടിക്കാണിക്കുകയുണ്ടായി. എന്റെ എളിയ അഭിപ്രായത്തിൽ ഇവിടത്തെ വ്യാവസായിക സ്ഥാപനങ്ങൾക്ക് നൽകുന്ന അസംസ്കൃത പദാർത്ഥങ്ങളത്രയും ഇതിന്റെ നിർവ്വചനത്തിൻകീഴിൽ കൊണ്ടുവരാൻ കഴിയണമെന്നാണ്. സെക്ഷൻ 9-ന്റെ വിശദീകരണത്തിൽ വ്യക്തികളും സംഘങ്ങളും കമ്പനികളും എന്നുള്ള നിർവ്വചനത്തിൽ ഇതെല്ലാംതന്നെ ബാധകമാക്കാനുള്ള വകുപ്പുണ്ട്. ഇവിടെ നടക്കുന്നത് വ്യക്തമായ രണ്ടു കാര്യങ്ങളാണ്. വ്യവസായങ്ങൾക്ക് കൊടുക്കുന്ന അസംസ്കൃത പദാർത്ഥങ്ങൾ വ്യക്തികൾക്ക് ഒരുസ്ഥാപനം നടത്താൻ കൊടുക്കുന്നത് അല്ലെങ്കിൽ ലൈസൻസ് ഇത് വ്യാപകമായ വിധത്തിൽ ദുരുപയോഗപ്പെടുത്തുന്ന ചിത്രം ഒരു ഭാഗത്ത്. മറുഭാഗത്ത് അസംസ്കൃതപദാർത്ഥം കിട്ടാത്തതുകൊണ്ട് വ്യവസായം പ്രതിസന്ധിയെ നേരിടുകയും തൊഴിലാളികളുടെ തൊഴിൽസ്ഥിരതയ്ക്കുപോലും അപകടം വരികയും ചെയ്യുന്ന ചിത്രമാണ്.

സർ, നമ്മുടെ നാട്ടിൽ ലൈസൻസ് പ്രകാരം സാധനങ്ങൾ കൊണ്ടുവന്നാൽ അത് എന്താവശ്യത്തിനുവേണ്ടിയാണോ ലൈസൻസ് കൊടുത്തിട്ടുള്ളത് അതിനുവേണ്ടി വിനിയോഗിക്കുന്നുണ്ടോയെന്ന് പരിശോധിക്കാനും അങ്ങനെ വിനിയോഗിക്കുന്നില്ലെങ്കിൽ അത്തരം ആളുകളുടെ പേരിൽ നടപടി സ്വീകരിക്കാനും ഉള്ള നടപടിക്രമങ്ങൾ വളരെ കുറവാണ്. നൂറു ലിറ്റർ സ്പിരിറ്റു കൊണ്ടുവരാൻ ലൈസൻസ് കിട്ടുന്നു. ആ ലൈസൻസ് കയ്യിൽവച്ച് ആയിരം ലിറ്റർ സ്പിരിറ്റ് കൊണ്ടുവരുന്നു. യഥാർത്ഥത്തിൽ അവൻ ലൈസൻസ് മുദ്രയടിപ്പിക്കുന്നില്ല, ചെക്കുപോസ്റ്റിൽ.

LIBRARY ARCHIVES Kerala Legislative Assembly

അവനു കൊടുക്കുന്ന ലൈസൻസിനു് ഉപരിയായി സ്പിരിറ്റ് കടത്തിക്കൊണ്ടുവരുന്നതു് നിത്യസംഭവമാണു്. ലൈസൻസു് പ്രകാരം കിട്ടുന്ന സാധനങ്ങൾ മറ്റു് മാർക്കറ്റിൽ വിറ്റു പണമുണ്ടാക്കുന്നു. ആ സ്ഥാപനത്തിനു വേണ്ടി ഉപയോഗിക്കുന്നില്ല. അത്തരത്തിലുള്ള ഒരു അവസ്ഥ പല സ്ഥലത്തും കാണാൻ കഴിയും. കൊടുക്കുന്ന അസംസ്കൃത പദാർത്ഥങ്ങൾ ആ സ്ഥാപനത്തിന്റെ ആവശ്യത്തിനു തന്നെയാണോ വിനിയോഗിക്കുന്നതെന്നു് ഉറപ്പു വരുത്തണമെങ്കിൽ തീർച്ചയായും അതിന്റെമേൽ ശക്തമായ നിയന്ത്രണം ഏർപ്പെടുത്താൻ കഴിയുന്ന ഒരു വ്യവസ്ഥിതിയുണ്ടാകണം. ഗവൺമെന്റിനു് അത്രയും ശക്തമായ അധികാരം ഉണ്ടാകണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. വ്യാപകമായ ദുരുപയോഗം നടക്കുന്നുണ്ടു്. കൊടുക്കുന്ന ലൈസൻസു്, കൊടുക്കുന്ന അസംസ്കൃത പദാർത്ഥങ്ങൾ വ്യാപകമായ തോതിൽ ദുരുപയോഗപ്പെടുത്തുന്നുവെന്നുള്ളതു് സത്യമാണു്. അതു് നിയന്ത്രിക്കാൻ ഇതിലെ മൂന്നാം വകുപ്പിൽ പറയുന്ന അധികാരം ഉപയോഗിച്ചു് ഈ ഗവൺമെന്റിനു് കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. അസംസ്കൃത പദാർത്ഥങ്ങൾ കിട്ടാത്തതിന്റെ ഫലമായി വ്യവസായരംഗത്തു് നേരിടുന്ന പ്രതിസന്ധിയെക്കുറിച്ചു് ചൂണ്ടിക്കാണിച്ചു. കേരളത്തിലെ പല വ്യവസായങ്ങളും അസംസ്കൃത പദാർത്ഥങ്ങൾ ലഭിക്കാത്തതുകൊണ്ടു് വമ്പിച്ച തോതിലുള്ള പ്രതിസന്ധി നേരിടുകയാണു്. ആയിരക്കണക്കിനു തൊഴിലാളികളുടെ മേൽ പിരിച്ചുവിടൽ ഭീഷണി ഉയർന്നുവരുന്നുണ്ടു്. അസംസ്കൃത പദാർത്ഥങ്ങൾ വ്യവസ്ഥാപിതമായി അത്തരം സ്ഥാപനങ്ങൾക്കു് കൊടുക്കാൻ കഴിയണം. ഇതിന്റെ മൂന്നാമത്തെ വകുപ്പിൽ വളരെ വ്യക്തമായി ആ കാര്യത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതു സംബന്ധിച്ചു് ഗവൺമെന്റിനു് അധികാരം ലഭിക്കുന്നുണ്ടു്. അത്തരം അസംസ്കൃത പദാർത്ഥങ്ങൾ ലഭിക്കാത്തതിന്റെ ഫലമായി പ്രതിസന്ധി നേരിടുന്ന വ്യവസായത്തെ രക്ഷിക്കുന്നതു സംബന്ധിച്ചു് ക്രിയാത്മകമായ ചില ചിന്ത ഉണ്ടാകണം. പ്രത്യേകിച്ചും വനാധിഷ്ഠിത വ്യവസായം. സോഫ്റ്റ് വുഡ് ഇതിന്റെ നിർവചനത്തിൽപെടുത്തിയിട്ടുണ്ടെന്നു് ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ചു. അതുസംബന്ധിച്ചു് വനാധിഷ്ഠിത വ്യവസായത്തെ സംബന്ധിച്ചു് പറയുമ്പോൾ കേരളത്തിലെ വനാധിഷ്ഠിത വ്യവസായത്തിനു് വമ്പിച്ച പ്രതിസന്ധി നേരിടുകയാണു്. അസംസ്കൃത പദാർത്ഥങ്ങൾ ലഭിക്കുന്നില്ല. ഞാൻ ജോലിചെയ്യുന്ന ഗവാളിയോർ റയോൺസു് ഇന്നു് പൂട്ടിയിട്ടിരിക്കുകയാണു്. ആ സ്ഥാപനത്തിനു് വമ്പിച്ച തോതിലുള്ള അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ടു്. ഇതിനു് പരിഹാരം ഉണ്ടാക്കണം. നമുക്കു് വർദ്ധിപ്പിച്ചുകൊടുക്കാൻ ഇതുകൊണ്ടു് അവസരമുണ്ടാകും. കുറച്ചുകൊടുക്കാൻ ഇതുകൊണ്ടു് അവസരമുണ്ടാകും. വേണ്ടത്ര കൊടുക്കണ്ടാ എന്നു് തീരുമാനിക്കണമെങ്കിൽ അങ്ങനെ തീരുമാനിക്കാനും അവസരമുണ്ടാകും. നിയമം കയ്യിലുണ്ടെന്നുള്ളതു് നേരാണു്. പക്ഷെ കൊടുക്കണമെങ്കിൽ ഇതുണ്ടായിട്ടെന്തുകാര്യം? ഇവിടെ യാതൊരു വിധത്തിലുള്ള റീപ്രാറേഷൻ നടപടിയും നടക്കുന്നില്ല. വ്യാവസായിക പ്രാതിനിധ്യം നമ്മുടെ മുമ്പിൽ ഇപ്പോഴും സ്വപ്നമായി നിൽക്കുകയാണു്. ഈ സഭയിൽതന്നെ അതേക്കുറിച്ചു് പലപ്പോഴും പരാമർശനം ഉണ്ടായിട്ടുണ്ടു്. ഇൻഡസ്ട്രിയൽ പ്ലാനിംഗിനെ സംബന്ധിച്ചു് ഗൗരവമായ ചിന്തകൾ വന്നിട്ടില്ലെങ്കിൽ കേരളത്തിലെ വനാധിഷ്ഠിത വ്യവസായം നിലനിൽക്കുകയില്ലെന്നു് ചൂണ്ടിക്കാണിക്കുകയാണു്. അതു് സംയുക്ത മേഖലയിലായിരുന്നാലും ശരി തത്വങ്ങൾ ബലികഴിക്കാത്ത വിധത്തിൽ സംയുക്ത മേഖലയിൽ ഇൻഡസ്ട്രിയൽ പ്ലാനിംഗ് ഉണ്ടാക്കുന്നതു സംബന്ധിച്ച ക്രിയാത്മകമായ നടപടി സ്വീകരിക്കണം. അല്ലെങ്കിൽ വനാധിഷ്ഠിത വ്യവസായത്തെ രക്ഷി

LIBRARY ARCHIVES Kerala Legislative Assembly

ക്കാൻ കഴിയുകയില്ല. ആയിരക്കണക്കിന് ആളുകളുടെ ജോലി ഉറപ്പുവരുത്താൻ കഴിയുകയില്ല. കൊടുക്കുന്ന അസംസ്കൃത പദാർത്ഥങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോയെന്നുള്ളതിനെ സംബന്ധിച്ചും അസംസ്കൃത പദാർത്ഥങ്ങൾ ലഭിക്കാത്തതുകൊണ്ട് പ്രതിസന്ധി നേരിടുന്ന വ്യവസായങ്ങളെക്കുറിച്ചും ക്രിയാത്മകമായി ചിലത് ചെയ്യാൻ ഗവൺമെൻറിന് അധികാരം കിട്ടും. തീർച്ചയായും അത്തരം അധികാരം ഉപയോഗപ്പെടുത്തണം. നിയമം പാസ്സാക്കിയതുകൊണ്ട് പ്രയോജനമില്ല. അത് പ്രവർത്തിപഥത്തിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കണം. ഇതിലെ സെക്ഷൻ 2 (എ) പ്രകാരം ഉല്പാദനത്തിന്റെ കാര്യത്തിൽ ക്രമീകരണം വരുത്തുന്നതിന് ഗവൺമെൻറിന് അധികാരം കിട്ടുന്നുണ്ട്. ഉല്പാദനത്തിന്റെ കാര്യത്തിൽ ക്രമീകരണം വരുത്താൻ ഗവൺമെൻറിന് അധികാരം കിട്ടേണ്ടതുണ്ട്. ഉൽപാദകന് ഒരു അലിഖിത നിയമമുണ്ട്. ഉൽപാദകന്റെ അലിഖിത നിയമമെന്നുപറഞ്ഞാൽ ഉൽപാദനം നിയന്ത്രിക്കുന്ന കാര്യത്തിൽ രാജ്യത്താർക്കും അവരെ ചോദ്യംചെയ്യാൻ അധികാരമില്ലെന്നാണ്. ഗവൺമെൻറിനും മറ്റാർക്കും ചോദ്യം ചെയ്തുകൂടാ. Production is the prerogative of the producer എന്ന അലിഖിത നിയമം വച്ചുപുലർത്തുന്നുണ്ട്. എനിക്ക് ഇഷ്ടമുണ്ടെങ്കിൽ പ്രൊഡക്ഷൻ ഉണ്ടാകും. എനിക്ക് ഇഷ്ടമില്ലെങ്കിൽ ഉണ്ടാക്കുകയില്ല. പ്രൊഡക്ഷൻ കൂട്ടുന്നതും കുറയ്ക്കുന്നതുമൊക്കെ ഇഷ്ടംപോലെ ചെയ്യും. അത് ചോദ്യംചെയ്യാൻപറ്റാത്ത അവകാശമാണെന്ന ധാരണ വച്ചുപുലർത്തുന്ന മനേജുമെൻറുണ്ട്. അതൊരു അലിഖിത നിയമമായി നിലനിൽക്കുകയാണ്. പല വ്യവസായങ്ങളുടെയും ഉൽപ്പാദനമെന്നു പറയുന്നത് രാജ്യതാല്പര്യത്തിന് അനിവാര്യമായ ഘടകമാണ്. ഉൽപ്പാദനം പോലും വെട്ടിക്കുറച്ച് മരവിപ്പിച്ച് തങ്ങളുടെ വ്യാപാര തന്ത്രങ്ങൾ പരിരക്ഷിക്കാൻവേണ്ടി ചില തൊഴിലുടമകൾ ശ്രമിക്കുന്നുണ്ടെന്നുള്ള കാര്യം ചൂണ്ടിക്കാണിക്കുകയാണ്. അത്തരം തൊഴിലുടമകളോട് രാജ്യതാല്പര്യം മുൻനിർത്തി ഉല്പാദനം ഇന്ന രൂപത്തിൽ ക്രമീകരിക്കണം, ഇന്ന രൂപത്തിൽ നടത്തണമെന്നുപറയാനുള്ള അധികാരം ഗവൺമെൻറിന് ഉണ്ടാകണം. പലപ്പോഴും നിസ്സഹായത കാണിക്കുന്നു ഗവൺമെൻറ്. അങ്ങനെ വേണ്ടിവന്നേക്കാം. ചിലപ്പോൾ ചില മുതലാളിമാർ വ്യവസായം അടച്ചുപൂട്ടുന്നു. ചിലപ്പോൾ ഉൽപ്പാദനം വെട്ടിക്കുറയ്ക്കുന്നു. അതു സംബന്ധിച്ച് ചോദിച്ചാൽ പണം മുടക്കുന്നവർക്ക് എത്ര ഉൽപ്പാദനം വേണമെന്ന് തീരുമാനിക്കാൻ അവകാശമുണ്ട്; അതിൻമേൽ നിയന്ത്രണം വേണ്ടെന്ന് പറയും. ശക്തമായ നിയന്ത്രണം ഉണ്ടാകണം. ഉൽപ്പാദനം നിയന്ത്രിക്കാൻ, ഉൽപ്പാദനം വർദ്ധിപ്പിക്കണമെന്നു പറയാൻ, ഉൽപ്പാദന ക്രമീകരണമുണ്ടാക്കാൻ ഈ നാട്ടിലെ ഏത് തൊഴിലുടമയോടും കമ്പനി ഉടമസ്ഥൻമാരോടും പറയാനുള്ള ഒരു പശ്ചാത്തലം നിയമപരമായും ധാർമ്മികമായും ഗവൺമെൻറിന് ഉണ്ടാകേണ്ടതു് വ്യാവസായിക വളർച്ചയ്ക്കും ഉല്പാദന വളർച്ചയ്ക്കും അനിവാര്യമാണെന്നുള്ളതിൽ തർക്കമില്ല. അത്തരത്തിലുള്ള അവസ്ഥ ഈ നാട്ടിൽ ഉണ്ടാക്കണം. ഉൽപ്പാദനത്തിന്റെ കാര്യത്തിൽ ഗവൺമെൻറ് ക്രമീകരണം ഉണ്ടാക്കണം. ആ കാര്യത്തിൽ പോരായ്മയുണ്ടെങ്കിൽ എനിക്കു പറയാനുള്ളത് ഉൽപ്പാദന മേഖലയിൽ ഗവൺമെൻറിന് നിയന്ത്രണം വരുത്താൻ കഴിയുന്ന വിധത്തിൽ ഗവൺമെൻറ് പറയുന്ന വിധത്തിൽ ഒരു സംവിധാനം ഈ നാട്ടിൽ ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മറ്റൊന്ന് വില നിയന്ത്രണത്തെക്കുറിച്ചാണ്. വില നിയന്ത്രണത്തെക്കുറിച്ച് 2 (ബി) യിൽ പറയുന്നുണ്ട്. വാങ്ങിക്കുന്ന വിലയും വിൽക്കുന്ന വിലയും നിയന്ത്രിക്കാൻ ഗവൺമെൻറിന് അധികാരം കൊടുക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഉൽപാദകൻ അവന്റെ ഉൽപ്പന്നത്തിന്റെ റാമെറ്റീരിയൽ വാങ്ങിക്കുന്ന വിലയും വിൽക്കുന്ന വിലയും നിയന്ത്രിക്കാൻ ഗവൺമെന്റിന് തീർച്ച യായും അധികാരമുണ്ടാകണം. കേന്ദ്ര ആക്ട് പ്രകാരമുള്ള സാധനങ്ങൾ ക്കല്ലാതെ മറ്റ് സാധനങ്ങൾക്കും അത്തരം നിയന്ത്രണം ഉണ്ടാകണമെന്ന കാര്യ ത്തിൽ സംശയമില്ല. ഇവിടെ നിലനിൽക്കുന്നത് ഒരുതരം കാട്ടുനീതി യാണ്. എന്റെ ഷോപ്പിൽ വച്ചിരിക്കുന്ന സാധനങ്ങൾക്ക്, ഞാൻ ഉൽപ്പാദി പ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് എന്റെ വില എന്ന കാട്ടുനീതി വച്ചു പുലർത്തു ന്നുണ്ട്. ആ കാര്യത്തിൽ യാതൊരു വിധത്തിലുള്ള നിയന്ത്രണവും ഇല്ല. ഓരോരുത്തർക്കും തോന്നിയ വില ഈടാക്കുന്നു. അത്തരത്തിലുള്ള അവസ്ഥയുണ്ട്. നിയമം ഉണ്ടായതുകൊണ്ടുമാത്രം കാര്യമില്ല. വില നിലവാരം പിടിച്ചുനിർത്താനാവശ്യമായ ശക്തമായ നടപടിയുണ്ടാകണ മെന്ന കാര്യത്തിൽ സംശയമില്ല. വില നിയന്ത്രിക്കുന്നതിന് ശക്തമായ നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എന്റെയും അഭിപ്രായം. അതേസമയത്ത് വില നിയന്ത്രണത്തിന്റെ മറവിൽനിന്നുകൊണ്ട് വില നിയ ന്ത്രിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് ആരെയെങ്കിലും ചെളിവാരിയെ റിയാൻ ശ്രമിക്കുന്നത് ശരിയല്ലെന്ന് പറയാനാഗ്രഹിക്കുകയാണ്. വില നിയന്ത്രിക്കണമെന്ന് ഈ സഭയിൽ ആവശ്യപ്പെട്ട ചില ബഹുമാനപ്പെട്ട അംഗ ങ്ങൾ സിവിൽ സപ്ലൈസ് വകുപ്പു മന്ത്രിയെ പ്രതിക്കൂട്ടിൽ കയറ്റുന്നതു കണ്ടു. പറവൂർ റവ. എസ്. ഒ. യെ മാറ്റിയതിനെ സംബന്ധിച്ചും ഹോംസെയിൽ ഡീലറുമായുള്ള ബന്ധത്തെക്കുറിച്ചും സംസാരിച്ചു. ഒരു കാര്യം വ്യക്തമാണ്; ഇവിടെ പൊതുവിതരണ സമ്പ്രദായം ശക്തി പ്പെടുത്തികൊണ്ടുവരണമെന്ന കാര്യത്തിൽ തർക്കമില്ല. തെറ്റു ചെയ്യുന്ന ഹോംസെയ്ലറുടെ പേരിൽ നടപടി സ്വീകരിക്കണം. ഭരണത്തിന്റെ ഭാഗ മായി ചില ട്രാൻസ്ഫറുകൾ നടത്തേണ്ടിവരുമെന്നുള്ള കാര്യത്തിൽ സംശയ മില്ല. പക്ഷെ ഹോംസെയിൽ കച്ചവടക്കാരെയുമായി കൂട്ടിചേർത്ത് റവ.എസ്.ഒ. യുടെ ട്രാൻസ്ഫറിനെക്കുറിച്ച് പറഞ്ഞത് മന്ത്രിയെ ഹോം സെയിലായി വിമർശിക്കാനുള്ള വ്യഗ്രതകൊണ്ടുമാത്രമാണെന്ന് ചൂണ്ടിക്കാ ണിക്കാനാഗ്രഹിക്കുകയാണ്. അങ്ങനെയൊരു ഹോംസെയിൽ ഡീലർ തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ അയാളുടെ പേരിൽ നടപടിയെടുക്കാൻ മടി ക്കുന്ന മന്ത്രിയാണ് ഇവിടുത്തെ സിവിൽ സപ്ലൈസ് മന്ത്രിയെന്ന അഭിപ്രായം എനിക്കില്ല. തെറ്റു ചെയ്യുന്ന ഹോംസെയിൽ ഡീലറുടെ പേരിൽ നടപടി സ്വീകരിക്കണം. അതുപോലെതന്നെ റേഷൻ ഹോംസെയിൽ ഷോപ്പുകൾ കൊടുക്കുന്ന സമയത്ത് സഹകരണ സ്ഥാപനത്തിന് മുൻഗ ണന നൽകണമെന്നും സ്വകാര്യ വ്യക്തികൾക്ക് മുൻഗണന നൽകരുതെന്നും പറഞ്ഞു. അതിനോട് ഞാൻ യോജിക്കുകയാണ്. സഹകരണ മേഖലയ്ക്ക് പ്രാമുഖ്യം നൽകണം. ആ കാര്യത്തിൽ തർക്കമില്ല. അയോഗ്യതയുള്ള സഹകരണ സ്ഥാപനത്തിന് കൊടുക്കണമെന്നല്ല ഞാൻ പറയുന്നത്. യോഗ്യതയുള്ള സഹകരണ സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അവയെ അവഗണി ച്ചുകൊണ്ട് സ്വകാര്യ രംഗത്തെ പരിപോഷിപ്പിക്കുന്നത് ശരിയല്ല.

മറ്റൊരു കാര്യം ചൂണ്ടിക്കാണിക്കുവാനുള്ളത്, വില നിയന്ത്രിക്കണമെ ങ്കിൽ, വിലനിലവാരം പിടിച്ചുനിറുത്തണമെങ്കിൽ എല്ലാപേരും ചൂണ്ടിക്കാ ണിച്ചതുപോലെ പൊതുവിതരണസമ്പ്രദായം ശക്തിപ്പെടുത്തണമെന്ന കാര്യത്തിൽ സംശയമില്ല. അങ്ങനെ ശക്തിപ്പെടുത്തുന്നതു സംബന്ധിച്ച് നടപടിയെടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഇവിടെ വമ്പിച്ച തോതിലുള്ള ചൂഷണങ്ങൾ നടക്കുകയാണ്. ഓരോ ദിവസവും വില വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ജനങ്ങളുടെ നിത്യജീവിതം ദുഃസഹമായി ക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് അതിശക്തിയായ രീതിയിൽ പൊതു

LIBRARY ARCHIVES Kerala Legislative Assembly

വിതരണസമ്പ്രദായം ശക്തിപ്പെടുത്തിക്കൊണ്ടുവരേണ്ടതുണ്ട്. കഴിഞ്ഞ ബക്രീദ് കാലത്തും ഓണക്കാലത്തും എല്ലാം വ്യാപകമായി നടന്നിട്ടുള്ള ഓണച്ചന്തകളും ബക്രീദ് ചന്തകളുമൊക്കെ തീർച്ചയായും സമാശ്വാസമായിരുന്നു എന്നുള്ള കാര്യത്തിൽ സംശയമില്ല.

ശ്രീ. എ. വി. താമരാക്ഷൻ: ഒരു മാസത്തിനുമുമ്പ് ഈ നിയമസഭയിൽത്തന്നെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം ആകെ കുത്തഴിഞ്ഞു കിടക്കുന്നുവെന്നും പൊതുവിതരണ സമ്പ്രദായം തകർന്നു പോയി എന്നും മറ്റും പറഞ്ഞ് അങ്ങ് വളരെ ഉജ്വലമായി പ്രസംഗിച്ചു. എന്നാൽ ഇന്ന് അങ്ങ് ഓണച്ചന്തയും ബക്രീഡ് ചന്തയുമെല്ലാം ഭംഗിയായി നടക്കുന്നുവെന്ന് പറയുന്നു. അങ്ങും കൂടി അപ്പുറത്തേക്ക് മാറിയതിന്റെ ഫലമായിട്ടാണോ ഈ മാറ്റം ഉണ്ടായത്? അതോ ഈ ഭരണത്തിൽ അങ്ങ് ഒരു എസൻഷ്യൽ ആർട്ടിക്കിൾ ആയതുകൊണ്ടാണോ അങ്ങ് ഈ അഭിപ്രായം പറയുന്നത്?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അപ്പുറത്തിരുന്നാലും ഇപ്പുറത്തിരുന്നാലും സത്യമേ പറയാവൂ എന്ന് എനിക്ക് നിർബന്ധമുണ്ട്. രണ്ടാമത്തെ കാര്യമെന്താണെന്നുവച്ചാൽ കഴിഞ്ഞ ബക്രീദിനും ഓണത്തിനും മുമ്പത്തെ ഓണത്തിനും പെരുന്നാളിനും ഞാൻ അപ്പുറത്തിരുന്ന് അരിയെവിടെ അരിയെവിടെ എന്നു ചോദിച്ചവനാണ്. ഞാൻ അത് നിഷേധിക്കുന്നില്ല. ഇപ്പോഴും അത് ചോദിക്കാത്തതിന്റെ കാരണം ഞാൻ ഇപ്പുറത്ത് പോന്നു എന്നുള്ളതല്ല. കഴിഞ്ഞ ബക്രീദിനും ഓണത്തിനും അരിയെവിടെ, അരിയെവിടെ എന്നു ചോദിക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് കാർഡ് ഏവിടെ കാർഡ് എവിടെ എന്ന് ചോദിച്ച് ഇങ്ങോട്ട് വരികയായിരുന്നു. അതുകൊണ്ട് ഇപ്പോഴും ആ ചോദ്യത്തിന്റെ ആവശ്യമില്ല.

ശ്രീ. വി. ദിനകരൻ: സത്യമേ പറയുകയുള്ളൂ എന്ന് അങ്ങ് പറഞ്ഞു. അപ്പുറത്തിരുന്ന് പറഞ്ഞതെല്ലാം അസത്യമാണെന്നാണോ ഇതിൽനിന്ന് ഞങ്ങളെപ്പോലെയുള്ളവർ മനസിലാക്കേണ്ടത്?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഞാൻ അപ്പുറത്തുനിന്നു പറഞ്ഞതും സത്യമാണ്, ഇപ്പുറത്തിരുന്ന് പറയുന്നതും സത്യമാണ്. അന്ന് ഗവൺമെന്റിന്റെ നയങ്ങളെ വിമർശിച്ചിട്ടുണ്ടെങ്കിൽ തീർച്ചയായും അത് വിമർശിക്കേണ്ട നയങ്ങളാണ്. ആ കാര്യത്തിൽ യാതൊരു തെറ്റിദ്ധാരണയും വേണ്ട. ഞങ്ങളും ഇപ്പുറത്ത് നിൽക്കുന്നുവെങ്കിലും ഈ ഗവൺമെന്റിന്റെ നയങ്ങളിൽ തിരുത്തലുകളും വേണമെങ്കിൽ ആത്മാർത്ഥതയോടുകൂടി ഞങ്ങളും അത് പറയും. ഞങ്ങളുടെ ചിന്താഗതികളെ ആരും അറസ്റ്റ് ചെയ്തു നിറുത്തിയിട്ടില്ല. ഞങ്ങളും കാര്യങ്ങളും പറയും, തെറ്റുകളും ചൂണ്ടിക്കാണിക്കും. അങ്ങനെ ക്രിയാത്മകമായ സഹകരണമല്ലാതെ ഞങ്ങളും ചിന്താഗതികളും പുഴുത്തിവയ്പ് നടത്തുന്ന കൂട്ടത്തിലല്ല. ഞങ്ങൾക്ക് ഞങ്ങളുടേതായ ചിന്താഗതിയുണ്ട്. സത്യസന്ധമായ വിമർശനങ്ങളും ഞങ്ങളും നടത്തും. അപ്പുറത്തുനിന്നും സത്യസന്ധമായ വിമർശനങ്ങളും തന്നെയാണ് നടത്തിയിട്ടുള്ളത്. അതുതന്നെ തുടരുകയും ചെയ്യുമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മണിമംഗലത്തു കുട്ട്യാലി: മുമ്പ് നയപരിപാടികളെ സംബന്ധിച്ച് വിശദീകരിക്കുന്ന കൂട്ടത്തിൽ ഐക്യജനാധിപത്യമുന്നണിയെ വിമർശിച്ചിരുന്ന കാലത്ത് അങ്ങ് നിലനിന്നിരുന്ന രാഷ്ട്രീയപാർട്ടി ഇന്ന് നിലവിലില്ല എന്നുള്ള വസ്തുത പരിഗണിച്ചുകൊണ്ടാണോ സംസാരിക്കുന്നത്?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ആ രാഷ്ട്രീയപാർട്ടി ഇന്ന് നിലനിൽക്കുന്നുവോ ഇല്ലയോ എന്നുള്ളതല്ല. മുസ്ലീം ലീഗ് എന്ന രാഷ്ട്രീയ പ്രസ്ഥാനം ഇന്ന് നിലനിൽക്കുന്നുണ്ട്. ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ് എന്ന രാഷ്ട്രീയപ്രസ്ഥാനത്തിന്റെ ഒരു ഏളിയ നിയമസഭാസാമാജികൻ എന്ന നിലയിൽ വളരെ വ്യക്തമായും ഞങ്ങൾ എക്കാലത്തും പുരോഗമനവീക്ഷണത്തോടുകൂടിയാണ് നീങ്ങിയിട്ടുള്ളത്. അപ്പുറത്തിരുന്നപ്പോഴും പിൻതിരിപ്പൻ വീക്ഷണത്തോടുകൂടി നീങ്ങിയിട്ടില്ല. അപ്പുറത്തായിരുന്നാലും ഇപ്പുറത്തായിരുന്നാലും ഞങ്ങൾ പുരോഗമനവീക്ഷണം തന്നെ പുലർത്തും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ: ബഹുമാനപ്പെട്ട മെമ്പർ തിരഞ്ഞെടുപ്പിൽ ഏതു പാർട്ടിയുടെ, ഏത് മുന്നണിയുടെ സ്ഥാനാർത്ഥിയായിട്ടാണ് തിരഞ്ഞെടുക്കപ്പെട്ട് ഈ നിയമസഭയിൽ വന്നതെന്ന് പറയാമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അന്ന് ഞാൻ തിരഞ്ഞെടുക്കപ്പെട്ട പശ്ചാത്തലത്തെക്കുറിച്ച്, അന്ന് വോട്ടർമാരോട് പറഞ്ഞിട്ടുള്ള കാര്യങ്ങളെക്കുറിച്ച് എനിക്ക് പൂർണ്ണ ബോദ്ധ്യമുണ്ട്. അന്ന് വോട്ടർമാരോട് പറഞ്ഞിട്ടുള്ള കാര്യങ്ങളും പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ അപ്പുറത്തു നിന്നാൽ രക്ഷയില്ല യെന്ന് ബോദ്ധ്യമായിട്ടുതന്നെയാണ് സത്യം പാലിക്കപ്പെടുന്നതിനുവേണ്ടി ഞങ്ങൾ ഇപ്പുറത്തു നിൽക്കുന്നത്. അല്ലാതെ വികാരപരമായി നിൽക്കുന്നതല്ല. ജനങ്ങളോട് ഞങ്ങൾ ഗുണം ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. ജനങ്ങൾക്ക് ഗുണം ചെയ്യാൻ അപ്പുറത്തുനിന്ന് സർക്കസ് കളിച്ചിട്ട് കാര്യമില്ലെന്ന് മനസിലാക്കിയാണ്, ജനങ്ങൾക്ക് ഗുണം ചെയ്യാൻ ഇപ്പുറത്തു നിന്നാലേ സാധിക്കുകയുള്ളൂ എന്നുള്ളതുകൊണ്ടാണ് ഇപ്പുറത്തു വന്നത്.

ശ്രീ. കെ. ശങ്കരനാരായണപിള്ള: അപ്പുറത്തിരുന്നാലും ഇപ്പുറത്തിരുന്നാലും പുരോഗമനപരമായിത്തന്നെ പെരുമാറുമെന്ന് അങ്ങ് പറഞ്ഞു. അപ്പോൾ അതിന്റെ അർത്ഥം അദ്ദേഹം ഇപ്പോഴും പുരോഗമനപരമായി പെരുമാറുന്നു, പക്ഷേ അദ്ദേഹം ചേർന്ന പാർട്ടിക്ക് അത്രത്തോളം പുരോഗമനമില്ലായെന്നല്ലേ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അതിന്റെ വ്യാഖ്യാനത്തിലേക്ക് ഞാൻ കടക്കുന്നില്ല. ഇവിടെ ഞങ്ങളെടുത്ത നിലപാടിനെ സംബന്ധിച്ച് ചോദിച്ചു. ഞങ്ങളുടെ പാർട്ടിയെടുത്ത നിലപാടിനെക്കുറിച്ച് ചോദിച്ചു. വളരെ വ്യക്തമായും ഞങ്ങൾ പുരോഗമനപക്ഷത്തു തന്നെയാണ് നിന്നിട്ടുള്ളത്. ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ ഏതു നയമെടുത്താലും, വളരെ അഭിമാനത്തോടുകൂടി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്, ഈ നാട്ടിൽ നടന്നിട്ടുള്ള എല്ലാ പുരോഗമനാത്മകമായ നിയമനിർമ്മാണങ്ങളിലും ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ കർമ്മശക്തി ഉണ്ടായിരുന്നുവെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ. ബഷീർ എന്റെ അടുത്ത മണ്ഡലക്കാരനാണ്. പെരിങ്ങളത്ത് ഉപതിരഞ്ഞെടുപ്പിൽ ജയിച്ച എന്റെ മറ്റൊരു സുഹൃത്ത് ആ തിരഞ്ഞെടുപ്പിൽ മൽസരിക്കുമ്പോൾ പറഞ്ഞത് ഈ മുന്നണിയെ എതിർക്കുമെന്നാണ്. മുന്നണിയെ എതിർക്കുമെന്നു പറഞ്ഞുകൊണ്ട് ഉപതിരഞ്ഞെടുപ്പിൽ ജയിച്ച ബഷീർ ഇന്ന് ഈ മുന്നണിയെ ന്യായീകരിക്കുന്ന ഒരു സ്ഥിതിയുണ്ടായത് ശരിയല്ല. അത് വഞ്ചനയാണ്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ജനങ്ങളുടെ ഉപകാരത്തിനുവേണ്ടി നിൽക്കും, ജനങ്ങളുടെ പുരോഗതിക്കുവേണ്ടി നിൽക്കുമെന്നാണ് പെരിങ്ങളം മണ്ഡലത്തിൽ പറഞ്ഞത്. അതോടൊപ്പം ഒരു മുസ്ലീം ലീഗുകാരൻ എന്ന നിലയിൽ അസന്നിഗ്ദ്ധമായി ഒരു കാര്യം പറഞ്ഞു. ഞങ്ങളുടെ വിശ്വാസപ്രമാണത്തിനനുസരിച്ച് പ്രവർത്തിക്കുന്നതിനുള്ള സാഹചര്യത്തിനെതിരായി വരുന്ന നീക്കങ്ങളെ ഞങ്ങൾ പ്രതിരോധിക്കുമെന്ന് പറഞ്ഞു. പ്രതിരോധിക്കുമെന്ന് പറഞ്ഞ ആ വാക്കിന് അടിവരയിട്ടുകൊണ്ടുതന്നെ ഞാൻ പറയുന്നു, ഞങ്ങളുടെ വിശ്വാസത്തിനെതിരെയുള്ള കടന്നാക്രമണം അപ്പുറത്തുനിന്നും വന്നപ്പോൾ അന്ന് പെരിങ്ങളത്ത് പറഞ്ഞ അതേ ധാർമ്മിക പശ്ചാത്തലത്തിന്റെ അടിസ്ഥാനത്തിൽ അതിനെ എതിർക്കാൻ ഞാൻ ബാധ്യസ്ഥനാണ്. അല്ലാതെ യാതൊരു കാപട്യവും വഞ്ചനയും ഞങ്ങൾ ചെയ്തിട്ടില്ല. ചിലർക്ക് എസൻഷ്യൽ കമ്മോഡിറ്റി എന്നു പറയുമ്പോൾ എന്താണെന്ന് തർക്കമുണ്ടാകുന്നതുകൊണ്ടാണ് ഈ തർക്കം വരുന്നത്. ചിലരെ സംബന്ധിച്ചിടത്തോളം എസൻഷ്യൽ എന്നു പറയുന്നത് ഞങ്ങൾ അപ്പുറത്തുതന്നെ നിൽക്കണമെന്നുള്ളതാണ്. ഞങ്ങൾ അങ്ങനെ എസൻഷ്യലായി നിൽക്കുകയില്ല. ഞങ്ങൾക്ക് ചില കാര്യങ്ങളുണ്ട്, ചില തത്വങ്ങളുണ്ട്. ആ തത്വങ്ങളാണ് ഞങ്ങളെ സംബന്ധിച്ചിടത്തോളം എസൻഷ്യൽ. ആ എസൻഷ്യലായ തത്വത്തിനുവേണ്ടിയുള്ള രാഷ്ട്രീയമായ സമീപനമാണ് ഞങ്ങളുടെ പാർട്ടി എടുത്തിട്ടുള്ളതെന്നു കൂടി വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഇവിടെ 2 (ബി), വാങ്ങുന്ന വിലയും വിൽക്കുന്ന വിലയും നിയന്ത്രിക്കാൻ ഗവൺമെന്റിന് അധികാരമുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. ഞാൻ ഒരു കാര്യം ചൂണ്ടിക്കാണിക്കുകയാണ്. ഇവിടെ വ്യവസായികൾ നടത്തുന്ന ബുക്ക് അഡ്ജസ്റ്റുമെന്റിനെക്കുറിച്ചാണ് എനിക്ക് പറയുവാനുള്ളത്. വിൽക്കുന്ന വില നിയന്ത്രിക്കാൻ നമുക്ക് സാധിക്കും. എങ്ങനെയാണെന്നു വച്ചാൽ, ചില വ്യവസായികൾ കേരളത്തിനു പുറത്തുള്ള അവരുടെ സിസ്റ്റർ കൺസേൺസിന്–മറ്റ് വ്യവസായസ്ഥാപനങ്ങൾക്ക്–ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനെക്കുറിച്ച് കുറഞ്ഞ വില ബുക്കിൽ കാണിക്കുന്നു. വാങ്ങിക്കുന്നത് അവരുടെതന്നെ മഹാരാഷ്ട്രയിലും യു. പി. യിലുമുള്ള സ്ഥാപനങ്ങളാണ്. അതിന്റെ പേരിൽ നമ്മുടെ സംസ്ഥാനത്തിനു കിട്ടേണ്ട നികുതി നഷ്ടപ്പെടുത്തുന്നു. അതേസമയം ലാഭമില്ലായെന്ന് കണിക്കാൻ സാധിക്കുന്നു. അങ്ങനെ ബുക്ക് അഡ്ജസ്റ്റുമെന്റ് നടത്തി സർക്കാരിനേയും ജനങ്ങളേയും കബളിപ്പിക്കുന്ന വ്യവസായികളെ പിടികൂടാൻ നമുക്കു കഴിയണം. അതുകൊണ്ട് വാങ്ങുന്ന വിലയും വിൽക്കുന്ന വിലയും നിയന്ത്രിക്കുന്ന കാര്യത്തിൽ ഒരു ക്രമീകരണം വരുത്തുന്നതിന് ഗവൺമെന്റിന് അധികാരമുണ്ടാകേണ്ടത് ആവശ്യമാണെന്ന കാര്യത്തിൽ സംശയമില്ല.

അതുപോലെതന്നെ 2 (സി). സംഭരണം, വിതരണം, കൊണ്ടുപോകൽ, കയ്യൊഴിക്കൽ, വിലയ്ക്കെടുക്കൽ, ഉപയോഗം എന്നിവ ക്രമപ്പെടുത്താൻ ഗവൺമെന്റിന് അധികാരം കൊടുക്കുന്നു. നേരത്തെ പല അംഗങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

ചൂണ്ടിക്കാണിച്ചതുപോലെ വ്യവസായികളും പുതിയ മേച്ചിൽ സ്ഥലങ്ങളും അന്വേഷിച്ച് പോകുവാൻ ശ്രമിക്കുന്നു. സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യം കണക്കിലെടുക്കാതെ വ്യവസായികളും അവരുടെ താൽപ്പര്യത്തിനനുസരിച്ച് പുതിയ മേച്ചിൽ സ്ഥലങ്ങളും അന്വേഷിക്കാൻ ശ്രമിക്കുകയാണ്. വ്യവസായം മറ്റു മേഖലകളിലേക്ക് കൊണ്ടുപോകാനുള്ള നീക്കം നടത്തുന്നു. ഈ നിയമംകൊണ്ട് അത്തരത്തിലുള്ള ആസൂത്രിതമായ ശ്രമങ്ങളെ തടയാൻ പറ്റുമോയെന്ന് എനിക്ക് പൂർണ്ണമായി ബോദ്ധ്യമില്ല. എനിക്ക് ഒരുകാര്യം മാത്രമാണ് ചൂണ്ടിക്കാണിക്കുവാനുള്ളത്. ഈ സംസ്ഥാനത്തിന്റെ വിഭവശേഷി ഉപയോഗിച്ച്, ഈ സംസ്ഥാനത്തെ ഇലക്ട്രിസിറ്റിയും ജലശേഷിയുമെല്ലാം ഉപയോഗിച്ച്, കൊഴുത്തുതടിച്ച വ്യവസായങ്ങളും ഈ സംസ്ഥാനത്തുനിന്നും പിഴുതെടുത്ത്, കരിമ്പിൻചണ്ടിപോലെ ഈ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങളെ ബലികൊടുത്ത് പുതിയ മേച്ചിൽ സ്ഥലങ്ങളും അന്വേഷിച്ച് പോകാൻ പറ്റുകയില്ല. അങ്ങനെ പുതിയ മേച്ചിൽ സ്ഥലങ്ങളും അന്വേഷിച്ച് പോകുന്നവരെ നിലയ്ക്കു നിറുത്താൻ കഴിയണം. അതിന് 2 (സി) പര്യാപ്തമല്ലെങ്കിൽ, കുറെക്കൂടി ശക്തമായ നിയമനിർമ്മാണം ആവശ്യമാണെങ്കിൽ, അങ്ങനെ ചെയ്യണമെന്നാണ് എനിക്കു പറയുവാനുള്ളത്.

മറ്റൊരുകാര്യം എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത് സെക്ഷൻ 2 (ഡി) ആണ്. 1955-ലെ സെൻട്രൽ ആക്ടിൽ പറഞ്ഞിട്ടുള്ള സാധനങ്ങളല്ലാതെ മറ്റ് സാധനങ്ങളുടെ കാര്യത്തിൽ നോട്ടിഫിക്കേഷൻ കൊണ്ടുവന്ന് അത്തരം സാധനങ്ങളുടെ പൂഴ്ത്തിവയ്പ്പ് തടയുന്നതിന് ഗവൺമെന്റിന് അധികാരം കൊടുക്കുന്നു. നിയമത്തിന്റെ പോരായ്മകൊണ്ടല്ല ഇവിടെ പൂഴ്ത്തിവയ്പ് നടക്കുന്നുണ്ട്. അതിനെക്കുറിച്ച് നമ്മൾ ഗൗരവതരമായി ചിന്തിക്കണം. ഇവിടെ പലരും ചൂണ്ടിക്കാണിച്ച വികരത്തോടെ ഞാൻ യോജിക്കുകയാണ്. പഞ്ഞം ഉണ്ടാക്കി പണമുണ്ടാക്കുകയെന്ന സിദ്ധാന്തം കച്ചവടക്കാരും അതുപോലെ തന്നെ വ്യവസായികളും പലപ്പോഴും വച്ചുപുലർത്തുന്നുണ്ട്. പഞ്ഞം ഉണ്ടാക്കി പണമുണ്ടാക്കുക എന്ന ആ സൂത്രത്തെ തകർക്കാൻ നമുക്കു കഴിയണം. അത്യാവശ്യ സാധനങ്ങൾക്കുവേണ്ടി ജനങ്ങൾ കേഴുന്ന സമയത്ത് അത് പൂഴ്ത്തിവയ്ക്കുന്നു. എന്നിട്ട് ആ സാധനങ്ങൾക്ക് പഞ്ഞം ഉണ്ടാക്കുന്നു. എന്നിട്ട് അത് അമിതവിലയ്ക്ക് വിറ്റഴിക്കുന്നു. ഇതെല്ലാം നമ്മുടെ രാജ്യത്ത് നടക്കുമ്പോൾ അത് കണ്ടില്ലെന്ന് നടിക്കുന്ന സമീപനം തെറ്റാണ്. അത്തരം പൂഴ്ത്തിവയ്പ് തടയുന്നതിനാവശ്യമായ വകുപ്പ് ഇതിലുണ്ട്. ഇതിന് മുമ്പത്തെ നിയമത്തിലും പൂഴ്ത്തിവയ്പ് തടയുന്നതിനുള്ള വകുപ്പുണ്ടെന്നുള്ളത് നേരാണ്. എങ്കിൽപോലും അതെല്ലാം അനുസ്യൂതം ഈ രാജ്യത്ത് നടക്കുന്നുണ്ട്. ഇത്തരം കാര്യങ്ങളെ സംബന്ധിച്ചിടത്തോളം നമ്മൾ നിയമം പാസാക്കി ഗ്രന്ഥത്തിൽ വച്ചതുകൊണ്ട് പ്രയോജനമില്ല. നിയമം പ്രവർത്തിപഥത്തിൽ കൊണ്ടുവരത്തക്ക വിധത്തിൽ നമ്മുടെ സംവിധാനത്തെ ചലിപ്പിക്കാൻ കഴിയണം. എങ്കിൽ മാത്രമേ നിയമത്തിന്റെ ഗുണം ജനങ്ങൾക്ക് കിട്ടുകയുള്ളൂ എന്നുള്ള കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: 'സർ, 1985-ലെ കേരള അവശ്യസാധന നിയന്ത്രണ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു.'

LIBRARY ARCHIVES Kerala Legislative Assembly

പൊതുജനതാല്പര്യം പരിഗണിച്ച് വ്യവസായ സ്ഥാപനങ്ങൾക്കും വ്യവസായികൾക്കും ആവശ്യമായ സാധനങ്ങൾ അവയുടെ production, supply, distribution, trade and selling ഇതിലെല്ലാം സർക്കാരിന് നിയന്ത്രണം ഉണ്ടാകണം എന്ന് ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ബില്ലാണിത്. ഈ ബില്ലിൽ രണ്ട് ആർട്ടിക്കിൾസിന്റെ കാര്യമാണ് പറഞ്ഞിട്ടുള്ളത്. ഒന്ന്—ഇലക്ട്രിസിറ്റി, രണ്ട്—സോഫ്റ്റ് വുഡ്. ഇലക്ട്രിസിറ്റി നമ്മുടെ സംസ്ഥാനത്തെ വ്യവസായികൾക്ക് പ്രത്യേകിച്ച് ചെറുകിട വ്യവസായികൾക്ക് സുലഭമായി ആവശ്യമുള്ളപ്പോൾ കുറഞ്ഞ വിലയ്ക്ക് ഈ സർക്കാർ വിതരണം നടത്തുമെന്നാണ് ഈ ബിൽ പാസ്സാക്കി നിയമമാക്കിയാൽ പ്രതീക്ഷിക്കുന്നത്. ഇന്നത്തെ സ്ഥിതി എന്താണ്? ഇലക്ട്രിസിറ്റിയുടെ ചാർജ്ജ് പൂർവ്വകാല പ്രാബല്യത്തോടുകൂടി വർദ്ധിപ്പിച്ച് ഇലക്ട്രിസിറ്റി ഉപയോഗിക്കുന്നവരിൽനിന്നും അതുപോലെ വ്യവസായികളിൽനിന്നും ഈടാക്കിക്കൊണ്ടിരിക്കുകയാണ്. നമുക്കറിയാം, നമ്മുടെ രാജ്യത്ത് ജോലി കിട്ടാതെ തൊഴിലിനുവേണ്ടി മോഹിച്ച് നെട്ടോട്ടം ഓടുന്ന ലക്ഷക്കണക്കിന് ചെറുപ്പക്കാർ ഒരു ചെറിയ വെൽഡിംഗ് യൂണിറ്റ് തുടങ്ങിയാൽ ചില്ലറ നയാപൈസയെങ്കിലും കിട്ടുമല്ലോ അതുകൊണ്ട് ചായയെങ്കിലും കുടിക്കാമല്ലോ എന്ന് പ്രതീക്ഷിച്ച് അതിനുവേണ്ട ഉപകരണങ്ങളും വാങ്ങിവച്ച് വർഷങ്ങളോളം ഇലക്ട്രിസിറ്റിക്കുവേണ്ടി കാത്തുകഴിയുകയാണ്. അതുപോലെതന്നെ വീട്ടമ്മമാർക്ക് ആവശ്യമായ അരി പൊടിച്ചു കിട്ടുന്നതിനും അരി ആട്ടി കിട്ടുന്നതിനും വേണ്ടിയുള്ള ചെറിയ ഫ്ളവർ മില്ലുകൾ പോലുള്ള ചെറുകിട വ്യവസായശാലകൾ നടത്തുന്നതിനുവേണ്ടി മുന്നോട്ടുവരുന്ന ചെറുപ്പക്കാർക്കും ചെറുപ്പക്കാരികൾക്കും തൊഴിൽ കൊടുക്കാൻ സാധിക്കാത്ത സാഹചര്യം ഇന്നുള്ളത് ഇലക്ട്രിസിറ്റിയുടെ സപ്ലൈയിലുള്ള ക്രമക്കേടുകൾ കൊണ്ടാണ്. ഒരു ചെറിയ വ്യവസായം തുടങ്ങാൻ അത്യാവശ്യം വേണ്ട ഉപകരണങ്ങൾ ബാങ്കിൽനിന്ന് വായ്പയെടുത്ത് വാങ്ങിച്ച് ഇപ്പോൾ ഇലക്ട്രിസിറ്റി കിട്ടും എന്ന് പ്രതീക്ഷിച്ചു കഴിയുന്ന പാവപ്പെട്ട ആളുകൾ പലിശ സഹിതം ആ തുക തിരിച്ചടയ്ക്കേണ്ട ഗതികേട് ഇന്നുണ്ട്. മാത്രമല്ല റവന്യൂ റിക്കവറി പ്രൊസീഡിംഗ്സിന്റെ കാര്യം പറയുകയാണെങ്കിൽ ഒരു സെന്റ് ഭൂമിയുള്ളത് ബാങ്കിൽനിന്ന് വായ്പയെടുക്കുന്നതിനുവേണ്ടി ജാമ്യം വച്ചാൽ അത് ജപ്തി ചെയ്യാൻ നടപടി എടുത്തുകൊണ്ടിരിക്കുകയാണ്. ഈ ബിൽ പാസ്സാക്കിയാൽ ന്യായവിലയ്ക്ക് ഇലക്ട്രിസിറ്റി കിട്ടുമെന്ന് പ്രതീക്ഷയുണ്ടോ? ഞങ്ങൾക്കാർക്കും പ്രതീക്ഷയില്ല. ഈ നിയമം ഇല്ലാത്തതുകൊണ്ടാണോ നമ്മുടെ നാട്ടിൽ ഇന്ന് സുലഭമായിട്ടുള്ള ഇലക്ട്രിസിറ്റി വിതരണം ചെയ്യാതിരിക്കുന്നത്? ചെറുകിട വ്യവസായങ്ങൾ നടത്തുന്ന പാവപ്പെട്ട വ്യവസായികളുടെമേൽ വലിയ ചാർജ്ജ് ഈടാക്കുന്നത് ഇങ്ങനെയൊരു നിയമത്തിന്റെ പോരായ്മയാണോ? ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ ഇതിനെക്കുറിച്ച് പറയണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്.

സോഫ്റ്റ് വുഡിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. സോഫ്റ്റ് വുഡിന്റെ കഥയും ഇതുപോലെ തന്നെയാണ്. തീപ്പെട്ടി വ്യവസായം ഒരു ചെറുകിടവ്യവസായമാണ്. നമ്മുടെ നാട്ടിൽ സഹകരണാടിസ്ഥാനത്തിൽ സംഘടിതമായി നടത്തുന്ന തീപ്പെട്ടി വ്യവസായ സ്ഥാപനങ്ങളുണ്ട്. അതുപോലെതന്നെ വ്യക്തികൾ നടത്തുന്ന വ്യവസായ സ്ഥാപനങ്ങളുണ്ട്. ഈ സ്ഥാപനങ്ങൾക്കൊക്കെ കുറഞ്ഞ വിലയ്ക്ക് സോഫ്റ്റ് വുഡ് ലഭ്യമാക്കാൻ കഴിയുമെന്നാണോ മന്ത്രി ഉദ്ദേശിക്കുന്നത്—ഈ നിയമം കൊണ്ട്? ഇന്ന് ഇതിന് എന്താണ് തടസ്സം?

LIBRARY ARCHIVES Kerala Legislative Assembly

സോഫ്റ്റ് വുഡ് ഇല്ലേ, സർക്കാരിന്റെ കൈവശം ഇല്ലേ? സർക്കാരല്ലേ വനഭൂമിയിൽ സോഫ്റ്റ് വുഡ് വച്ചു പിടിപ്പിക്കുന്നത്? ആ സോഫ്റ്റ് വുഡ് സംഭരിച്ച് ന്യായ വിലയ്ക്ക് കൊടുക്കാൻ സർക്കാരിന് നിയമം വേണോ? ഇന്നത് നടക്കുന്നുണ്ടോ, എവിടെ കൊടുക്കുന്നു. സോഫ്റ്റ് വുഡ് ഇല്ലാത്തതുകൊണ്ട് എത്രയോ ഫാക്ടറികൾ അടച്ചു പൂട്ടിയിരിക്കുന്നു. ഇത് ആരെ സഹായിക്കാനാണ്? ഈ നിയമംകൊണ്ട് എന്തോ വലിയ കാര്യം നേടാൻ പോകുന്നു എന്നാണ് ഭരണപക്ഷത്തിലെ ആളുകൾ പറഞ്ഞുകേട്ടത്. അത്യാവശ്യ സാധനങ്ങളുടെ വില കുറയ്ക്കണമെങ്കിൽ അത്യാവശ്യ സാധനങ്ങൾ ന്യായവിലയ്ക്ക് കൊടുക്കാൻ കഴിയണമെങ്കിൽ അതിന്റെ ഉത്പാദനവും വിതരണവും സർക്കാർ തന്നെ നിയന്ത്രിക്കണം. നമ്മുടെ രാജ്യത്തെ വ്യവസായ സ്ഥാപനങ്ങൾക്കാവശ്യമായ അത്യാവശ്യ സാധനങ്ങളുടെ ഉല്പാദനവും വിതരണവും കേന്ദ്ര സർക്കാർ നിയന്ത്രിച്ചിട്ടുണ്ടോ? അതിനുവേണ്ടി കേന്ദ്ര സർക്കാരിന് എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ? കുത്തക മുതലാളിമാരെ കയറൂരി വിട്ടിരിക്കുകയല്ലേ ഈ രാജ്യത്ത്? ഈ കുത്തക മുതലാളിമാരെ നിയന്ത്രിക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിയുമോ? അദ്ദേഹത്തിന്റെ പാർട്ടിയിലെ ഒരു ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ സംസാരിച്ചു. ഞാൻ ചോദിക്കാൻ ആഗ്രഹിക്കുന്നു, എന്താണ് നിങ്ങളുടെ അഭിപ്രായം? വ്യവസായ സ്ഥാപനങ്ങൾക്കാവശ്യമായ അത്യാവശ്യ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് സുലഭമായി ലഭ്യമാക്കാൻ കഴിയണമെങ്കിൽ സർക്കാർ തന്നെ ഈ അത്യാവശ്യ സാധനങ്ങളുടെ ഉല്പാദനവും വിതരണവും ഏറ്റെടുക്കണം. ഈ രാജ്യം സ്വാതന്ത്ര്യം പ്രാപിച്ചതിനുശേഷം നന്നാകണമെന്ന് ആഗ്രഹിക്കുന്ന പുരോഗമന ചിന്താഗതിയുള്ള പ്രസ്ഥാനങ്ങളും പാർട്ടികളും കഴിഞ്ഞ പത്തുമുപ്പത്തിയെട്ടു വർഷമായി പറയുന്ന കാര്യമല്ലേ ഇത്? ഒരു പുതിയ കാര്യമാണോ? അതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ കേന്ദ്രസർക്കാരിന് കഴിയുമോ? ആ സർക്കാരിന്റെ പതിപ്പല്ലേ കേരള സർക്കാർ? ഈ കൊച്ചു സർക്കാർ കുത്തക മുതലാളിമാരെയെല്ലാം നിയന്ത്രിക്കുമോ? കുത്തക മുതലാളിമാരെയെല്ലാം നിയന്ത്രിച്ചുകളയാമെന്ന മന്ത്രിയുടെ ആശ കൊള്ളാം പക്ഷെ, അത് വ്യാമോഹമാണ്. ആ മോഹം നടക്കില്ല. അതാണ് നമ്മുടെ രാജ്യത്തിന്റെ സാഹചര്യം കുത്തക മുതലാളിമാരും വൻകിട ഭൂവുടമകളും ഈ രാജ്യത്തിന്റെ അധികാരം ഏൽപ്പിച്ചിരിക്കുന്ന കോൺഗ്രസ് സർക്കാരിനും ആ കോൺഗ്രസ് പാർട്ടിയോട് ചേർന്നുനിന്ന് ഭരിക്കുന്ന ഭരണകർത്താക്കൾക്കും ഈ നാട്ടിലെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുകയില്ലെന്ന് കഴിഞ്ഞ 38 വർഷമായി തെളിയിച്ചിരിക്കുകയാണ്. ഇപ്പോൾ ഒരു പുതിയ പരിഷ്കാരം ബഹുമാനപ്പെട്ട മന്ത്രി നടത്താൻ പോകുന്നു, വിജയിക്കുമെങ്കിൽ നല്ലത് ഞാൻ പ്രതികരിക്കുന്നില്ല. വിജയിക്കുമെങ്കിൽ നല്ലത്, പക്ഷേ വിജയിക്കാൻ പോകുന്നില്ലെന്നുള്ളതാണ്. സത്യം.

കശുവണ്ടി വ്യവസായത്തിന്റെ കാര്യം എന്താണ്? വ്യവസായ ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുന്ന തോട്ടണ്ടിയുടെ ഉല്പാദനം ഈ സർക്കാർ ഏറ്റെടുത്തോ? അതിന്റെ വിതരണം സർക്കാർ നടത്തുന്നുണ്ടോ? ഇടതുപക്ഷമുന്നണി സർക്കാർ അധികാരത്തിലിരിക്കുമ്പോൾ അസംസ്കൃത സാധനമായ തോട്ടണ്ടി ഓരോ ഫാക്ടറിക്കും കോട്ട അനുസരിച്ചുള്ള വിതരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പക്ഷേ അതനുസരിച്ച് ഇന്ന് വിതരണം നടത്തുന്നുണ്ട്. അങ്ങനെ വിതരണം നടത്തുന്ന തോട്ടണ്ടി എങ്ങോട്ടു പോകുന്നു? കുത്തക മുതലാളിമാർ ഈ തോട്ടണ്ടി മുഴുവൻ അയൽ സംസ്ഥാനങ്ങളിലേക്ക് കടത്തിക്കൊണ്ടുപോകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളാണോ ഇതിനു കുറ്റക്കാർ? ആരാണ് ഇത് നിയന്ത്രിക്കേണ്ടത്? പാവപ്പെട്ട സാധാരണക്കാരാണോ, പൊതുജനങ്ങളാണോ? ഈ സർക്കാരല്ലേ അത് നിയന്ത്രിക്കേണ്ടത്, എന്തിനുവേണ്ടിയാണ് തോട്ടണ്ടി അയൽ സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്നത്? അവിടെ കുറഞ്ഞ കൂലിക്ക് പണി ചെയ്യിപ്പിക്കാൻ കഴിയും. പല ഘടകങ്ങളും ഉണ്ട്. ഈ ഘടകങ്ങളും തീർച്ചയായും കേന്ദ്ര ഗവൺമെന്റിന്റെ നേതൃത്വത്തിൽ വരേണ്ടതാണ്. നമ്മുടെ നാട്ടിൽ കുറഞ്ഞ കൂലിക്ക് ജോലി ചെയ്യിക്കാൻ കഴിയില്ല. ഇവിടെ തൊഴിലാളികൾക്ക് മിനിമം കൂലി, ക്ഷാമബത്ത തുടങ്ങിയ ആനുകൂല്യങ്ങളും എല്ലാം കൊടുക്കണം. അയൽ സംസ്ഥാനങ്ങളിൽ, തമിഴ് നാട്ടിലും മറ്റും കൊണ്ടുപോയാൽ അധികം കൂലി കൊടുക്കേണ്ടതില്ല. അതുകൊണ്ട് ഇവിടെ തൊഴിലാളികളെ പട്ടിണിക്കിട്ട് കുറഞ്ഞ കൂലിക്ക് ജോലി ചെയ്യിപ്പിക്കുന്നതിനുവേണ്ടി തോട്ടണ്ടി അയൽ സംസ്ഥാനത്തിലേക്ക് കൊണ്ടുപോയിക്കൊണ്ടിരിക്കുകയാണ്. അവിടെ മിനിമം കൂലി നിശ്ചയിച്ചിട്ടില്ലത്തതുകൊണ്ട് തോട്ടണ്ടി ഇവിടെനിന്നും അയൽ സംസ്ഥാനങ്ങളിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്നു. അതു നിയന്ത്രിക്കാൻ ആകാത്തത് എന്തുകൊണ്ടാണ്? കേന്ദ്ര സർക്കാർ എടുക്കേണ്ട നടപടിക്കുവേണ്ടി നിങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടോ? ഒരു ദേശീയ മിനിമംകൂലി നിശ്ചയിക്കാനും തൊഴിലാളികൾക്ക് അത് ലഭ്യമാക്കാനുമുള്ള നടപടി സ്വീകരിക്കുവാൻ സർക്കാർ എന്തു ചെയ്തു? സർക്കാരിന് ഒന്നും ചെയ്യാൻ സാധിച്ചിട്ടില്ല. അങ്ങനെ ഈ സർക്കാർ കശുവണ്ടി വ്യവസായം തകർത്ത് തരിപ്പണമാക്കിയിരിക്കുകയാണ്. കയർ വ്യവസായത്തിന്റെ കാര്യവും വ്യത്യസ്തമല്ല. കയർ വ്യവസായത്തിനാവശ്യമായ തൊണ്ടിന്റെ നിയന്ത്രണം എടുത്തുമാറി. അതിന്റെ ഫലമായി കയർ വ്യവസായം തകർന്നുകൊണ്ടിരിക്കുന്നു.

ഞാൻ ചോദിക്കട്ടെ, അത്യാവശ്യ സാധനങ്ങളിൽ ഭക്ഷ്യസാധനങ്ങളും വരികയില്ലേ? വ്യവസായത്തിനാവശ്യമായിട്ടുള്ള സാധനങ്ങളും മാത്രമാണോ അത്യാവശ്യ സാധനങ്ങളും? എന്തുകൊണ്ട് ഭക്ഷ്യസാധനങ്ങളും അത്യാവശ്യ സാധനങ്ങളുടെ ലിസ്റ്റിൽ പെടുത്തി കുറഞ്ഞ വിലയ്ക്ക് ന്യായ വിലയ്ക്ക് കൊടുക്കുന്നതിനുള്ള സംവിധാനമുണ്ടാക്കാൻ ശ്രമിക്കുന്നില്ല? പ്രതിപക്ഷത്തെ കുറെ പറയുന്ന ഭരണകക്ഷിയിലെ അംഗങ്ങളോട് എനിക്ക് ചോദിക്കാനുള്ളത് അതാണ്. ഇന്ന് നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. സാധനങ്ങളുടെ വില പിടിച്ചു നിർത്തേണ്ടതും ഭക്ഷ്യസാധനങ്ങളുടെ സംഭരണവും വിതരണവും സർക്കാരിന്റെ അധീനതയിൽ ആക്കണമെന്നുള്ളതും ഈ രാജ്യത്തെ ജനങ്ങളുടെ ആവശ്യമാണ്. ആ ആവശ്യത്തിനുനേരെ സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും കണ്ണടയ്ക്കുകയാണ്. അങ്ങനെയുള്ള ഒരു നയം സ്വീകരിക്കുവാൻ സർക്കാർ എന്തുകൊണ്ട് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നില്ല? അങ്ങനെ സമ്മർദ്ദം ചെലുത്താൻ തയ്യാറുണ്ടോ? ജനങ്ങളോട് താല്പര്യമുണ്ടെങ്കിൽ അതിന് തയ്യാറാകണമെന്നാണ് ഞാൻ പറയുന്നത്. ഇതൊക്കെ രാഷ്ട്രീയമായ പ്രചരണത്തിനും രാഷ്ട്രീയമായ നിലനിൽപിനും വേണ്ടിയാണ്. മുതലാളിത്ത വ്യവസ്ഥ നിലനിൽക്കുന്ന ഈ രാജ്യത്തെ സ്വർഗ്ഗമാക്കാൻ കഴിയുമെന്നു വ്യാമോഹിക്കുന്ന ആളുകളെ സംബന്ധിച്ച് എന്താണ് പറയേണ്ടതെന്ന് എനിക്ക് നിശ്ചയമില്ല. എന്ത് പ്രശ്നത്തെക്കുറിച്ച് പറഞ്ഞാലും അത് ആഗോള പ്രശ്നമാണെന്നു പറയും. എന്താണ് സർ, ആഗോളമല്ലാത്തത്? തൊഴിലില്ലായ്മയുടെ പ്രശ്നം പറഞ്ഞാലും അത് ആഗോള പ്രശ്നമാണെന്നു പറയും. ലോക രാഷ്ട്രങ്ങളിൽ, സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ പോയി കണ്ടിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാർ ഇവിടെയുണ്ട്. സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ തൊഴിലില്ലായ്മ പരിഹരിക്കാൻ, അവിടെ നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാൻ വ്യവസായങ്ങൾ നടത്താനുള്ള സുഗമമായ അന്തരീക്ഷം എങ്ങനെയുണ്ടായി എന്നുള്ളതിനെക്കുറിച്ചൊന്നും ഒരക്ഷരം ഈ മന്ത്രിമാർ പറയാറില്ല. അവർ പൊതുജനങ്ങളുടെ കണ്ണിൽ മണ്ണിട്ട് അധികാരത്തിൽ കടിച്ചുതൂങ്ങാൻ വേണ്ടിയാണ് ശ്രമിക്കുന്നത്. അതിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഒരു ബില്ലാണ് ഇത്. ഇതു പാസ്സാക്കിയാലും പ്രയോജനമുണ്ടാകുമെന്നു തോന്നുന്നില്ല.

മറ്റൊരു കാര്യം പറയാനുണ്ട്. പൂഴ്ത്തിവയ്പും കരിഞ്ചന്തയും നടക്കുന്നു. ഇതിനെയൊക്കെ നിയന്ത്രിക്കേണ്ടത് പ്രതിപക്ഷമാണോ? ഈ രാജ്യത്ത് കള്ളക്കടത്തും കരിഞ്ചന്തയും ഒക്കെ നടത്തുന്ന മുതലാളിമാരെ നിയന്ത്രിക്കാൻ ആർക്കെങ്കിലും കഴിയുമോ? അവർക്കെതിരായി ഒരക്ഷരം പറയാൻ സാധിക്കുമോ? അതൊക്കെ തൊട്ടാൽ പൊള്ളും. ആ ചൂടേറ്റ് കോൺഗ്രസ് പാർട്ടിയും അവരുടെ കൂടെ നിൽക്കുന്ന ആളുകളും കരിഞ്ഞു പോകും. ആ മുതലാളിമാരുടെ പുറകെ വാലാട്ടി നടക്കുന്ന കോൺഗ്രസ് പാർട്ടിയും അവരുടെകൂടെ നിൽക്കുന്ന ആളുകളും സർക്കാരിനുവേണ്ടി വാദിക്കുമ്പോൾ ഇതുകൊണ്ട് എല്ലാം നേടിക്കഴിഞ്ഞു എന്നുള്ള ആ വാദം വെറും പൊള്ളയാണ് എന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: സർ, ഞങ്ങളുടെ ഭാഗത്തുനിന്നും അപ്പുറത്തുപോയ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ പ്രസംഗിച്ചപ്പോഴാണ് ഒരു അഞ്ചു മിനിട്ടു സമയം പ്രസംഗിക്കണമെന്ന് എനിക്കു തോന്നിയത്. ഈ ബിൽ പാസാക്കിക്കഴിഞ്ഞാൽ അവശ്യസാധനങ്ങളുടെ ഉല്പാദനവും സംഭരണവും വിലയും എല്ലാം നിയന്ത്രിക്കാൻ കഴിയും എന്ന വ്യാമോഹം ഈ ബിൽ അവതരിപ്പിച്ച ബഹുമാനപ്പെട്ട മന്ത്രിക്ക് കാണുമെന്ന് തോന്നുന്നില്ല. പക്ഷേ ശ്രീ. ബഷീറിന് അങ്ങിനെ ഒരു വ്യാമോഹം ഉണ്ടെന്നു തോന്നുന്നു. ആ രീതിയിലാണ് അദ്ദേഹം ഇവിടെ പ്രസംഗിച്ചത്. വ്യാവസായിക അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കാനും വ്യവസായങ്ങളെ നിലനിറുത്താനും ഈ നിയമം ഫലപ്രദമായി ഉപയോഗിച്ചാൽ സാധിക്കും എന്നും അതുപോലെ വ്യാവസായിക ഉല്പന്നങ്ങളെ ഒക്കെ നിയന്ത്രിക്കാൻ കഴിയും എന്ന ഒരു വ്യാമോഹത്തിൽ നിന്നുകൊണ്ടാണ് അദ്ദേഹം സംസാരിച്ചത്. കഴിഞ്ഞ പത്തുമുപ്പതുവർഷക്കാലമായി കേന്ദ്രഗവൺമെന്റിന്റെ ഈ നിയമത്തെക്കുറിച്ച് ഇവിടെ ധാരാളം പറഞ്ഞതാണ്. ഈ മുപ്പതുവർഷക്കാലത്തിനിടക്ക് ഈ നിയമം ഉപയോഗിച്ച് എന്തുമാത്രം ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്? അതിൽ സൂചിപ്പിച്ചിരിക്കുന്ന ഏതെങ്കിലും സാധനങ്ങളുടെ ഉല്പാദനത്തേയോ അതിന്റെ വ്യാപാരത്തേയോ വിലയേയോ നിയന്ത്രിക്കാൻ കേന്ദ്രഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ടോ? കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഇന്ന് അതിൽ പറഞ്ഞിരിക്കുന്ന ഉല്പന്നങ്ങളെ നിയന്ത്രിക്കുവാൻ ഈ നിയമനിർമ്മാണംകൊണ്ട് സംസ്ഥാന ഗവൺമെന്റിന് സാധിക്കുമോ? ഇല്ല. കാരണം നമ്മുടെ രാജ്യത്തെ ഉല്പാദന പ്രക്രിയയെക്കുറിച്ച് ചിന്തിച്ചാൽ ഈ ചെറുതോ വലുതോ ആയ നിയമങ്ങളൊന്നും അല്ല ഇതിന്റെ അടിസ്ഥാന ഘടകം എന്നു മനസ്സിലാക്കാം. നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന ഒരു ഉല്പാദന രീതിയുണ്ട്. അത് വ്യാവസായിക അസംസ്കൃത സാധനങ്ങൾ ഉല്പാദിപ്പിക്കുന്നവർ ഏതളവിൽ ഉല്പാദിപ്പിക്കണം എങ്ങനെ ഉല്പാദിപ്പിക്കണം എന്നുള്ളത് ആർക്കും നിയന്ത്രിക്കാൻ കഴിയുന്ന

LIBRARY ARCHIVES Kerala Legislative Assembly

രീതിയിലുള്ളതല്ല. നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതിയെ നിയമങ്ങൾകൊണ്ടോ അല്ലെങ്കിൽ പ്ലാനിംഗിന്റെ അടിസ്ഥാനത്തിലോ നിയന്ത്രിക്കാൻ ഗവൺമെൻറുകൾക്ക് കഴിയണമെങ്കിൽ ഗവൺമെൻറുകൾക്ക് ഈ മേഖലകളിൽ എല്ലാ നിയന്ത്രണവും വേണം. ഇന്ത്യാ ഗവൺമെൻറിന്റെ നയത്തിന്റെ അടിസ്ഥാനത്തിൽമാത്രം സംസ്ഥാന ഗവൺമെൻറുകൾ പ്രവർത്തിച്ചാൽ ഈ നിയമങ്ങൾകൊണ്ടൊന്നും ഒരു നിയന്ത്രണവും കൊണ്ടുവരുവാൻ സാധിക്കുകയില്ല. അസംസ്കൃത സാധനങ്ങളുടെ ഉല്പാദനത്തേയും വ്യാവസായിക ഉല്പാദനത്തേയും സംബന്ധിച്ച ഒരു സന്തുലിതാവസ്ഥ നിലനിന്നാൽ മാത്രമേ എന്തെങ്കിലും പ്രത്യേകതയെക്കുറിച്ച് ചിന്തിക്കാൻ കഴിയൂ. നമ്മുടെ രാജ്യത്തെ വ്യാവസായിക ആവശ്യത്തിനുള്ള അസംസ്കൃത സാധനങ്ങൾ ഉല്പാദിപ്പിക്കുന്നത് കാർഷികമേഖലയാണ്. വ്യവസായ മേഖലയും കാർഷിക മേഖലയും തമ്മിൽ സന്തുലിതാവസ്ഥ നിലനില്ക്കുന്നില്ല. അത് എന്തുകൊണ്ടാണ്? അസംസ്കൃത സാധനങ്ങൾ ഉല്പാദിപ്പിക്കുന്ന കാർഷിക മേഖലയിൽ ഒരു നിയന്ത്രണവും ഏർപ്പെടുത്തിക്കൊണ്ടല്ല ഉല്പാദനം നടക്കുന്നത്. അപ്പോൾ സ്വാഭാവികമായിട്ടും കാർഷികമേഖലയിൽ നടക്കുന്ന ഉല്പാദനം കൂടുമ്പോൾ അതെടുത്ത് വ്യാവസായികമേഖലയിൽ ഉപയോഗിക്കുന്ന ഒരു സംവിധാനമോ നിയന്ത്രണമോ ഇവിടെയില്ല. അതുകൊണ്ട് എന്തു സംഭവിക്കുന്നു? നമ്മുടെ രാജ്യത്ത് അസംസ്കൃത സാധനങ്ങൾ ഉല്പാദിപ്പിക്കുന്ന മേഖലയിൽ നിരന്തരമായ അനിശ്ചിതത്വമാണ്. ചില സന്ദർഭങ്ങളിൽ ഉല്പാദനം വളരെ താഴേക്കുപോകുന്നു. ചില സന്ദർഭങ്ങളിൽ ഉല്പാദനം വളരെ കൂടുന്നു. ഉല്പാദനം കൂടുന്ന അവസരത്തിൽ വ്യാവസായികമേഖലയ്ക്ക് അതുൾക്കൊള്ളാൻ കഴിയാത്തതുകൊണ്ട് അസംസ്കൃത സാധനങ്ങൾ ഉല്പാദിപ്പിക്കുന്ന കാർഷിക മേഖല എപ്പോഴും താഴേക്കുപോകുന്നു. ഉല്പാദനം മന്ദീഭവിക്കപ്പെടുന്നു. ഉല്പാദനത്തിന്റെ രംഗത്ത് നിലവിലുള്ള നിയമങ്ങൾ വന്നതുകൊണ്ടോ അല്ലെങ്കിൽ അവശ്യസാധനം അത്യാവശ്യസാധനമായി പ്രഖ്യാപിച്ചതുകൊണ്ടോ വ്യവസായവകുപ്പുമന്ത്രി ഈ ബിൽ അവതരിപ്പിച്ചതുകൊണ്ടോ ഒരു ഫലവുമില്ല. അസംസ്കൃത സാധനങ്ങളുടെ ഉല്പാദനരംഗത്ത് അനിശ്ചിതത്വം നിലനില്ക്കുന്നിടത്തോളം കാലം ഈ ഗവൺമെൻറ് എന്തു പ്രഖ്യാപിച്ചാലും ഈ രാജ്യത്ത് ഇന്നു നിലനില്ക്കുന്ന അവസ്ഥയ്ക്കു വ്യത്യാസം വരും എന്നു ഞാൻ കരുതുന്നില്ല.

അതുപോലെതന്നെ വ്യാവസായിക ഉല്പാദനം എന്ത് അളവിൽ വേണം എന്നതിനെ സംബന്ധിച്ച് എന്തെങ്കിലും നിയന്ത്രണം കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ടോ? കഴിഞ്ഞിട്ടില്ല. വ്യവസായ മേഖലയിലെ ഉല്പാദനത്തെ നിയന്ത്രിക്കുവാൻ ഗവൺമെൻറിനു കഴിഞ്ഞിട്ടില്ല. ഇന്ത്യാഗവൺമെൻറിനോ സംസ്ഥാന ഗവൺമെൻറിനോ കഴിഞ്ഞിട്ടില്ല. അങ്ങിനെ കഴിയാത്തിടത്തോളം കാലം ചില നിയമങ്ങൾ അനുസരിച്ച് ആഹ്വാനം പുറപ്പെടുവിച്ചതുകൊണ്ടോ ഉല്പാദനം വർദ്ധിപ്പിച്ചതുകൊണ്ടോ ഒന്നും ജനങ്ങൾക്ക് ഗുണമുണ്ടാവാൻ പോകുന്നില്ല. ഉല്പാദനം വർദ്ധിക്കുംതോറും പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും മറ്റു മാർഗ്ഗങ്ങളും ഉപയോഗിച്ച് വ്യവസായ മേഖലയെ നിയന്ത്രിക്കുന്നത് നമ്മുടെ രാജ്യത്തെ വൻകിട വ്യവസായികളും വ്യാപാരികളും ആണ്. ആ ഉല്പാദന പ്രക്രിയയെ നിയന്ത്രിക്കുവാൻ ശ്രമിക്കാതെ ചപ്പടാച്ചി പ്രചരണത്തിനുവേണ്ടി ശ്രമിക്കുകയാണ്. ഈ പ്രചരണങ്ങളല്ലാതെ ഒരു നിയന്ത്രണവും ഈ മേഖലയിൽ ഇല്ല. ഉല്പാദനം വർദ്ധിക്കുന്നതുകൊണ്ടുമാത്രം ഈ രാജ്യത്തെ ജനങ്ങൾക്ക് അതിന്റെ ഗുണം കിട്ടുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതിനുവേണ്ട നിയന്ത്രണവും ഉണ്ടാകുന്നില്ല. കരിഞ്ചന്തയിലൂടേയും പൂഴ്ത്തിവയ്പിലൂടേയും അതുപോലെയുള്ള മറ്റു മാർഗ്ഗങ്ങളിലൂടേയും വില വർദ്ധനവ് എന്ന പ്രതിഭാസത്തെ നിയന്ത്രിക്കാൻ കഴിയുന്ന ഒരവസ്ഥയും നമ്മുടെ രാജ്യത്ത് ഉണ്ടായിട്ടില്ല. ഇവിടെ ബഷീർ പറഞ്ഞപ്പോലെ ഈ രണ്ടു മേഖലയിലും ഏതോ വലിയ കാര്യങ്ങൾ കൊണ്ടുവരുവാൻ ഈ നിയമനിർമ്മാണംകൊണ്ട് സാദ്ധ്യമാകും എന്നു പറയുന്നു. ഒന്നുകിൽ അറിവിന്റെ കുറവുകൊണ്ടായിരിക്കും അല്ലെങ്കിൽ അപ്പുറത്തുനിന്നു സംസാരിക്കുന്നതുകൊണ്ടായിരിക്കും—അതിനോട് അമിതമായ ആവേശം പുലർത്തുകയാണ്. അതുപോലെതന്നെ നിത്യോപയോഗസാധനങ്ങളുടെ വില നിയന്ത്രിക്കുക എന്നു പറയുന്ന പ്രക്രിയയിൽ ഈ ഗവൺമെൻറിന് യാതൊരു താത്പര്യവുമില്ല. ഇവിടെ ഇപ്പോൾ ജനങ്ങൾക്ക് ആവശ്യമായിട്ടുള്ള സാധനങ്ങളെ കുറിച്ചല്ല ചിന്തിക്കുന്നത്. ജനങ്ങളുടെ താത്പര്യത്തിൽ ശ്രദ്ധിക്കുന്ന ഒരു ഗവൺമെൻറും ഗവൺമെൻറിന്റെ പ്രതിനിധിയും അല്ല ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ജനങ്ങൾക്ക് ആവശ്യമുള്ള നിത്യോപയോഗ സാധനങ്ങളുടെ പ്രശ്നംതന്നെയെടുക്കാം. അതിന്റെ വില നിയന്ത്രിക്കുന്ന കാര്യത്തിൽ യാതൊരു നടപടിയും എടുത്തിട്ടില്ല. കഴിഞ്ഞ കേന്ദ്രബഡ്ജറ് അവതരിപ്പിച്ചതിനുശേഷം സാധനങ്ങളുടെ വില വർദ്ധിച്ച ഒരു സ്ഥിതി വിശേഷമാണ് കാണാൻ കഴിയുന്നത്. ശ്രീമാൻ ഹസ്സൻ ഇന്നലെ പ്രസംഗിച്ചപ്പോൾ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചതുകൊണ്ട് സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടായാൽ, റെയിൽവെ ചാർജ്ജ് വർദ്ധിപ്പിച്ചതുകൊണ്ട് വില വർദ്ധനവ് ഉണ്ടായാൽ അതിനൊക്കെ മറുപടി പറയണമോ എന്നു ചോദിച്ചു. രാജീവ്ഗാന്ധി ഇന്ത്യയിൽ 'റീഗണോമിക്സ്' നടപ്പാക്കാൻ ശ്രമിച്ചാൽ അതിനൊക്കെ മറുപടി പറയേണ്ടേ എന്നാണ് ഞാൻ ചോദിക്കുന്നത്. 'റീഗണോമിക്സ്' എന്നു പറഞ്ഞാൽ റീഗന്റെ യഥാർത്ഥ സാമ്പത്തിക ശാസ്ത്രമാണ്. അതിന്റെ ഒിപ്പിക്കൽ പ്രതിനിധി; ഇന്നു ലോകത്തിൽ ജീവിച്ചിരിക്കുന്ന യഥാർത്ഥ പ്രതിനിധി, രാജീവ്ഗാന്ധി ആണെന്നാണ് പറയുന്നത്.

മി. സ്പീക്കർ: രണ്ടു മൂന്ന് അംഗങ്ങൾകൂടി സംസാരിക്കാനുണ്ട്. മന്ത്രി റിപ്ലൈയും പറയണം. അതുകൊണ്ട്....

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: ഞാൻ ബില്ലിന്റെ പരിധിയിൽ നിന്നുകൊണ്ടുമാത്രമാണ് സംസാരിക്കുന്നത്. മറ്റു രാഷ്ട്രീയ കാര്യങ്ങളിലേയ്ക്ക് ഒന്നും കടക്കുന്നില്ല.

മി. സ്പീക്കർ: വളരെ യാഥാർത്ഥ്യമാണ് അങ്ങു പറഞ്ഞത്. ഇനിയും ആളുകൾ സംസാരിക്കാൻ ഉള്ളതുകൊണ്ട് അങ്ങു ചുരുക്കണം.

ശ്രീ. ആർ. എസ്. ഉണ്ണി: സമയത്തിനുതന്നെ ഇതു പാസാക്കണമെന്നുണ്ടെങ്കിൽ അപ്പോയിൻറഡ് ടൈമിൽ ചർച്ച അവസാനിപ്പിക്കണം. ബില്ലിൻമേൽ ഉള്ള ചർച്ചയിൽ ഇങ്ങനെ സമയം നീട്ടരുത്, സർ.

മി. സ്പീക്കർ: മി. ചന്ദ്രമോഹൻ ഭയവായി അങ്ങു നിറുത്തൂ.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സമയം നീട്ടണമെന്ന് എനിക്ക് അഭിപ്രായമില്ല. പക്ഷേ മറുപടി പറയാൻ എനിക്കും കൂടി അവസരം തരണം.

മി. സ്പീക്കർ: തീർച്ചയായും തരാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: ബില്ലിന്റെ പരിധിയിൽനിന്ന് മാറ്റിയുള്ള പ്രസംഗമാണെങ്കിൽ നിറുത്തിക്കണം. ഞാൻ ബില്ലിന്റെ പരിധിയ്ക്ക് അകത്തുനിന്നാണ് സംസാരിക്കുന്നത്.

മി. സ്പീക്കർ: ബിസിനസ് അഡ്വൈസറി കമ്മിറ്റിയുടെ റിപ്പോർട്ട് ഇവിടെ അംഗീകരിച്ചതാണല്ലോ. നമ്മൾ ഇന്ന് അത് ഡിസ്പോസ് ചെയ്യുകയാണ്. ഇനി രണ്ടു മൂന്ന് അംഗങ്ങൾകൂടി സംസാരിക്കാനുണ്ട്. മന്ത്രിയുടെ റിപ്ലൈ ഉണ്ട്. അതുകൊണ്ട് അങ്ങ് ദയവായി ചുരുക്കണം.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: ഞാൻ പറഞ്ഞു വന്നത് വില വർദ്ധനവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. രാജീവ് ഗാന്ധിയുടെ ഈ സാമ്പത്തിക നയത്തിന്റെ അടിസ്ഥാനത്തിൽ ഈ സമീപ കാലത്ത് വിലക്കയറ്റം എത്രയോ കൂടുതൽ ഉണ്ടായി. വിശേഷിച്ചും കേരളത്തിൽ ഈ കഴിഞ്ഞ ഓണക്കാലത്ത്. ഈ വർഷം ഓണം ഇല്ലെന്ന് ഗവൺമെന്റ് ഔദ്യോഗികമായി പ്രഖ്യാപിച്ചു. ഓണം ഇല്ലായിരുന്നു എന്നുള്ളത് യാഥാർത്ഥ്യമാണ്. ഓണം ഇല്ലെന്നു പ്രഖ്യാപിച്ചതുകൊണ്ട് മാത്രമായില്ല. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തിന്റെ ഫലമായി സാധനങ്ങൾ ജനങ്ങൾക്ക് ലഭിക്കാതായി. ഈ സാധനങ്ങളുടെ ഉല്പാദനം നടന്നാൽ അത് ന്യായമായ വിലയ്ക്ക് അവർക്ക് ലഭിക്കും എന്നുള്ളതിന് ഉറപ്പ് ഉണ്ടാക്കാൻ ഈ ഗവൺമെന്റിനെക്കൊണ്ടോ ഈ മന്ത്രിയെക്കൊണ്ടോ സാധ്യമല്ല. അങ്ങിനെ നിയന്ത്രണം വരണമെങ്കിൽ നമ്മുടെ രാജ്യത്തെ ഉല്പാദനവും വിതരണവും പൊതുമേഖലയിൽ, ഗവൺമെന്റ് ഉടമയിൽ കൊണ്ടു വരാതെ സാദ്ധ്യമല്ല. കേന്ദ്രത്തിൽ ഇന്ന് നിലവിലിരിക്കുന്ന നിയമം കൊണ്ടോ, ഈ നിയമം കൊണ്ടോ നമ്മുടെ രാജ്യത്തെ ജനങ്ങൾക്ക് ഗുണം ഉണ്ടാകാൻ പോകുന്നില്ല. വ്യവസായിക മേഖലയെ സംബന്ധിച്ച് അസംസ്കൃത സാധനങ്ങളുടെ ലഭ്യതയും മറ്റും ഉദ്ദേശിച്ചാണെങ്കിൽ നമ്മുടെ കാർഷിക മേഖലയും വ്യവസായിക മേഖലയും നിലനിറുത്തേണ്ട പാരിറ്റി നിലനിറുത്താൻ കഴിയാത്ത സ്ഥിതി ഉണ്ടാകണം. അതിനും കഴിയുകയില്ല എന്നു മാത്രമാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ഈ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിന് വിടണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. റ്റി. പി. പീതാംബരൻ മാസ്റ്റർ: സർ, ഈ ബില്ലിൽക്കൂടി കേന്ദ്ര ഗവൺമെന്റ് നിയമത്തിന്റെ പരിധിയിൽ വരാത്ത ചില അവശ്യ സാധനങ്ങൾക്കുകൂടി ആവശ്യമായി വരുമ്പോൾ ഗവൺമെന്റിന് നിയന്ത്രണം ഏർപ്പെടുത്തണം എന്നുള്ള നിയമമാണ് കൊണ്ടുവന്നിരിക്കുന്നത്. 1982 മാർച്ച് വരെനിലവിലുണ്ടായിരുന്ന ഒരു നിയമം ആയിരുന്നു ഇത്. പിന്നെ രണ്ടു കൊല്ലക്കാലത്തേയ്ക്ക് ആ നിയമം പുതുക്കാത്ത സർക്കാർ രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ ആ നിയമം പുതുക്കണം എന്നു വിചാരിച്ച് ഒരു ഓർഡിനൻസ് ആക്കിക്കൊണ്ടുവന്നിട്ട് ഇപ്പോൾ അത് നിയമനിർമ്മാണമാക്കാൻ ശ്രമിക്കുകയാണ്. രണ്ടുകൊല്ലം പുതുക്കാതെ പോയതിന്റെ ഉത്തരവാദി ആര് എന്നു ചോദിച്ചാൽ ഈ സർക്കാരിന്റെ നയങ്ങളുടെ ഒരു പ്രതിഫലനം അതിനകത്തുണ്ടെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. നിയന്ത്രണങ്ങൾ കർശനമായി നടപ്പിലാക്കണമെന്ന സമീപനമോ നയമോ ഉള്ള ഒരു സർക്കാരല്ല ഇത്. പിന്നെ എന്തിനു കൊണ്ടു വന്നു എന്നു ചോദിച്ചാൽ ഈ നിയമം ലാപ്സായതിനുശേഷവും ചില ആളുകളുടെ പേരിൽ ചില നടപടികൾ നിയമം ഉണ്ടെന്നു വിചാരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ചില ഉദ്യോഗസ്ഥൻമാർ എടുത്തു. ആ എടുത്ത നടപടികളും നിയമപ്രകാരം ചോദ്യം ചെയ്യാതിരിക്കണമെങ്കിൽ ഈ നിയമം പാസ്സാക്കണം. അതിനു വേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നത്. ജനങ്ങളുടെ ജീവിതസൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിന്; തൊഴിൽ അവസരങ്ങളും വർദ്ധിപ്പിക്കുന്നതിന് നിത്യോപയോഗ സാധനങ്ങളും ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള ഒരു നിയമമേ അല്ല ഇത് എന്നാണ് എനിയ്ക്ക് പറയാനുള്ളത്. അതിനൊരു തെളിവുകൂടിയുണ്ട്. ഈ രണ്ടു കൊല്ലങ്ങൾക്കിടയ്ക്ക് നടപടികളും എടുത്ത കേസ്സുകളൊക്കെ ശരിതന്നെയെന്ന് സ്ഥാപിക്കാൻ വേണ്ടിയാണ്. അന്ന് നിയമം ലംഘിച്ച ആളുകൾക്കെതിരെ എന്തെങ്കിലും നടപടി എടുക്കാൻ ഉദ്ദേശിച്ചുകൂടാ. നടപടി എടുക്കാത്ത ആളുകളുടെ പേരിൽ നടപടി എടുത്തുകൂടാ. എടുത്തവരുടെ നടപടി ശരിതന്നെ എന്നു പറയുന്ന ഒരു സമീപനമാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്. അതിന്റെ അർത്ഥം ഈ നിയമം കർശനമായി പാലിക്കാൻ താൽപ്പര്യം ഉണ്ടായിരുന്നുവെങ്കിൽ നടപടി എടുക്കാൻ വിട്ടുപോയ ആളുകളുടെ പേരിൽ നടപടി എടുക്കാനുള്ള വ്യവസ്ഥയും കൂടി ഉണ്ടാകുമായിരുന്നു. ഇതിനകത്ത് പെനാൽറ്റിക്ലാസ് പറഞ്ഞിട്ടുണ്ട്. രണ്ടു പ്രൊവിസോകളും കൊടുത്തിട്ടുണ്ട്. ആ രണ്ടു പ്രൊവിസോയിലും കോടതിക്ക് വേണമെങ്കിൽ ശിക്ഷിക്കാതിരിക്കാനുള്ള അവകാശവും പറഞ്ഞിട്ടുണ്ട്. അങ്ങിനെ വേണമെങ്കിൽ ശിക്ഷിക്കാതിരിക്കാം എന്നു പറയുന്നത് ഗവൺമെന്റിന്റെ ലക്ഷ്യം കോടതിയെ ബോദ്ധ്യമാക്കുകയും കൂടിയാണ്. അതിൽ യാതൊരു സംശയവുമില്ല അതുകൊണ്ട് എനിക്കു പറയാനുള്ളത് ഈ നിയമം ഇങ്ങനെ പാസ്സാക്കുന്നത് ആളുകളെ ബോദ്ധ്യപ്പെടുത്താൻ വേണ്ടി മാത്രമാണ്. ഗവൺമെന്റിന്റെ സമീപനമാണ് പ്രശ്നം. ഈ ഗവൺമെന്റിന് ആവശ്യസാധനങ്ങൾക്ക് നിയന്ത്രണം ചെലുത്തുന്ന ഒരു സമീപനം ഉണ്ടോ? ഉണ്ടെങ്കിൽ ഗവൺമെന്റിന്റെ പ്രവർത്തനത്തിൽ അത് പ്രതിഫലിച്ചു കാണണം. തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുന്നതിന് ആവശ്യമായ അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കുന്നതിന് ഈ നിയമം സർക്കാർ ഉപയോഗിക്കുന്നുണ്ടോ? ഉദാഹരണത്തിന് കയർ മേഖലയിൽ വ്യവസായ സ്തംഭനം ഉണ്ടാകാതിരിക്കാൻ, പതിനായിരക്കണക്കിന് തൊഴിലാളികളുടെ ജീവിതം മുട്ടിപ്പോകാതിരിക്കാൻ തൊണ്ടു നിയന്ത്രണം ഏർപ്പെടുത്തി. അത് റദ്ദാക്കാനാണ് ഈ സർക്കാർ ശ്രമിച്ചു കൊണ്ടിരിക്കുന്നത്. ഈ സർക്കാർ ഇത്തരം പൊതു നിയന്ത്രണങ്ങൾ ഇഷ്ടപ്പെടുന്നില്ല. സ്വകാര്യ വ്യവസായികളെ സഹായിക്കാനാണ് ഇവർ ഇഷ്ടപ്പെടുന്നത്. കശുവണ്ടി വ്യവസായരംഗത്ത് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി കശുവണ്ടിയുടെ കുത്തക സംഭരണം ഗവൺമെന്റ് ഏർപ്പെടുത്തിയിരുന്നു. അത് സ്വകാര്യ വ്യാപാരികൾക്ക് ലാഭമുണ്ടാക്കാൻ ബുദ്ധിമുട്ടാണെന്നു വന്നപ്പോൾ അത് റദ്ദാക്കിക്കൊണ്ട് ആ മേഖലയിലെ പൊതു നിയന്ത്രണം മാറ്റി സ്വകാര്യ മേഖലയ്ക്ക് സഹായം ചെയ്തു കൊടുക്കുന്ന സമീപനമാണ് ഇവർ എടുത്തത്. അതുപോലെ കൈത്തറി മേഖലയിൽ മില്ലുകളുടെ കടന്നാക്രമണം തടയുന്നതിനാവശ്യമായ സംരക്ഷണം നൽകുന്നതിന് അവർ താല്പര്യമെടുക്കുന്നില്ല. സോഫ്റ്റുവുഡിന്റെ കാര്യം ഇവിടെ പറഞ്ഞു. സോഫ്റ്റുവുഡിനെ ആശ്രയിച്ച് ജീവിക്കുന്ന തൊഴിലാളികളുടെ ജീവിതത്തിന് എന്തെങ്കിലുമൊരു സഹായം ലഭിക്കാൻ പണിലഭിക്കണമെന്നുള്ളതാണ്. ഇവിടെ സോഫ്റ്റുവുഡ് വിതരണം നിയന്ത്രിക്കുന്നതിനു പകരം അതിന്റെ വില വർദ്ധിപ്പിക്കുകയും അത് ലഭ്യമല്ലാതാക്കുകയും ചെയ്തു. അതുപോലെ ഇലക്ട്രിസിറ്റിയുടെ കാര്യം പറഞ്ഞു. അതും ജനങ്ങൾക്ക് ലഭ്യമാക്കാനുള്ള സമീപനമില്ല. കൊല്ലങ്ങളായി വായ്പയെടുത്ത് പമ്പുസെറ്റ്

1 pm

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങിച്ച് വച്ച കൃഷിക്കാരന് ഇലക്ട്രിസിറ്റി കണക്ഷൻ കൊടുക്കാൻ ഈ നിയന്ത്രണവും വിതരണവുമൊക്കെ കൊണ്ടുവന്നിട്ടും ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. പൊതുമേഖലയിലേക്ക് വരുമ്പോൾ നമ്മുടെ നിത്യോപയോഗ സാധനങ്ങളുടെ വിതരണം സംബന്ധിച്ച് പറയുമ്പോഴുള്ള സ്ഥിതി പറയേണ്ട കാര്യമില്ല. അവിടേയും നിലവിലുണ്ടായിരുന്ന പൊതു നിയന്ത്രണം ലംഘിച്ച് സ്വകാര്യമേഖലയെ പ്രോൽസാഹിപ്പിക്കാൻ ശ്രമിക്കുന്നു. സിമന്റ് വിതരണകാര്യത്തിൽ ഗവൺമെന്റിന്റെ നിയന്ത്രണങ്ങളും ചെറുതാക്കിക്കൊണ്ട് സ്വകാര്യമേഖലയെ ഏൽപ്പിച്ച അനുഭവമാണ് നമുക്കുള്ളത്. എന്തിന്, മൊത്തക്കച്ചവടവ്യാപാരംപോലും ഗവൺമെന്റ് ഇതുവരെ സ്വീകരിച്ചിരുന്ന സമീപനത്തിനെതിരായി സ്വകാര്യ ഏജൻസികളെ ഏൽപ്പിച്ചു. സഹകരണമേഖലയിൽ നിന്നുപോലും വ്യതിചലിപ്പിച്ചുകൊണ്ടുള്ള സമീപനമാണ് ഇവർ സ്വീകരിക്കുന്നത്. ഈ രാജ്യത്തെ വില വർദ്ധനവ് തടയാൻ പൊതുമേഖലയിൽ വിതരണത്തിന്റെ ശൃംഖലതന്നെ ഉണ്ടാകുമെന്ന തത്വം ഈ സർക്കാർ അംഗീകരിച്ചു എന്ന് എനിക്ക് തോന്നുന്നില്ല. അതുകൊണ്ടുതന്നെയാണ് വില വർദ്ധിക്കുന്നത്. അവശ്യസാധനങ്ങളും ശേഖരിക്കാനും അത് നിയന്ത്രിതമായ വിലയ്ക്ക് രാജ്യമെങ്ങും ലഭ്യമാക്കാനും ആവശ്യമായ പൊതുവിതരണ മേഖലയുടെ ശൃംഖല വ്യാപിപ്പിക്കാൻ വേണ്ടി ഇടതുപക്ഷജനാധിപത്യമുന്നണി ആരംഭിച്ച പരിപാടികളും മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുന്നതിനുപകരം സ്വകാര്യമേഖലയെ പ്രോൽസാഹിപ്പിക്കുന്ന, അതുവഴി കരിഞ്ചന്ത നടപ്പിലാക്കുന്ന ഏർപ്പാടാണ്. ഈ നിയമത്തിന്റെ ഫലമെന്താണെന്നുവച്ചാൽ ഇങ്ങനെ ഒരു നിയമം ഉണ്ടാക്കുകയും ഈ നിയമത്തിന്റെ ഫലമായി ലഭ്യമാകുന്ന സാധനങ്ങളുംപോലും അവശ്യ സാധനമായി വരികയും അതിന് ഡൗർലഭ്യമുണ്ടാവുകയും അത് കരിഞ്ചന്തയിൽ പോവുകയും അതിന്റെ അടിസ്ഥാനത്തിൽ ലാഭമെടുക്കുകയും ചെയ്യുന്ന കുറെ ആളുകളെ സൃഷ്ടിക്കുക എന്നുള്ളതാണ്. അതുകൊണ്ട് എന്റെ അഭിപ്രായം ഈ നിയമത്തേക്കാളും പ്രധാനം ഈ സർക്കാരിന്റെ സമീപനം മാറണമെന്നുള്ളതാണ്.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്:) സർ, കഴിഞ്ഞ രണ്ടു ദിവസമായി ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർമാർ പരാമർശിച്ച എല്ലാ കാര്യങ്ങളെ സംബന്ധിച്ചും ഞാൻ ഇവിടെ മറുപടിയിൽ പരാമർശിക്കാൻ ആഗ്രഹിക്കുന്നില്ല. സൂര്യനു താഴെയുള്ള ഏതാണ്ട് എല്ലാ കാര്യങ്ങളെക്കുറിച്ചുമുള്ള പരാമർശനം ഈ സഭയിൽ നടന്നു. ഏതാനും പ്രധാനപ്പെട്ട ചില വസ്തുതകളും മാത്രമേ ഞാൻ ഇവിടെ പരാമർശിക്കുന്നുള്ളൂ. ഒന്നാമത് ഇത് ഒരു പുതിയ നിയമമല്ല. 1962-ൽ ഈ നിയമസഭ പാസാക്കി കാലാകാലം നിയമനിർമ്മാണം വഴി പ്രാബല്യകാലം നീട്ടിക്കൊടുത്തുകൊണ്ടിരിക്കുന്ന ഒരു നിയമം വീണ്ടും ഈ സഭ ചർച്ചചെയ്യുന്നു എന്നേയുള്ളൂ. പക്ഷേ ഒരു വ്യത്യാസം ഇതിലുണ്ട്. ഇതുവരെ സഭ പാസാക്കിയ നിയമത്തിൽ ഉണ്ടായിരുന്നത് ടെമ്പററി പവേഴ്സാണ്. ഇതു സ്ഥിരം നിയമമാണ്. ഇതു മാത്രമാണ് ഈ നിയമത്തിൽ പറയാനുള്ളത്. ഈ നിയമം 1962 ജനുവരി 17-ാം തീയതിയാണ് ഒരു താൽക്കാലിക നിയമമെന്നനിലയ്ക്ക് ഇവിടെ പ്രാബല്യത്തിൽ വന്നത്. അത് 1982 ജനുവരി 16-ാം തീയതിവരെ നിലവിലുണ്ടായിരുന്നു. അതിനു ശേഷമാണ് 1982-ൽ ഒന്നാം നമ്പർ ഓർഡിനൻസായി ആദ്യത്തെ ഓർഡിനൻസ് പുറപ്പെടുവിച്ചത്. ആ ഓർഡിനൻസിന് നിയമ പ്രാബല്യം നൽകാതെ ബിൽ 6-ാം നിയമസഭാകാലത്ത് പ്രസിദ്ധീകരിച്ചു. നിയമസഭ പിരിച്ചുവിട്ടതുകൊണ്ട് അത് നിയമമാക്കാൻ കഴിഞ്ഞില്ല. പിന്നീട് 1984 മേയ് 12-ാം തീയതി സ്ഥിരം നിയമം എന്ന

LIBRARY ARCHIVES Kerala Legislative Assembly

നിലയ്ക്ക് ഓർഡിനൻസ് വന്നു. താൽക്കാലിക പവേഴ്സുള്ള എസൻഷ്യൽ ആർട്ടിക്കിൾ നിയമം സ്ഥിരമാകണമെങ്കിൽ ഇൻഡ്യാ ഗവൺമെൻറിൽനിന്ന് അനുമതിയും തുടർന്ന് പല ക്രമീകരണങ്ങളും വേണം. അതുകൊണ്ടാണ് ഒരു ലാപ്സ് വന്നത്. പല മെമ്പർമാരും ഇവിടെ ചൂണ്ടിക്കാണിച്ചു, നമ്മൾ നിയമമാക്കാൻ പോകുന്ന ഓർഡിനൻസ് ഇവിടെ ഇല്ലെന്ന്. പക്ഷേ റൂൾസ് പ്രകാരം ഇതിൽ ഒരു ഡിഫക്റ്റും ഇല്ല. ബഹുമാനപ്പെട്ട ചെയറിൽനിന്നും റൂളിംഗ് ഉണ്ടായതാണ്. കഴിഞ്ഞ നിയമസഭയിൽത്തന്നെ ഇത് ബില്ലാകണമെന്ന് കരുതിക്കൊണ്ട് ബില്ല് സർക്കുലേറ്റ് ചെയ്തു. കഴിഞ്ഞ നിയമസഭയിൽ സർക്കുലേറ്റ് ചെയ്തപ്പോൾ അന്നുണ്ടായിരുന്ന ഓർഡിനൻസ് നമ്പർ 11 ആയിരുന്നു. പക്ഷേ നിയമസഭയ്ക്ക് അതിനുപകരം ബിൽ പാസാക്കാൻ സാധിക്കാത്തതുകൊണ്ട് വീണ്ടും ഓർഡിനൻസ് പുറപ്പെടുവിക്കേണ്ടിവന്നു. ഓർഡിനൻസ് നമ്പർ 11 of 85, 12-8-85-ന് ലാപ്സാകുമായിരുന്നതുകൊണ്ട് 71 of 85 എന്ന ഓർഡിനൻസ് പുറപ്പെടുവിച്ചു. സബ്ജക്റ്റ് കമ്മിറ്റിയിൽവച്ച് ആ ഓർഡിനൻസിൻെറ നമ്പർ തിരുത്താവുന്നതേയുള്ളു.

ശ്രീ. എ. സി. ഷൺമുഖദാസ്: 11 of 85 ആണ് നമ്മൾ റീപ്ലേസ് ചെയ്തത്. 71 of 85-ൻെറ സ്ഥിതി എന്താവും?

Minister for Industries (**Shri E. Ahamed**): It will not be in existence. കാരണം എന്താണെന്നുവച്ചാൽ സബ്ജക്റ്റ് കമ്മിറ്റിയിൽവച്ച് ഓർഡിനൻസിൻെറ നമ്പർ മാറ്റിയാൽ മാത്രം മതി. ഓരോ ഓർഡിനൻസിനും നമ്മൾ അപ്പപ്പോൾ ബില്ലുകൾ വീണ്ടും സർക്കുലേറ്റ് ചെയ്യേണ്ടതില്ല എന്ന തീരുമാനമുണ്ടായി. അതിൻെറ അടിസ്ഥാനത്തിലാണ് അന്നുതന്നെ ഓർഡർ കൊടുത്തത്. സബ്ജക്റ്റ് കമ്മിറ്റിയിൽവച്ച് ഇതിൻെറ ഒരു നമ്പർ മാറ്റാവുന്ന പ്രശ്നമല്ലാതെ.....

ശ്രീ. ബേബിജോൺ: ഇപ്പോൾ ~ ഓഡിനൻസ് നിലവിലുണ്ടോ? അതിൻെറ റീപ്ലേസ്മെൻറാണോ ഈ ബിൽ?

ശ്രീ. ഈ അഹമ്മദ്: അതേ.

ശ്രീ. ബേബിജോൺ: അല്ല. എൻെറ അഭിപ്രായത്തിൽ ഇപ്പോൾ ഒരു ഓർഡിനൻസ് നിലവിലില്ല. അങ്ങേയ്ക്ക് ഒരു ബിൽ അവതരിപ്പിക്കാം, ആ ബിൽ അവതരിപ്പിച്ച് ചർച്ച ചെയ്യാം, ആ ബിൽ പാസാക്കാം. പക്ഷെ ഉണ്ടായിരുന്ന ഒരു ഓർഡിനൻസ് റീപ്ലേസ് ചെയ്യാനെന്നു പറഞ്ഞു. അതിൻെറ ഓബ്ജക്റ്റിൽ പറഞ്ഞിട്ടുണ്ട്, ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറയുന്നു, ഇത് നിലവിലുള്ള ഒരു ഓർഡിനൻസ് റീപ്ലേസ് ചെയ്യാനുള്ള ഒരു ബിൽ അല്ല. ആ ഓർഡിനൻസ് ലാപ്സായിപ്പോയി. ഭരണഘടനയിലെ 213 ഞാൻ വായിക്കാം.

An Ordinance promulgated under this article shall have the same force and effect. But every such Ordinance shall be laid before the Legislative Assembly of the State, or where there is a Legislative Council in the State, before both the Houses, and shall cease to operate at the expiration of six weeks from the reassembling of the Legislature.

Minister for Industry (**Shri E. Ahamed**): We have not yet completed six weeks. Now we are making it to be.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബീ ജോൺ: ഏപ്രിൽ മാസത്തിൽ ഓർഡിനൻസ് കൊണ്ടു വന്നു. ജൂലൈ മാസത്തിൽ സമ്മേളനം നടന്നു. ജൂലൈ 31-ാം തീയതി വരെ ഉണ്ടായിരുന്നു. ഇപ്പോൾ സെപ്റ്റംബർ 3-ാം തീയതി തുടങ്ങി. ആറാഴ്ചയായില്ല?

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട ബേബീജോണിനോട് എനിക്ക് പറയാനുള്ളത്, ഒരു നിയമസഭയിൽ അവതരിപ്പിക്കാൻ കഴിയാത്തപ്പോൾ, നിയമമാക്കാൻ കഴിയാത്തപ്പോൾ അത് ലാപ്സാകുമ്പോൾ വീണ്ടും പുറപ്പെടുവിക്കുന്നു. അതാണ് ഞാൻ പറഞ്ഞത് 71 of 85 is there. Ordinance 11/85-നു പകരമുള്ള ബിൽ നിയമസഭ പാസാക്കണമെന്ന സദുദ്ദേശത്തോടുകൂടി സർക്കുലേറ്റ് ചെയ്തു. അത് സർക്കുലേറ്റ് ചെയ്തുകഴിഞ്ഞെങ്കിൽപോലും കഴിഞ്ഞ നിയമസഭയിൽ ബില്ലാക്കാൻ കഴിഞ്ഞില്ല. ബില്ലാക്കാൻ കഴിയാഞ്ഞപ്പോൾ ആറാഴ്ചപ്രകാരം അതു ലാപ്സായതുകൊണ്ട് വീണ്ടും ഓർഡിനൻസ് പുറപ്പെടുവിച്ചു. അതാണ് ഓർഡിനൻസ് 71 ഓഫ് 85. 71 ഓഫ് 85 12-8-85-ൽ നിലവിൽവന്നു. ഇവിടെ നമ്മൾ എല്ലാവരും അംഗീകരിച്ച ഒരു തത്വമനുസരിച്ച്, പ്രൊസീഡ്യുവറിന് വിരുദ്ധമല്ലാത്ത നിലയ്ക്ക് വീണ്ടും 71 ഓഫ് 85 എന്നുള്ള ഓർഡിനൻസ് അച്ചടിച്ചിട്ടില്ലാത്തതിനുപകരം നേരത്തെ അച്ചടിച്ച അതേ ബില്ല് I am speaking about the Bill-Contents-ൽ ഒരൊറ്റ മാറ്റമേയുള്ളു. 11 ഓഫ് 85, 71 ഓഫ് 85 ആക്കണമെന്നുള്ള മാറ്റം. ആ മാറ്റമാണ് ഞാൻ പറഞ്ഞത്; സബ്ജക്റ്റ് കമ്മിറ്റിയുടെ ലവലിൽ പറ്റുമെന്ന്. അതാണ് ഞാൻ പറഞ്ഞത് ഇതിൽ അപാകതയൊന്നുമില്ല. It is perfectly in order.

മി. സ്പീക്കർ: അത് ഇന്നലെത്തന്നെ ചർച്ച ചെയ്യാമെന്ന് ചെയർ പറഞ്ഞുകഴിഞ്ഞതാണല്ലോ?

ശ്രീ. ഇ. അഹമ്മദ്: സർ, 1955-ൽ എസൻഷ്യൽ കമ്മോഡിറ്റീസ് ആക്റ്റ് എന്ന കേന്ദ്രനിയമം വന്നു. ആ കേന്ദ്രനിയമത്തിൽ വ്യക്തമായി എസൻഷ്യൽ കമ്മോഡിറ്റീസ് എന്താണെന്ന് പറഞ്ഞിട്ടുണ്ട്. ''എസൻഷ്യൽ കമ്മോഡിറ്റീസ്'' എന്താണെന്ന് 1955-ൽ കേന്ദ്രഗവൺമെന്റ് പാർലമെന്റിൽ പാസാക്കിയ എസൻഷ്യൽ കമ്മോഡിറ്റീസ് ആക്റ്റിൽ പറഞ്ഞിട്ടുണ്ട്. ആ എസൻഷ്യൽ കമ്മോഡിറ്റീസ് ആക്റ്റിൽ പറയാത്തതായ, അതിൽ ഉൾക്കൊള്ളിക്കാത്തതായ വല്ല കമ്മോഡിറ്റിയും ഇവിടെ നിയന്ത്രിക്കണമെന്ന് ഗവൺമെന്റിന് ആഗ്രഹമുണ്ടെങ്കിൽ, ആവശ്യമാണെങ്കിൽ അത് എസൻഷ്യൽ ആർട്ടിക്കിൾസ് ഓർഡർ പ്രകാരം നിയന്ത്രിക്കാനുള്ള ഒരു അധികാരം, ഗവൺമെന്റിന് കൊടുക്കുന്ന നിയമമാണ്. കേന്ദ്ര ഗവൺമെന്റ് ഉൾക്കൊള്ളിച്ചിട്ടുള്ളത് ഇവിടെ നമുക്ക് വീണ്ടും നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ സാദ്ധ്യമല്ല. ചില ബഹുമാനപ്പെട്ട മെമ്പർമാർ ഹസ്സിനെ സംബന്ധിച്ച് ഇവിടെ ചൂണ്ടിക്കാണിച്ചതുകൊണ്ടാണ് ഞാൻ പറഞ്ഞത്, കേന്ദ്രനിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് സംസ്ഥാന നിയമത്തിൽ വീണ്ടും ഉൾക്കൊള്ളിക്കാൻ സാദ്ധ്യമല്ലായെന്ന്. അതുതന്നെയാണ് ഈ ബില്ലിലുള്ള ക്ലാസ്-2-ൽ പ്രത്യേകിച്ച് പറയുന്നത്. എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ടിന്റെ പരിധിയിൽ വരാത്ത വല്ല വസ്തുവും ഉൾക്കൊള്ളിക്കണമെങ്കിൽ അതിന് സംസ്ഥാനഗവൺമെന്റിന് അധികാരം കൊടുക്കുന്ന ഒരു നിയമമാണ് ഇത്. 1962 മുതൽ ഇതഃപര്യന്തം ഉണ്ടായിരുന്നത് താൽക്കാലിക അധികാരമാണെങ്കിൽ എല്ലായ്പ്പോഴും ഗവൺമെന്റിന് ആവശ്യമാണെന്ന് തോന്നുമ്പോൾ, എസൻഷ്യൽ കമ്മോഡിറ്റീസ് ആക്റ്റിൽ സ്പെസിഫൈ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാത്ത ഏതെങ്കിലും ഒരു കമ്മോഡിറ്റി ഒരു എസൻഷ്യൽ ആർട്ടിക്കിളായി ഇവിടെ പ്രഖ്യാപിക്കാനുള്ള അധികാരമാണ് ഈ നിയമപ്രകാരം ലഭ്യമാകുന്നത്. സംസ്ഥാനഗവൺമെൻറിന്റെ വിവിധ ഡിപ്പാർട്ടുമെൻറുകൾക്ക് മേൽപറഞ്ഞ വിധത്തിലുള്ള ഒരു സാധനത്തിന്റെ ഉൽപ്പാദനമോ, വിതരണമോ, വ്യാപാരമോ നിയന്ത്രിക്കണമെങ്കിൽ അതിന് അധികാരം നൽകുന്ന ഒരു നിയമമാണ് ഇത്. അത് 1962-ൽ നിലവിൽ വന്നതായിരുന്നു. അതിനു ശേഷംതന്നെ എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞത് മൂന്നു വസ്തുക്കൾ എസൻഷ്യൽ ആർട്ടിക്കിൾസായിട്ട് പ്രഖ്യാപിച്ചതായിട്ടാണ്. ഒന്ന് 1977-ൽ, 21-4-1977-ൽ ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറ് തോട്ടണ്ടി എസൻഷ്യൽ കമ്മോഡിറ്റിയായി പ്രഖ്യാപിച്ച ഈ നിയമപ്രകാരം. പക്ഷേ സുപ്രീംകോടതി അത് അസാധുവായി പ്രഖ്യാപിച്ചു. സർ, ബഹുമാനപ്പെട്ട പല മെമ്പർമാരും പറഞ്ഞപ്പോൾ ഇവിടെ സോഫ്റ്റ് വുഡ്ഡിനെ സംബന്ധിച്ചു പറഞ്ഞു. ബഹുമാനപ്പെട്ട മോർഗ്ഗവിതങ്കപ്പനാണെന്നു തോന്നുന്നു, എന്തിനാണ് നിങ്ങൾ സോഫ്റ്റ് വുഡ്ഡിനെ എസൻഷ്യൽ ആർട്ടിക്കിൾ ആയി ഉൾക്കൊള്ളിച്ചത് എന്നു ചോദിച്ചു. അത് ആവശ്യമായിരുന്നു. 1981-ൽ അന്നത്തെ ഗവൺമെൻറ് പ്രഖ്യാപിച്ചതാണ്. ഇങ്ങനെ പ്രഖ്യാപിക്കുമ്പോൾതന്നെ ഇതിന്റെ അധികാരങ്ങളെപ്പറ്റിയും അവകാശങ്ങളെ സംബന്ധിച്ചും ഉള്ള ചില പ്രത്യേക വസ്തുതകൾ വേണമെന്ന് ബഹുമാനപ്പെട്ട സുരേന്ദ്രനാഥ് പറഞ്ഞു. അത് ആവശ്യമില്ല. കാരണം, എസ്. ആർ. ഒ. സ്പെഷ്യൽ റൂൾസ് പുറപ്പെടുവിക്കുമ്പോൾതന്നെ അത് അങ്ങനെ നടപ്പിലാക്കണമെന്ന് വ്യക്തമായ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കും. വ്യക്തമായ വ്യവസ്ഥകൾ അതിൽ ഉള്ളതുകൊണ്ട് അതിനായി പ്രത്യേകിച്ച് നിയമത്തിൽ ഒന്നും പറയേണ്ടതില്ല. ഉദാഹരണമായി ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറ് സോഫ്റ്റ് വുഡിലെ സ്പീഷീസ് ഓഫ് ട്രൈവുഡ്, എസൻഷ്യൽ ആർട്ടിക്കിളായി പ്രഖ്യാപിക്കുകയും അതിന്റെ മൂവ്മെൻറിനെ സംബന്ധിച്ച് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. നിയന്ത്രണങ്ങൾ എന്തെന്നും നിയമപ്രകാരമുള്ള നടപടികൾ നടപ്പിലാക്കുന്നതിന് അധികാരമുള്ള ഉദ്യോഗസ്ഥൻമാർ ആരായിരിക്കുമെന്നും അതതു റൂൾസിൽ പ്രത്യേകം പ്രത്യേകമായിട്ട് പറയാറുണ്ട്. ഉദാഹരണമായി, ഈ സോഫ്റ്റ് വുഡിനെ സംബന്ധിച്ചുതന്നെ പുറപ്പെടുവിച്ച ഗവൺമെൻറ് ഉത്തരവിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്, കോമ്പീറ്റൻറ് അതോറിറ്റി ആരാണ് എന്ന്. Any officer of the Department of Industry or Commerce, not below the rank of a District Industries Officer അതുപോലെതന്നെ ഒരു Forest Officer, not below the rank of Tahsildar or any officer of the Agricultural Income Tax and Sales Tax Department, not below the rank of Sales Tax Inspector or any officer of the Civil Supplies Department, not below the rank of the Rationing Officer, if it is a Police Officer..... ....കേസ് കണ്ടുപിടിച്ചു കഴിഞ്ഞാൽ നടപടി എടുക്കേണ്ട ഉദ്യോഗസ്ഥൻമാർ ആരായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗവൺമെൻറിന്റെ ഓർഡർ അനുസരിച്ച് അതതു ഡിപ്പാർട്ടുമെൻറിന് അതു ചെയ്യാം. അതിന് യാതൊരു തടസ്സവുമില്ല. അപ്പോൾ നിയമമെന്നുള്ളത് ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം എസൻഷ്യലല്ലാതെ എസൻഷ്യൽ ആർട്ടിക്കിളായി പ്രഖ്യാപിച്ചുകൊണ്ട് ഒരു സാധനത്തിൻമേൽ നിയന്ത്രണം ഏർപ്പെടുത്താൻ അവകാശവും അധികാരവും കൊടുക്കുന്ന ഒരു നിയമമാണ്. അല്ലാതെ ഇതിൽ പ്രത്യേകമായ ഒന്നും കൂട്ടിച്ചേർത്തിട്ടില്ല.

ബഹുമാനപ്പെട്ട തങ്കരാജാണെന്നു തോന്നുന്നു ചോദിച്ചു, ഇതിൽ ഒരു saving clause വച്ചിട്ടുണ്ടോ എന്ന്. ക്ലാസ് 15 നോക്കണം. നിയമം നിലവി

LIBRARY ARCHIVES Kerala Legislative Assembly

ലില്ലാതിരുന്ന കാലത്ത് ഏതെങ്കിലും ഒരു ആളിനെ ശിക്ഷയ്ക്കു വിധേയമാക്കിയിട്ടുണ്ടെങ്കിൽ, വിധേയമാക്കാനുള്ള നടപടിയുണ്ടെങ്കിൽ അത് പാടില്ലെന്നാണ്. ഈ നിയമം കഴിയുന്നത്ര കുറച്ചുമാത്രമാകേണ്ടതാണ് ആവശ്യമാണ്. ഭരണഘടനാപരമായി നിലവിലുള്ള നിയമം വയലേറ്റ് ചെയ്തിട്ടുണ്ടെങ്കിൽ മാത്രമേ ഒരു പൗരനെ ശിക്ഷിക്കാൻ പാടുള്ളൂ നേരേമറിച്ച് 1982 മുതലുള്ള കാലയളവിൽ, നിയമം നിലവിലില്ലാതിരുന്ന കാലത്ത് അത് ഉണ്ടെന്നുള്ള നിലയ്ക്ക് ഏതെങ്കിലും ഒരാളിനെ ശിക്ഷയ്ക്കു വിധേയമാക്കിയിട്ടുണ്ടെങ്കിൽ അത് പാടില്ല. Substantial complaints of natural justice എന്നുള്ള നിലയ്ക്ക് മാത്രമേ പാടുള്ളൂ. അതോടൊപ്പംതന്നെ validation provision ഉൾക്കൊള്ളിച്ചിട്ടുണ്ട്. രണ്ടു വ്യവസ്ഥകളാണ് അതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഒന്ന് ഈ നിയമം നിലവിലില്ലാത്തപ്പോൾ ഉത്തമവിശ്വാസത്തോടുകൂടി എടുത്ത നടപടികൾക്ക് അംഗീകാരം കൊടുക്കുന്നു. രണ്ട് retrospective effect കൊടുക്കുന്നു. രണ്ടാമത്തേത് ഗ്യാപ് നികത്തുന്നതിനുവേണ്ടി മാത്രമുള്ളതാണ്. ബഹുമാനപ്പെട്ട കെ. വി. സുരേന്ദ്രനാഥ് ചോദിച്ചു, ആരുടെ പേരിലെങ്കിലും നടപടിയെടുത്തിട്ടുണ്ടോയെന്ന്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ ചില പ്രോസിക്യൂഷൻ നടപടികൾ കോടതിയിൽ ഉണ്ട്. അങ്ങനെ ചില നടപടികൾ ചില ഡിപ്പാർട്ടുമെന്റുകൾ പല ഘട്ടങ്ങളിലായി എടുത്തിട്ടുണ്ടാകും.

സിവിൽ സപ്ലൈസ് കോർപ്പറേഷനെപ്പറ്റിയും സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിനെപ്പറ്റിയും ഇവിടെ പലരും പറഞ്ഞു. അതിനൊക്കെ വകുപ്പുമന്ത്രി ഇതേ സഭാതലത്തിൽവെച്ച് നിരവധി തവണ മറുപടി പറഞ്ഞതാണ്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ച്, അതുപോലെതന്നെ വ്യവസായത്തെ സംബന്ധിച്ച്, കാർഷിക പരിഷ്കരണത്തെ സംബന്ധിച്ച്—അതൊന്നും ഈ ചർച്ചയിൽ പൊന്തിവരേണ്ടതല്ല. എന്തായാലും ഒരു ബഡ്ജറ്റ് ചർച്ച പോലെ ഇപ്പോൾ നടന്നു. ഇനിയും ഇത് സബ്ജക്റ്റ് കമ്മിറ്റിയുടെ മുമ്പിൽ പോയി, വീണ്ടും ഈ നിയമസഭയിൽ നമുക്ക് ചർച്ച ചെയ്യേണ്ടതല്ല. അതുകൊണ്ട് എല്ലാ പ്രശ്നങ്ങളും ചർച്ചയ്ക്ക് വിധേയമാക്കണമെന്ന് എനിക്ക് തോന്നുന്നില്ല. വളരെ ചെറിയ ഒരു നിയമം, നിലവിലുണ്ടായിരുന്ന ഒരു നിയമം, പണ്ട് താല്ക്കാലികം ഇപ്പോൾ സ്ഥിരം, അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും വിനിയോഗിച്ച ഒരു നിയമം ഇത് ഇപ്പോൾ ഞാൻ കൊണ്ടുവരുന്നു എന്ന് മാത്രമേയുള്ളൂ. അതുകൊണ്ടാണ് എല്ലാ പേരും ഏകകണ്ഠമായി ഇതിനെ അനുകൂലിച്ചത്. ഇതിൽ എനിക്ക് പറയാനുള്ളത് ഈ നിയമം കൊണ്ടുവരുന്നതിന്റെ പിന്നിലുള്ള ഗവൺമെന്റിന്റെ സദുദ്ദേശം, ആ നിലയ്ക്ക് കാണണമെന്ന് മാത്രമാണ്. 1962 മുതലുള്ള ഒരു നിയമം അത് സ്ഥിരമാക്കാനും അത് നില നിന്നതുകൊണ്ടുള്ള ദോഷം ഇല്ലാതാക്കാനുമുള്ള വ്യവസ്ഥകൾ മാത്രമേ ഇതിൽ ഉള്ളൂ. വേറെയൊന്നുമില്ല. അതുകൊണ്ട് ഇത് സബ്ജക്ട് കമ്മിറ്റിക്ക് റഫർ ചെയ്യണമെന്നുള്ള പ്രമേയം പാസ്സാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഇത് വളരെ വിഷമത്തോടുകൂടി ഞാൻ പറയുകയാണ്. ഇവിടെ ഞങ്ങൾക്കൊക്കെ തന്ന ഒരു ബിൽ ഉണ്ട്. അതിൽ എഴുതിയിരിക്കുന്നത് the Bill seeks to replace Ordinance 11 of 1985 എന്നാണ്. ഇത് ഇന്നലെ ഞാൻ ഉന്നയിച്ചതല്ല. ഇന്ന് അങ്ങ് എന്നെ അനുവദിച്ചില്ല. ശ്രീ. സീതിഹാജി കയറി ഒരു അഭിപ്രായം

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു. ഞാൻ മിണ്ടിയില്ല. എന്നു കരുതി ആ തെറ്റ് തിരുത്താതിരിക്കാമോ? ഇന്നലെ രാവിലെ ഞാൻ പറഞ്ഞപ്പോഴും അങ്ങ് സമ്മതിച്ചില്ല. രണ്ടാമതായി ശ്രീ. സീതിഹാജി രാവിലെ കയറിയിരുന്ന് റൂളിംഗ് പാസ് സാക്കി, ഞാൻ വിട്ടു. ഇപ്പോഴും പറയുന്ന പ്രശ്നം എന്താണെന്ന് ചോദിച്ചാൽ നമ്മുടെ നിയമസഭാ ചട്ടങ്ങളും അനുസരിച്ച്—

"Whenever a Bill seeking to replace an Ordinance....."

75-ൽ ഒരു ചട്ടം ഉണ്ട്. അങ്ങനെ 75 അനുസരിച്ചുള്ള ചട്ടമായിട്ടാണ് നമ്മളും ഈ ബിൽ ഇൻട്രൊഡ്യൂസ് ചെയ്തിരിക്കുന്നത്. അതനുസരിച്ചാണെങ്കിൽ 76-ൽ ആണ് സബ്ജക്ട് കമ്മിറ്റി തുടങ്ങിയുള്ള കാര്യങ്ങളും വരുന്നത്. ഓർഡിനൻസ് ബില്ലായി ഇൻട്രൊഡ്യൂസ് ചെയ്യാൻ വേണ്ടിയിട്ടുള്ളതാണ് ചട്ടം 75. പ്രഷ് ആയിട്ട് ഒരു ബിൽ അവതരിപ്പിക്കേണ്ടതിന്റെ രൂപം അതല്ല. ഇതിനൊക്കെ നമ്മളും വിസ്തരിച്ച് ഇരിക്കണമെന്നു പറഞ്ഞാൽ ഞാൻ ഇരിക്കാം, അങ്ങ് അങ്ങനെ ചെയ്യരുത്. നിയമനിർമ്മാണം നിയമമായിട്ട് നമ്മളും നിർമ്മിക്കേണ്ടേ? അങ്ങ് ഇതിൽ കോപിക്കരുത്. അങ്ങ് ഇംപേഷ്യൻറാകരുത്.

മി. സ്പീക്കർ: ഞാൻ കോപിക്കുന്ന പ്രശ്നമില്ല, ചില സമയത്ത് ഇംപേഷ്യൻറാകാതെ നിവൃത്തിയില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഇതിൽ നമ്മെയെല്ലാം ഗവേൺ ചെയ്യുന്ന വകുപ്പ് ഏതാണെന്ന് പറഞ്ഞാൽ ആർട്ടിക്കിൾ 213 ഓഫ് ദി കോൺസ്റ്റിറ്റ്യൂഷൻ. ആർട്ടിക്കിൾ 213 ഓഫ് ദി കോൺസ്റ്റിറ്റ്യൂഷൻ മാൻഡേറ്ററിയാണ്. ഞാൻ പറയുന്നത് ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിൽ എതിരില്ല, അങ്ങ് ദയവായി ഈ കാര്യത്തിൽ ഒരു തീരുമാനമെടുക്കണം.

മി. സ്പീക്കർ: അങ്ങ് പോയിൻറ് പറഞ്ഞു കഴിഞ്ഞു. ശ്രീ. ബേബിജോണും പറഞ്ഞ പോയിൻറ് അതുതന്നെയാണ്. ഇത് സംബന്ധിച്ച് ഇത്ര സങ്കീർണ്ണതയിലേക്ക് പോകേണ്ട പ്രശ്നം വരുന്നില്ല. കാരണം ഈ ബിൽ 14-7-1985-ന് സർക്കുലേറ്റ് ചെയ്തതായിരുന്നു. അന്ന് ഇത് സംബന്ധിച്ച ഓർഡിനൻസ് 11/85 ആയിട്ടാണ് നിലവിലുണ്ടായിരുന്നത്. പിന്നെ നിയമസഭ കൂടി ആറ് ആഴ്ച കഴിയുമ്പോഴും ഓർഡിനൻസ് ലാപ്സാകാമെന്നുള്ളതുകൊണ്ടുതന്നെയാണ്. അതിനുശേഷം 11/85-ലെ ഓർഡിനൻസ് ലാപ്സായി. അപ്പോഴാണ് അത് വീണ്ടും 71/85 ആയിട്ട് ഓർഡിനൻസായി പ്രഖ്യാപിച്ചത്. ഈ രണ്ട് ഓർഡിനൻസുകളിലും ഒരേ വ്യവസ്ഥകളാണുള്ളത്. ഇതിനെ സംബന്ധിച്ച കാക്ഷൻസ് സബ്ജക്ട് കമ്മിറ്റിയിൽ വരുത്താവുന്നതേയുള്ളൂ. ഇതിൽ വേറെ പ്രശ്നമൊന്നുമില്ല.

ശ്രീ. കെ. ശങ്കരനാരായണപിള്ള അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

1985-ലെ കേരളാ അവശ്യസാധന നിയന്ത്രണബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച 4-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. ബിൽ 4-ാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): 31-7-1985-ൽ 1974-ാം നമ്പർ അൺസ്റ്റാർഡ് ക്വസ്റ്റ്യന് നൽകിയ മറുപടിയിൽ അൽപ്പം പിശക് പറ്റുകയുണ്ടായി. അത് കറക്ട് ചെയ്തുകൊണ്ട് നിയമസഭയുടെ അനുമതിയോടുകൂടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു. *

മി: സ്പീക്കർ: ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും 9-9-1985-ന് രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1985 സെപ്തംബർ 9-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.28-ന് പിരിഞ്ഞു.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly